# ഗോദവർമ്മാ

(ഒരു ചരിത്രാഖ്യായിക.)

ഒന്നാം ഭാഗം.

1848
1568



DEPOT,

കെ. [illegible]മൻ. നമ്പ്യാർ.

24

14

42

# GODA VARMA

## PART I.

1878

WITH AN INTRODUCTION BY
V. K. RAMAN MENON M. A., Bar-at-Law,
INSPECTOR OF SCHOOLS, MALABAR DISTRICT.

BY
K. RAMAN NAMBIAR.

Printed & Published by
BHARATHAVILASAM PRESS & BOOK-DEPOT,
TRICHUR, (Cochin State.)

1947.

Price Re. 1_0_0]        [ONE RUPEE.

(Copy Right Reserved)

24

1878

# മുഖവുര.

ഈ പുസ്തകത്തിന്റെ മുഖവുരയായി രണ്ടുവാക്കു് പറയേണമെന്നു ഗ്രന്ഥകൎത്താവു് അഭിപ്രായപ്പെട്ടതനുസരിച്ചു കുറച്ചൊന്നെഴുതുന്നു.

ഈ പുസ്തകം ഒരു ഇംഗ്ലീഷ്കഥയുടെ അനുകരണമെന്നു് ഗ്രന്ഥകൎത്താവു് ആദ്യംതന്നെ പറഞ്ഞിട്ടുള്ളതല്ലാതെ ഈ കഥ വായിച്ചുനോക്കുമ്പോൾ അന്യഭാഷയുടെ യാതൊരു സ്വാദും അതിൽ കാണുന്നില്ല. കഥാവിഷയം പൂൎവ്വകാലത്തു് കേരളത്തിൽ നടന്ന ഒരു പ്രസിദ്ധകാലത്തിലാണു് നടക്കുന്നതു്. അവരോധസമയത്തു ചെയ്ത ശപഥങ്ങൾക്കു് വിപരീതമായി പെരുമാറ്റം നടക്കുകയും അതിനാൽ ഒരു ബ്രാഹ്മണൻ വീരഹത്യാപാപം സഹിച്ചു് രാജാവിനെ വധിക്കുയുംചെയ്ത കഥ കേരളത്തിലെ ചരിത്രത്തിൽ പ്രസിദ്ധമായിട്ടുള്ള സംഗതിയാണു്. ഇപ്രകാരം സചിവായത്തതയെ ധിക്കരിച്ചു നടന്ന രാജാവിനെ ശിക്ഷിച്ചു തളിയാതിരിയുടെ വംശത്തിലെ ശാഖകൾ ഗ്രന്ഥകൎത്താവിന്റെ സ്വദേശത്തിന്നു് അടുത്തു് ഇപ്പോഴും നിലനിന്നുപോരുന്നുണ്ടു്. ഇത്രത്തോളം വാസ്തവകഥയാണു് അടിസ്ഥാനമാക്കീട്ടുള്ളതു്. പിന്നീടുള്ള ഭാഗം കവിനിൎമ്മിതമാണെങ്കിലും യഥാൎത്ഥഭാഗത്തോടു പാലും വെള്ളവും എന്നപോലെ യോജിച്ചു് ചേൎത്തിട്ടുണ്ടു്. പുരാതനകാലത്തു നടന്നപോലെയാണു് വിവരിച്ചിട്ടുള്ളതു്. നായികയായ രുഗ്മിണിയെ ഇന്ദുലേഖയുടെ ഒരു സഖിയായി ഗണിക്കാം. അവളുടെ

നിലയും തന്റേടവും യുവാക്കന്മാരോടുള്ള പെരുമാറവും ആധുനികപാശ്ചാത്യയുവജനങ്ങളെ ഓൎമ്മപ്പെടുത്തുന്നു. പിന്നെ തമ്പുരാന്റെ കൌശലങ്ങളും തന്ത്രങ്ങളും ഐരോപ്യഭാഷകളിൽ എഴുതിവരുന്ന Detective tales പോലെയാകുന്നു.

ഇനി ഒരവസരത്തിൽ ഗ്രന്ഥകൎത്താവു് പുരാതനകേരളചരിത്രപുരുഷന്മാരെ കൂടി ഘടിപ്പിച്ചു് അക്കാലങ്ങളിലെ സമ്പ്രദായഭേദങ്ങളെ വാസ്തവത്തിൽ കാണിക്കുന്ന ഒരു ആഖ്യായിക എഴുതിക്കാണുവാൻ ആഗ്രഹിക്കുന്നു.

24—4—'22. V. K. RAMAN MENON.

# ഭഗാദവർമ്മാ

## I

പെരുമാക്കന്മാരുടെ വാഴ്ച തുടങ്ങുന്നതിനു മുമ്പു, കേരളം ഭരിച്ചിരുന്നതു നമ്പൂതിരിമാരായിരുന്നുവല്ലോ. ഭരണാധികാരം ബ്രാഹ്മണസംഘത്തിൻെറ അധീനതയിലായതിന്നുശേഷം അധികകാലങ്ങളോളം ആശാസ്യമായ സമ്പ്രദായത്തോടുകൂടിത്തന്നെയാണു് ഭരണം നിറവേററിവന്നിരുന്നതു്. സംഘത്തിൻെറ സർവ്വതോമുഖമായ ഭരണപരിഷ്കാരം അക്കാലങ്ങളിൽ പ്രജാസമൂഹത്തിന്നു് അഭ്യുദയത്തേയും, ക്ഷേമത്തേയും അടക്കി വർദ്ധിപ്പിച്ചിരുന്നു. ഭൂമിയുടെ ഉടമ, നികുതിപിരിവു്, സൈനികനിയമം, വിദ്യാഭ്യാസം, ധനവിനിമയം തുടങ്ങിയ വിഷയങ്ങളിൽ സംഘം വിശേഷതയോടുകൂടിയ വ്യവസ്ഥകൾ ചെയ്തു. കലഹകാലങ്ങളിൽ പൌരമുഖ്യന്മാർ സൈനികവകുപ്പുകളിൽ ചേൎന്നു രാജ്യരക്ഷയ്ക്കു സന്നദ്ധരായിക്കൊള്ളണമെന്നു്, ഇന്നു പാശ്ചാത്യസാമ്രാജ്യങ്ങളിൽ ഉണ്ടെന്നു നാമറിയുന്ന രാജനിബന്ധന, നമ്മൾക്കു് എത്രയോ മുമ്പുണ്ടായിരുന്ന ചട്ടത്തെ സംസ്കരിച്ചിട്ടുള്ളതാണെന്നേ വിചാരിപ്പാനുള്ളു.

എന്നാൽ കാലാന്തരത്തിൽ ബ്രാഹ്മണർതന്നെ രണ്ടു യോഗങ്ങളായി പിരിഞ്ഞു. കാലാവധി നിശ്ചയിച്ചു മാറി മാറി ഓരോ യോഗത്തിൽനിന്നും ഭരണാധികാരസമിതിയിലേയ്ക്കു് അംഗങ്ങളെ തിരഞ്ഞെടുത്തു. "ഓരോ ഭരണസംഘത്തിൻെറയും അധികാ

രാവസിതി ഓരോ പന്തീരാണ്ടിന്നുശേഷം” എ ന്നൊരു കാലക്ലപ്തിയും ചെയ്തിട്ടുണ്ടായിരുന്നു. അ ങ്ങനെ കുറെ ചെന്നപ്പോൾ പിൻവാഴ്ചക്കാരായ ഇരു യോഗങ്ങളിലുമുള്ള ഭരണാംഗങ്ങളുടെ സ്വഭാവവ്യ ത്യാസം നിമിത്തം ചിലർ സ്വതന്ത്രത കാണിക്കുക യും സ്വന്തയോഗത്തിൻെറ മാത്രം ക്ഷേമത്തിന്നോ സ്വാത്ഥപൂരണത്തിന്നോ വേണ്ടി അധികാരത്തെ വിനിയോഗിക്കുകയും ചെയ്തുതുടങ്ങി.

അവസാനം വാണ സഭയുടെ അധികാരകാലം അവസിതമായപ്പോൾ, “മേലിൽ ഭരണത്തിന്നു ഗ ണ്യമായ ഒരു സമ്പ്രദായഭേദംവരുത്തണ”മെന്നു പൌ രജനങ്ങളിൽ പ്രബലമായ ഒരഭിപ്രായം പ്രചരിച്ചു. അപ്രകാരം ഒരുടച്ചുവാൎപ്പിന്നു, പൌരന്മാർ സമ്മേളി ക്കുവാൻ, തിരഞ്ഞെടുക്കപ്പെട്ട സ്ഥലം തിരുനാവാ യ നദിക്കരെയായിരുന്നു. അവിടെവെച്ചു കൂടിയ പൌ രമഹായോഗത്തിൽ ബഹുനായകത്വത്തെ ത്യജിച്ച് രാജ്യം ഏകനായകത്വത്തിന്നധീനതയിലാക്കുവാൻ തീച്ചപ്പെടുത്തി.

ഈ സഭാനിശ്ചയമനുസരിച്ചു പരദേശികന്മാ രായ പെരുമാക്കന്മാരെ ക്ഷണിച്ചുവരുത്തി, കേരള ത്തിൻെറ ഭരണാധികാരം അവരിൽ സമൎപ്പിച്ച് അവരെ വാഴിച്ചു. ബ്രാഹ്മണർ ആ അവസ ത്തിലും തങ്ങൾക്കുള്ള ബലം കുറഞ്ഞുപോകാതിര പ്പാൻ അവരോധസമയത്തു പെരുമാക്കന്മാരെക്കൊ ണ്ടു അനേകം പ്രതിജ്ഞകൾ ചെയ്യിച്ച് അവരെ ശൃംഖലിതന്മാരാക്കി നിൎത്തി.

പെരുമാക്കന്മാർ ഓരോരുത്തരായി കേരളത്തി ലെ രാജ്യഭാരം തുടങ്ങി. ഇവരിൽ ഭൂതരായപെരു

മാരം അതിവിദഗ്ദ്ധനും, ഒരു സ്വതന്ത്രമനസ്കനും ആയിരുന്നു. അദ്ദേഹം സചിവായത്തതയെ ധിക്കരിച്ചു ഭരണവിഷയങ്ങളിൽ സ്വതന്ത്രതയെ സ്വീകരിച്ചു. ബ്രാഹ്മണൎക്കു അതുനിമിത്തം കഠിനമായ വൈരസ്യം ജനിച്ചു. അവരോധാവസരത്തിൽ അവരോടു ചെയ്ത പ്രതിജ്ഞകൾപോലും പെരുമാൾ ഓരോന്നോരോന്നായി ലംഘിച്ചു നടപ്പാൻ തുടങ്ങി. പെരുമാളുടെ ഔദ്ധത്യം നിമിത്തം നിരാശന്മാരായിത്തീൎന്ന ബ്രാഹ്മണർ ഒടുവിൽ 'വീരഹത്യ'യെന്ന സാഹസകൃത്യത്താൽ വൈരശുദ്ധി വരുത്തുകതന്നെ ചെയ്തു. അത്ര കഠിനമായ കൃത്യംകൊണ്ടുപോലും സാഹസോദ്യോഗത്തിൽനിന്നു് അവർ വിരമിച്ചില്ല. വധിക്കപ്പെട്ട പെരുമാളുടെ ദായാദനായ "ഉദയസേനൻ" എന്ന യുവപ്പെരുമാളെ, ബ്രാഹ്മണപക്ഷക്കാർ "രാജ്യത്തിന്റെ അനന്തരാവകാശി" എന്ന സ്ഥാനിമിത്തം ബലേന പിടിച്ചു കാരാഗൃഹത്തിൽ നിവസിപ്പിച്ചു. മേൽപ്പറയപ്പെട്ട രണ്ടു സംഗതികളും ജനനികരത്തിന്നിടയിൽ കലക്കമുണ്ടാക്കിത്തീൎത്തു.

ബ്രാഹ്മണപക്ഷക്കാർ, പെരുമാൾപക്ഷക്കാർ ഇങ്ങനെ വേർപിരിഞ്ഞു ജനങ്ങൾ രണ്ടു കക്ഷികളായി നിന്നു. രാജ്യത്തിൽ അഴിമതികൾ വർദ്ധിച്ചു. ഭരണാധികാരസംഘങ്ങൾ രണ്ടു വകയായി സംസ്ഥാപിതങ്ങളായി. എന്നാൽ അവ രണ്ടും രാജ്യസ്ഥിതിക്കു് ഉതകിയിരുന്നില്ല; ഓരോ സംഘത്തിന്റെയും നേതൃത്വം വഹിക്കുന്നവരൊ അന്യോന്യം അഹേതുകമായി മരണശിക്ഷയ്ക്കുടിമപ്പെടുത്തുവാനുള്ള അധികാരമുദ്ര വഹിക്കുന്ന സംഘങ്ങൾമാത്രമേ ആയിരുന്നുള്ളു. ഓരോ കക്ഷിയിലുമുള്ള പ്രഭുക്കന്മാരും പ്രബലന്മാരു

മായവർ അസംഖ്യം അല്പകാലംകൊണ്ടു കഴുമരങ്ങൾ
ക്കിരയായിപ്പോയി. എന്നാൽ ബ്രാഹ്മണസംഘം
പണ്ടേതന്നെ പ്രബലമായിരുന്നതിനാലും, നവീന
ന്മാരായ പെരുമാക്കന്മാരുടെ പക്ഷക്കാർക്കു പെരുമാ
ളില്ലാത്തതിനാൽ വിശേഷിച്ചും ബലം കുറഞ്ഞുവ
ന്നതിനാലും ആ സംഘം അചിരേണ നാമാവശേഷ
മായിത്തീർന്നു. ഗോകർണ്ണംമുതൽ കന്യാകുമാരിവരെ
യുള്ള രാജ്യത്തിന്നകത്തുള്ള ജനനികരത്തിന്നു പാടേ
ക്ഷാമം തട്ടിക്കുന്ന ആ ഭയങ്കരവാഴ്ചക്കാലത്തുപോലും
രാജ്യതന്ത്രങ്ങളിൽ പങ്കുകൊള്ളാതേയും ഒരു കക്ഷിയി
ലും ചേരാതേയും പാർത്തിരുന്ന പൌരജനത്തിന്റെ
ഒരു വലുതായ വിഭാഗം സാഹിത്യവിഹാരങ്ങളിൽ
സമയംപോക്കിയും നാടകാദിവിനോദങ്ങളിൽ ലയി
ച്ചും നിത്യോത്സവത്തോടുകൂടിത്തന്നെ ദിവസങ്ങൾ
നയിച്ചിരുന്നു.

പ്രകൃതകഥയുടെ പ്രാരംഭത്തിൽ പ്രതിപാദിക്ക
പ്പെടുന്ന സംഗതികൾ നടന്നതു "കോഴിക്കോടു" എ
ന്ന പ്രദേശത്താണു്. ഇന്നു നാം കാണുന്ന പ്രാധാന്യം
അന്നു കോഴിക്കോടിന്നില്ല. രാജ്യകാർയ്യാലോചന
കൾക്കു ഒരു ചെറുതായ മന്ദിരവും, ഒരു വലുതായ കാ
രാഗൃഹവും അവിടെ പണിചെയ്യിക്കപ്പെട്ടിട്ടുണ്ടായി
രുന്നു. ചെറുതായ ഒരു സേനാവിഭാഗത്തേയും അവി
ടെ പാർപ്പിച്ചുനിർത്തിയിട്ടുണ്ടു്. കോഴിക്കോടു്
അന്നു് ഒരു ഉൾനാടു മാത്രമേ ആയിരുന്നുള്ളു. എന്നാൽ
ഇന്നു നാം അവിടെ കാണുന്ന "ടൌൺഹാളി"ന്റെ
സ്ഥാനത്തു് അന്നും ആകൃതിയിലും വലുപ്പത്തിലും
തുലോം വ്യത്യാസത്തോടുകൂടിയ ഒരെടുപ്പു നില്പുണ്ടാ
യിരുന്നു. സ്വസ്ഥന്മാരായ പൌരന്മാർ നാടകങ്ങളും

മാറം ഇന്നത്തെപ്പോലെതന്നെ അന്നും മെല്പറഞ്ഞ മന്ദിരത്തിൽ തന്നെയാണ് നടത്തിയിരുന്നതു്.

ഒരു ചിങ്ങമാസംകാലത്തു വൈകുന്നേരം മെല്പറഞ്ഞ ശാലയിൽനിന്നു് അധികം അകന്നല്ലാത്ത ഒരു സ്ഥലത്തു് ഒരു യുവാവു ഏകനായി നില്ക്കുന്നു. പ്രായം ഇരുപത്തഞ്ചിൽ ഒട്ടും അധികമില്ല. കാഴ്ചയിൽ സുമുഖനും, ബലിഷ്ഠദേഹനുമാണ്. യുവാവു കുറെനേരം മനോരാജ്യത്തോടുകൂടി നിന്നതിന്നുശേഷം അവിടെനിന്നു പോകാൻ ഒരുങ്ങി. അപ്പോൾ ഒരാൾ യുവാവിന്റെ സമീപത്തേയ്ക്കു ചെന്നു.

യുവാവു:— കുട്ടിരാമക്കുറുപ്പോ?

കുറുപ്പു:— (സൂക്ഷിച്ചുനോക്കീട്ടു) ഭാസ്കരനോ? എപ്പോൾ വന്നു?

ഭാസ്കരൻ:— ഞാനിതാ എത്തി. കാണക്കാലമല്ലേ?

കുറുപ്പു:— കാണും ഈയാണ്ടിലല്ല ഉണ്ടായുള്ളു! ഇവിടം വിട്ടിട്ടു— ഇപ്പോഴെക്കു—

ഭാസ്കരൻ:— അഞ്ചു കൊല്ലമായി.

കുറുപ്പു:— ഈ കാലത്തിനിടയ്ക്കു ഇവിടെ എന്തെല്ലാം കലാപങ്ങൾ നടന്നു! ഇനിയും കലശലിന്നു് അവസാനം വന്നിട്ടില്ല. എത്ര ജനങ്ങളെയാണ് കഴുവിന്മേലിടുന്നതു! തിരുവനന്തപുരത്തു് ഈ വർത്തമാനം ഒന്നും എത്തീട്ടില്ലേ?

ഭാസ്കരൻ:— ഞാൻ കേട്ടു. രാജാവുള്ളപ്പോൾ ജനങ്ങൾ രാജാവിനെപ്പറ്റി പിറുപിറുക്കും. അരാജകത്വം വന്നാലേ രാജാവിന്റെ വിലയറിയുള്ളു.

കുറുപ്പു:— നിങ്ങളുടെ തമ്പുരാന്റെ ദൃഷ്ടി ഇപ്പോഴാണ് ഒന്നിങ്ങോട്ടു പതിയേണ്ടതു്..

ഭാസ്കരൻ:— അതെന്തിനു? കലാപങ്ങളിലൊന്നും അവിടുന്നു ചേരാറില്ല. എന്താണു ആ കെട്ടിടത്തിന്നകത്തു് ഇത്ര വെളിച്ചം?

കുറപ്പു:— അവിടെ ഇന്നു ഒരു നാടകാഭിനയം ഉണ്ടത്രെ

ഭാസ്കരൻ:— ഇത്രയൊക്കെ ലഹളകൾ ഇന്നും നടക്കുന്നുണ്ടെങ്കിൽ നാടകത്തിന്നും മററും ജനങ്ങൾക്കിട കൂടുമോ?

കുറപ്പു:— രാജ്യതന്ത്രങ്ങളിൽ കയ്യിടാത്തവൎക്കു ആപത്തൊന്നും ഇല്ല. കക്ഷിപിടിച്ചു നില്ക്കാഞ്ഞാൽ മതി. ഞാൻ കക്ഷിപിടിച്ചു നിന്നവനാണു്. എന്നെ കഴുവിന്മേൽ ഇട്ടു കഴിഞ്ഞിട്ടില്ല. തമ്പുരാൻ ഇപ്പോൾ വന്നിട്ടില്ലേ?

ഭാസ്കരൻ:— അതെനിക്കറിഞ്ഞുകൂട.

കുറപ്പു:— അതു പറയരുതു്. ഞാൻ നിങ്ങളെ കണ്ടപ്പോൾ വരവു തനിച്ചാവില്ലെന്നു തീൎച്ചപ്പെടുത്തി.

ഭാസ്കരൻ:— ഞാൻ വന്നതു അവിടുത്തോടു കൂടിയല്ല.

കുറപ്പു:— എന്തേ അറിഞ്ഞുകൂടെന്നു പറഞ്ഞതു?

ഭാസ്കരൻ:— ആവക സംഗതികളെപ്പററി പറഞ്ഞാൽ നിങ്ങൾക്കു വിശ്വാസം വരില്ല. തമ്പുരാനെപ്പററിയുള്ള സംസാരം ക്ഷണം നിൎത്താൻവേണ്ടി പറഞ്ഞതാണു്.

കുറപ്പു:— എന്നിൽനിന്നു ഒന്നും മറച്ചുവെയ്ക്കണ്ട. ഞാൻ ഭരണസംഘത്തിന്റെ പക്ഷക്കാരനല്ല.

ഭാസ്കരൻ:— പിന്നെ, നിങ്ങൾ ശിക്ഷകളിൽ പെടാതെ നില്ക്കുന്നതെങ്ങനെയാണു്?

കുറപ്പു:— കോഴ കൊടുത്തിട്ടുതന്നെ. തടവിൽ കിടക്കുന്ന ചെരുമാളെ ഒന്നു വിടുവിച്ചു കണ്ടാൽ കൊ

ള്ളാമെന്നുണ്ടു്. ഞാൻ ശ്രമിക്കുന്നുണ്ടു്. ഏതുവിധമെങ്കിലും ഞാനതു സാധിക്കും.

ഭാസ്കരൻ:— ആരെങ്കിലും അതു സാധിക്കേണ്ടതാണു്.

ഇതു കേട്ടപ്പോൾ കുറുപ്പിന്നു് അല്പം കോപം ഉണ്ടായി.

കുറുപ്പ്:— പക്ഷെ, അതു നിങ്ങളുടെ തമ്പുരാൻ വേണ്ട; അതിന്നാണെങ്ങളിവിടെത്തന്നെ ഉണ്ടാവും. തമ്പുരാന്നു് അതിന്നു കൊതിയുണ്ടു്, അല്ലേ?

ഭാസ്കരൻ:— ഞാനതു പറഞ്ഞുവോ?

കുറുപ്പ്:— അതു പറഞ്ഞിട്ടു വേണമോ? നിങ്ങളുടെ പഴയ പിത്തലാട്ടങ്ങളൊന്നും ഇനി നടക്കില്ല. അതൊക്കെ അവിടെത്തന്നെ മതി.

കുറുപ്പിൻെറ ക്ഷോഭം കണ്ടിട്ടു യുവാവിന്നു് അസഹ്യത തോന്നി.

ഭാസ്കരൻ:— നാം തമ്മിൽ പിണങ്ങുന്നതെന്തിനു്? നാടകം തുടങ്ങിയെന്നു തോന്നുന്നു. നമുക്കങ്ങോട്ടു പോവുക.

എന്നു പറഞ്ഞു കുറുപ്പിനേയും കൂട്ടി ശാലയിലേയ്ക്കു നടന്നു. ഈ കുറുപ്പ് ബാല്യത്തിൽത്തന്നെ സ്വരാജ്യം വിട്ടു പോന്നു പെരുമാക്കന്മാരെ വളരെ കാലം സേവിച്ചു നിന്നിട്ടുള്ള ആളാണു്. അവരുടെ ആനുകൂല്യമുണ്ടായിരുന്നതിനാൽ പല പ്രകാരങ്ങളിലും, ദ്രവ്യാജ്ജനം ചെയ്തു ഭൂരിസമ്പന്നനായിട്ടുണ്ടു്. കുറുപ്പ് പ്രകൃത്യാ ധനലുബ്ധനാണു്; "ധനം വദ്ധിക്കുംതോറും അതിൻെറ സമ്പാദനത്തിനുള്ള അഭിലാഷം വദ്ധിക്കു"മെന്ന ലോകരീതിയിൽനിന്നു വ്യതിയാനം ചെയ്തവനല്ല. പെരുമാളെ ബന്ധനത്തിൽ നി

ന്നു മോചിപ്പിച്ചാൽ ഒരു വലുതായ സംഖ്യ സമ്മാനമായി കൊടുക്കാമെന്നു പറഞ്ഞ്, ചേളം എന്നീ ദേശങ്ങളിലെ പൌരമുഖ്യന്മാർ കുറുപ്പിനോടു ശ്രദ്ധമായി വാഗ്ദാനം ചെയ്തിട്ടുണ്ടു്. അന്യൻവഴിക്കു പെരുമാളുടെ മോചനം സംഭവിച്ചാൽ, തനിക്കു കിട്ടുന്ന സമ്മാനം നഷ്ടമായിപ്പോകുമല്ലോ എന്നുള്ള ലോഭവിചാരംകൊണ്ടു മാത്രമാണ്, തമ്പുരാനോടു അത്രമാത്രം സ്പർദ്ധ കുറുപ്പിൽനിന്നു് പുറപ്പെട്ടതു്. 'അന്യനൊരുത്തൻ പെരുമാളെ വിടുവിക്കുക' എന്ന സംഗതി അയാൾക്കു് ആലോചിപ്പാൻപോലും ശക്യമായിരുന്നില്ല. പെരുമാൾ തടവിൽ കിടന്നു ചത്തഴിഞ്ഞു പോകുന്നതിൽ കുറുപ്പിന്നു വിരോധമുണ്ടായിരുന്നില്ല. പെരുമാളെയല്ല, പെരുമാളെ സംബന്ധിച്ചു കിട്ടാവുന്ന ദ്രവ്യത്തെയാണു് അയാൾ സ്നേഹിച്ചിരുന്നതു്. പെരുമാൾക്കു് ബന്ധനമോചനം സിദ്ധിക്കുന്നുവെങ്കിൽ അതു തന്റെ വഴിക്കാകണം; അന്യന്മാർ അതു സാധിച്ചു സമ്മാനം വാങ്ങിപ്പോകുന്നതു് കുറുപ്പിന്നു സമ്മതമല്ല.

രണ്ടുപേരും നാടകശാലയിൽ ചെന്നു സമീപത്തായി ഓരോ സ്ഥാനങ്ങളിൽ ഇരുന്നു. കാഴ്ചക്കാരായി സ്ത്രീപുരുഷന്മാർ വന്നു നിറന്നിരുന്നു തുടങ്ങി. നാടകാഭിനയം തുടങ്ങി അരനാഴിക കഴിഞ്ഞപ്പോൾ അയ്മ്പതയ്മ്പത്തഞ്ചു വയസ്സു് ചെന്ന ഒരാളും, സൌന്ദൎയ്യവതിയായ ഒരു യുവതിയും ശാലയ്ക്കകത്തു പ്രവേശിച്ചു് ഓരോസ്ഥാനങ്ങളിൽ ഇരുന്നു. ആ സ്ത്രീയുടെ ആഗമനത്തോടുകൂടി, അതിഹൃദ്യമായ ഒരു പരിമളം ശാലയ്ക്കകമെങ്ങും വ്യാപിച്ചു. യുവജനദൃഷ്ടികൾ ഏകകാലത്തിൽത്തന്നെ ഒന്നായി അവളിൽ പതി

ഞ്ഞു. എന്നാൽ പ്രേക്ഷകന്മാരുടെ ഇടയിൽ അവളുടെ ആഗമനം ഉണ്ടാക്കിത്തീൎത്ത ഇളക്കം തെല്ലിടകൊണ്ടു ശാന്തമാവുകയും, നാടകാഭിനയത്തിൽത്തന്നെ വീണ്ടും എല്ലാവരും ഉത്സുകചിത്തന്മാരായിരിക്കുകയും ചെയ്തു. മററു യുവജനങ്ങൾക്കുണ്ടായതിൽനിന്നു വ്യത്യസ്തമായ ഒരു വികാരം ഭാസ്കരനു് അവളുടെ സന്ദൎശനത്താൽ ഉണ്ടായി. അതു തെല്ലുനേരംകൊണ്ടു ശാന്തമാകാത്തതും, ആയാൾ അതുവരെ പരിചയിച്ചിട്ടില്ലാത്തതും ആയിരുന്നു. അവളുടെ വദനകമലത്തിൽ പതിഞ്ഞുപോയ ദൃഷ്ടികൾ വലിച്ചെടുപ്പാൻ ഭാസ്കരനു കഴിഞ്ഞില്ല. ആ യുവാവിന്റെ ഹൃദയത്തിലെ രക്തഗതിക്കു വേഗംകൂടി. ആയാളുടെ ഹൃദയത്തിന്റെ മിടിപ്പു സമീപസ്ഥന്മാൎക്കു് കേൾക്കാമായിരുന്നു. കുറുപ്പു് യുവാവിന്റെ അസ്വസ്ഥത കണ്ടറിഞ്ഞു, ഭാസ്കരൻ തരുണീവലയിൽ ക്ഷണം പെട്ടുന്നവനാണെന്നു മനസ്സിലാക്കി. പെരുമാളെ തടവിൽനിന്നു മോചിപ്പിച്ചു തനിക്കു കിട്ടുവാനിരിക്കുന്ന സമ്മാനം തട്ടിക്കുവാൻ തക്ക തന്ത്രകുശലത കൂടിയ തമ്പുരാന്റെ കൂട്ടുകാരനായ ഭാസ്കരനെ അപ്രകാരമുള്ള ഒരു വലയിൽ കുടുക്കിവെക്കുവാൻതന്നെ കുറുപ്പു് നിശ്ചയിച്ചു.

കുറുപ്പു്:— എന്താ സൂക്ഷിച്ചു നോക്കുന്നതു്? മുമ്പു പരിചയമുണ്ടോ?

ഭാസ്കരൻ:— ഇല്ല, മുമ്പു കണ്ടിട്ടില്ല.

കുറുപ്പു്:— കണ്ടിട്ടുണ്ടാവില്ല. ഈ ദിക്കിൽ ഇങ്ങിടെയാണു് വന്നതു്.

ഭാസ്കരൻ:— നിങ്ങൾക്കു പരിചയമുണ്ടോ?

കറപ്പ്:—പരിചയമുണ്ടോ എന്നോ? ഞങ്ങൾ ഒരു ദിക്കുകാരാണ്.

ഭാസ്കരൻ:—ആ പ്രായംചെന്ന മനുഷ്യൻ അച്ഛനായിരിക്കും, അല്ലേ?

കറപ്പ്:—അതേ. എന്നാൽ ആയാൾക്ക് ഇവിടെ സ്ഥിരതാമസമില്ല.

ഭാസ്കരൻ:—ഈ സ്ത്രീ ഇവിടെ സ്ഥിരമായി പാക്കുകയാണോ?

കറപ്പ്:—അതെ.

ഭാസ്കരൻ:—ഭത്താവിനോടു കൂടിയായിരിക്കും, അല്ലേ?

കറപ്പ്—അല്ല. സംബന്ധക്കാരൻ ഉണ്ടായിട്ടില്ല.

ഭാസ്കരൻ:—ഒരു സ്ത്രീ ഒററയ്ക്കിവിടെ എന്തിനു താമസിക്കുന്നു?

കറപ്പ്:—അതെനിക്കു പറവാൻ സാധിക്കില്ല.

ഭാസ്കരൻ:—തനിച്ചിങ്ങനെ ഒരു സ്ത്രീ താമസിക്കുന്നതു് ഭംഗിയല്ല, നിശ്ചയം.

കറപ്പ്:—അവളുമായി പരിചയപ്പെട്ടാൽ ഈ അഭിപ്രായം മാറും. അത്ര തൻേറടവും വൈദുഷ്യവും അവൾക്കുണ്ട്. മനസ്സിനു നല്ല സംസ്കാരം വന്ന സ്ത്രീയാണ്. ഏതു വിഷയത്തെ സംബന്ധിച്ചും വളരെ നേരം സംസാരിപ്പാനുള്ള ഒരു ലോകവ്യുൽപത്തി സമ്പാദിച്ചിട്ടുണ്ട്. യുവാക്കന്മാർ അനേകംപേർ അവൾക്കു പരിചിതന്മാരാണ്. ലോകത്തിൽ കഴിയുന്ന പ്രധാനകാര്യങ്ങളെല്ലാം അന്നന്നവൾ അറിയാതിരിക്കുകയില്ല. കഴിച്ചിലിനു ധാരാളം

ദ്രവ്യം കൈവശമുണ്ട്. നിലവിട്ടിട്ടുള്ള പെരുമാററം ഇതുവരെ ആരോടും കണ്ടിട്ടില്ല.

ഭാസ്കരൻ:—അവളുടെ പേരെന്താണ്?

കുറുപ്പ്:—രുഗ്മിണി.

ഭാസ്കരൻ:— സ്വരാജ്യം വിട്ടു പോന്നതെന്തിന്ന്?

കുറുപ്പ്:—ഇപ്പോഠം പറഞ്ഞതിലും കവിഞ്ഞുള്ള വിവരങ്ങഠം പറവാൻ പാടില്ല. എന്താണാവശ്യം? അതു് പറയൂ. പരിചയപ്പെടണമെന്നുണ്ടോ?

ഭാസ്കരൻ:— അങ്ങിനെ ആവശ്യപ്പെടുന്നതിൽ മര്യാദകേടൊന്നുമില്ലെങ്കിൽ—

കുറുപ്പ്—മര്യാദകേടൊന്നുമില്ല. ഞാൻ പരിചയപ്പെടുത്താം. നാളെ ഉച്ചതിരിഞ്ഞിട്ടു നമുക്കു് അവളുടെ ഗൃഹത്തിലേയ്ക്കു പോകാം.

ഭാസ്കരൻ:—ഞാൻ നാളെ ഉച്ചതിരിഞ്ഞു നിങ്ങളുടെ വീട്ടിൽ വരാം.

ഇങ്ങനെ തമ്മിൽ പറഞ്ഞുറച്ച്, നാടകാഭിനയം കഴിഞ്ഞതിന്നുശേഷം രണ്ടുപേരും ശാലയിൽനിന്നു പോന്നു ഓരോ വഴിക്കു് പോയി.

## II

ഭാസ്കരൻ പിറേറദിവസം നിശ്ചിതസമയത്തു് കുറുപ്പിന്റെ ഭവനത്തിൽ ഹാജർ കൊടുത്തു. പ്രഥമദശ്നത്തിൽ പെട്ടെന്നുണ്ടാകുന്ന പ്രേമം, ഫലപ്ലി-ഭഗ്നാശത ഇവയിൽ ഏതെങ്കിലും ഒന്നിന്റെ അവാപ്തിയാലല്ലാതെ പ്രക്ഷീണസ്ഥിതിയെ പ്രാപിച്ചുകണ്ടിട്ടില്ല. അവർ രണ്ടുപേരും കൂടി അപ്പോഠം തന്നെ രുഗ്മിണിയുടെ വാസസ്ഥലത്തെയ്ക്കു് പുറപ്പെ

ട്ടു. തലേദിവസം അവർ തമ്മിൽ കഴിഞ്ഞ വാദപ്രതിവാദങ്ങളാൽ കുറുപ്പിന്റെ തന്ത്രങ്ങളും, ആവശ്യങ്ങളും തന്റെയും സഭാംഗങ്ങളുടെയും ധർമ്മങ്ങളിൽനിന്നു് എത്രയോ വ്യത്യസ്തങ്ങളായിട്ടുള്ളവയാണെന്നു ഭാസ്കരന്നു് ഗ്രഹിപ്പാനിടയായിട്ടുണ്ടു്. എങ്കിലും രുഗ്മിണിയുടെ പുനസ്സന്ദർശനത്തിന്നു സംഗതിയുണ്ടാക്കിയ കുറുപ്പിനോടു അകൃത്രിമമായ സ്നേഹവും, കൃതജ്ഞതയും ആണു് ഭാസ്കരന്നു് അപ്പോഴുണ്ടായതു്. അവർ രണ്ടുപേരും രുഗ്മിണിയുടെ ഗൃഹത്തിലെത്തി. അവൾ പൂമുഖത്തു ഒരു തിണ്ണമേൽ ഇരിക്കുകയായിരുന്നു. അവരെ കണ്ട ക്ഷണത്തിൽ എഴുനേററു ആദരിച്ചു് ഇരിപ്പാൻ ഒരു പുൽപ്പായ വിരിച്ചുകൊടുത്തു. രണ്ടുപേരും ഇരുന്നതിന്നു ശേഷം,

കുറുപ്പ്:—ഇദ്ദേഹം എന്റെ ആത്മമിത്രമാണു്. ഭാസ്കരൻ. മുമ്പു കണ്ടിട്ടുണ്ടോ?

രുഗ്മി:—ഇല്ല. ആ പേരെനിക്കു് പരിചയമുണ്ടു്.

കുറുപ്പ്:—അതെങ്ങനെ?

രുഗ്മി:—തമ്പുരാന്റെ സ്യാലൻ. ആ സംഘത്തിൽപ്പെട്ട ആൾ അല്ലേ? തമ്പുരാന്റെ സംഘത്തെപ്പററി ആരോ ഇയ്യിടയിൽ പ്രസ്താവിക്കയുണ്ടായി.

കുറുപ്പ്:—അതുതന്നെ. ഇന്നലെ നാടകശാലയിൽവെച്ചു കണ്ടപ്പോൾതന്നെ പരിചയപ്പെട്ടതി ക്കൊൾപ്പാൻ എന്നെ അലട്ടി. അതാണു് ഇപ്പോൾ ഇങ്ങോട്ടു വരാനുള്ള കാരണം.

എന്നുപറഞ്ഞു കുറുപ്പു ഭാസ്കരന്റെ മുഖത്തേക്കു നോക്കി. രുഗ്മിണിയും അതേ സമയംതന്നെ ഭാസ്കരനെ ഒന്നു കടാക്ഷിച്ചു. ആ രണ്ടു വീക്ഷണങ്ങളുടേയും ഏകലക്ഷ്യമായിത്തീർന്നതിനാൽ ഭാസ്കരന്നു് അല്പം ലജ്ജയും, അസ്വാസ്ഥ്യവും ഉണ്ടായി.

രുഗ്മി:—തമ്പുരാൻ ഇപ്പോഠം എവിടെയാണു്?

ഭാസ്ക:—നിശ്ചയമില്ല.

രുഗ്മി:— എനിക്കവിടുത്തെ വലിയ ബഹുമാനേമാണു്. കെട്ടുകഥകളിൽപോലും കേട്ടിട്ടില്ലാത്ത, അമാനുഷവിദ്യകളാണവിടെയ്ക്കുള്ളതു്. നിങ്ങളുടെ സഹോദരി ഇവിടെ ഉണ്ടോ?

ഭാസ്കരൻ:— ഇല്ല. തിരുവനന്തപുരത്താണു്.

കുറപ്പു് അപ്പോഠം അവിടെ ഉണ്ടായിരുന്നില്ലെങ്കിൽ കുറെക്കൂടി സ്വാതന്ത്ര്യത്തോടും, ശൃംഗാരഭാവത്തോടുംകൂടി രുഗ്മിണിയോടു സംസാരിപ്പാൻ തനിക്ക കഴിയുമായിരുന്നു എന്നു് ഒരാത്മാഭിമാനം ഭാസ്കരന്നു് തോന്നാതിരുന്നില്ല. പരിചയപ്പെട്ടത്തിയ മുതൽ കുറപ്പിൻെറ സാന്നിദ്ധ്യം ഓരോ നിമിഷത്തിലും അസഹ്യമായി തോന്നിയതു് ഭാസ്കരൻെറ കൃതജ്ഞതകൊണ്ടാണെന്നു് ഊഹിച്ചുകൂടുന്നതല്ല.

രുഗ്മി:— ഞാൻ തിരുവനന്തപുരം കണ്ടിട്ടില്ല. 'ധമ്മരാജ്യം' എന്ന പേർ അതിന്നു പററിയതുതന്നെയാണു്. അല്ലേ?

ഭാസ്ക:—അതെ. സംശയമില്ല.

രുഗ്മി:—ഈ രാജ്യത്തെ സ്ഥിതിയാലോചിക്കുമ്പോഠം എനിക്ക സംശയം തോന്നുന്നില്ല. വെറുതെയുള്ള വധങ്ങളും, ഈ മാതിരി അഴിമതികളും മററൊന്നും ഉണ്ടാവില്ല, തീച്ചതന്നെ.

ഭാസ്കരനു് ഓരോ വിനാഴികയിലും അവളിൽ അനുരാഗം കൂടിക്കൂടിവന്നു. അനുരാഗസ്ഫുരണത്തിനു് അവസരം കിട്ടുന്നില്ല. രുഗ്മിണിയുടെ ഇടയ്ക്കി

ടയ്യുള്ള കടാക്ഷങ്ങളാലും, സംസാരത്തിന്റെ മധുരിമയാലും, ഭാവങ്ങളിൽ പ്രത്യക്ഷപ്പെട്ട സ്നിഗ്ദ്ധതയാലും അവൾതന്നിൽ അനുരാഗിണിയായിരിക്കുന്നുവെന്നു ഭാസ്കരൻ നിശ്ചയിച്ചു. എങ്കിലും കുറുപ്പിനോടുകൂടി അപ്പോൾ അവിടെ താമസിക്കുന്നതുകൊണ്ടു് ആവശ്യമൊന്നുമില്ലെന്നും, അവളുടെ ഹൃൽഗതാന്വേഷണത്തിന്നു് ഈ അവസരം ഉചിതമായതല്ലെന്നും ഭാസ്കരൻ കണ്ടു. യാത്രയാകുവാൻ കുറുപ്പിനെ പ്രേരിപ്പിച്ചുംകൊണ്ടു്,

ഭാസ്ക:—എനിക്കിപ്പോൾ പോണം. അല്പം ജോലിയുണ്ടു്.

രശ്മി:—ഇത്ര പെട്ടെന്നോ? എനിക്കു തമ്പുരാന്റെ പഴയ കഥകളും, തിരുവനന്തപുരം വർത്തമാനങ്ങളും കേൾക്കണമെന്നുണ്ടു്.

ഭാസ്ക:—ഇപ്പോൾ സംസാരിപ്പാൻ ഇടയില്ല. ഞാൻ വ്യസനിക്കുന്നു. അടുത്ത അവസരത്തിൽ വന്നുകൊള്ളാം.

രശ്മി:—അതെപ്പോൾ?

ഭാസ്ക:—മററന്നാൾ ഉച്ചതിരിഞ്ഞതിന്നുശേഷം. എന്നാൽ—അങ്ങിനെ.

എന്നുപറഞ്ഞു് കുറുപ്പിനോടുകൂടി യാത്രയായി. വഴിയിൽവെച്ചു കുറുപ്പു്, "എന്തു തോന്നുന്നു?" എന്നു ചോദിച്ചു.

ഭാസ്ക:—നിങ്ങൾ പറഞ്ഞതു ശരിയാണു്. നല്ല നിലയുള്ള സ്ത്രീയാണു്.

കുറു:—മററന്നാൾ പോണമെന്നു വിചാരിക്കുന്നുണ്ടോ?

ഭാസ്ക:—ഉവ്വു്. തമ്പുരാന്റെ കഥ അന്യന്മാരെ

പറഞ്ഞറിയിക്കുന്നതുതന്നെ എനിക്കഭിമാനമാണു്.

ഇങ്ങനെ കുറച്ചുദൂരം നടന്നു് അവൎക്കു പിരിയേണ്ടുന്ന ദിക്കിലെത്തിയപ്പോൾ,

കുറു:—നമുക്കു പിരിയേണ്ട ദിക്കായി. പെരുമാളുടെ കാൎയ്യത്തെപ്പറ്റി ഞാൻ പറഞ്ഞതിലൊന്നും അങ്ങേയ്ക്കു പരിഭവം വേണ്ട. ആ സംഗതിയിലൊക്കെ നമുക്കെന്തു കാൎയ്യം? വെറുതെ നേരംപോക്കിന്നു പറഞ്ഞു, അത്രമാത്രം.

ഭാസ്കു:—പരിഭവമോ? എന്തിന്നു്? എനിക്കൊരു പരിഭവവുമില്ല. എന്നുപറഞ്ഞു പിരിഞ്ഞുപോയി.

നേരം അപ്പോൾ നാലുനാഴിക രാവു ചെന്നിരിക്കുന്നു. ഭാസ്കരൻ അവിടെനിന്നു സ്വന്തഭവനത്തിലേയ്ക്കു നടന്നു. കുറുപ്പ് ആയാളുടെ ഭവനത്തിന്റെ പടിവാതിലും പിന്നിട്ടു് മുന്നോട്ടു നടന്നുതുടങ്ങി. നമുക്കായാളുടെ ഗതിയെ പിന്തുടരുക. മാൎഗ്ഗദൎഗ്ഗമതയാൽ കുറുപ്പിന്റെ മുമ്പോട്ടുള്ള ഗതി വളരെ പതുക്കെയായിരുന്നു. അത്ര ദുൎഘടമായ മാൎഗ്ഗത്തിലൂടെ പ്രയാണംചെയ്താൽ ചെന്നവസാനിക്കുക ഒരു ഭയങ്കരസ്ഥലത്തായിരിക്കുമെന്നു പുത്തനായ ഒരു പാന്ഥൻ തീൎച്ചയായും അനുമാനിക്കും.

പെരുമാളെ ബന്ധനത്തിലാക്കിയതിന്നു ശേഷം തങ്ങളുടെ സ്വയംഭരണത്തിന്നു് മേലിൽ ന്യൂനത തട്ടാതിരിപ്പാൻ ബ്രാഹ്മണർ ഓരോ കരുതലുകൾ തുടങ്ങി. പ്രാബല്യത്തോടും, പൊതുജനസമ്മതിയോടും, ആരെങ്കിലും തങ്ങളോടെതിൎത്തു ഭരണാധികാരത്തെ അപഹരിക്കുവാൻ മുതിൎന്നുവെങ്കിലോ എന്നായിരുന്നു അവരുടെ ശങ്ക. അങ്ങനെയുള്ള ഒരു വ്യവസ്ഥ, തങ്ങൾക്കു് പ്രബലജനങ്ങൾ മൂലമായി മ

ത്രമേ വരുവാൻ വഴിയുള്ളു എന്നും അവർ ഗണിച്ചിട്ടുണ്ടായിരുന്നു. അതുനിമിത്തം ശൌൎയ്യസമ്പത്തും കാൎയ്യപ്രാപ്തിയും ജനരഞ്ജനയും തികഞ്ഞ ഓരോ പ്രഭുവിനേയും തിരഞ്ഞു് അവർ കഴുമരങ്ങൾക്കിരയാക്കി.

അപ്രകാരമുള്ള വധാൎഹന്മാരെ തിരഞ്ഞുപിടിച്ചു് ശിക്ഷ കല്പിക്കുവാൻ ഉത്സാഹവും, മനഃകാഠിന്യവും കലൎന്ന പ്രമത്തൻനമ്പൂതിരിയെ സൎവ്വാധികാരങ്ങളും കൊടുത്തു് അധികൃതസംഘം, "സൎവ്വാധികാരി" എന്ന അനൎത്ഥതയോടുകൂടിയ അധികാരപദത്തിൽ നിയമിച്ചു. വേദോച്ചാരണത്തിൽ വേണ്ടുന്ന മുദ്രകൾക്കുപയോഗിക്കുവാൻ, പെരുമാളുടെ രക്തത്താൽ മലിനമാക്കപ്പെട്ടതു് നിമിത്തം അൎഹമല്ലാതായിക്കഴിഞ്ഞ കരത്തെ പ്രജാപീഡനത്തിന്നുപയോഗിപ്പിക്കുവാൻ വേണ്ടി, വീരഹത്യയാൽ പാതിത്യം പറ്റിയ കേശവൻ നമ്പിടിയെ സൎവ്വാധികാരിയെ സഹായിക്കേണ്ടതിന്നു സൈന്യപാലകനായും നിയമിച്ചു. ദേവബാധവാഗ്നികളെപ്പോലെ ഇവർ ലോകത്തെ സന്തപിപ്പിച്ചു തുടങ്ങി. രാജ്യത്തിൽ പ്രബലന്മാരായവർ ഇന്നിന്നവരാണെന്നും, അവരുടെ വ്യാപാരങ്ങൾ ഇന്നിന്നവയാണെന്നും ഗൂഢമായന്വേഷിച്ചറിയുവാനുള്ള ഇവരുടെ വൈദഗ്ദ്ധ്യവും, മരണശിക്ഷ കല്പിക്കുന്നതിൽപോലും മനശ്ചാഞ്ചല്യമില്ലായ്മയും, ആഗസ്വികളെന്നു ഗണിക്കപ്പെട്ടവരോടു വാക്കിലും, പ്രവൃത്തിയിലും, ഭാവത്തിലും, പ്രദൎശിപ്പിക്കുന്ന ക്രൌൎയ്യവും സുപ്രസിദ്ധങ്ങളാണു്.

ഭരണാധികാരികൾക്കു് നമ്പൂതിരി വിശ്വസ്തനായിരുന്നതിനാൽ അദ്ദേഹത്തിന്റെ നിശ്ചയങ്ങ

ളിൽ ഒരു മാററവും ഭരണസംഘം ചെയ്തിരുന്നില്ല. പെരുമാൾ തടവിൽ കിടക്കുന്ന കാലത്തോളം തങ്ങൾക്ക് ഒന്നുകൊണ്ടും ഭയപ്പെടുവാനില്ലെന്നു ബ്രാഹ്മണർ ഉറച്ചിരുന്നു. അതു നിമിത്തം പെരുമാളുടെ ബന്ധനവാസത്തിന്റെ ദൃഢീകരണത്തിന്നു്, നമ്പൂതിരിയേയും, സൈന്യപാലകനേയും അവർ ഭാരമേല്പിച്ചു. സർവ്വാധികാരിയുടെ സ്ഥിരവാസം കാരാഗൃഹത്തിന്നകത്തു് ഒരെടുപ്പിൽത്തന്നെ ആക്കുകയും ചെയ്തു.

കരപ്പിന്റെ അപ്പോഴത്തെ യാത്ര പ്രമത്തൻ നമ്പൂതിരിയെ കാണ്മാനായിരുന്നു. പെരുമാൾപ്പക്ഷക്കാരനാണെന്നു പലപ്പോഴും പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും, കരപ്പിന്നു കുററങ്ങളൊന്നും കൂടാതെ കഴിയുന്നതു് സർവ്വാധികാരിയുടെ കരുണാലേശംകൊണ്ടാണ്. അതിന്നുവേണ്ടി വളരെ ദ്രവ്യം ആയാൾക്കു ചിലവിടേണ്ടതായും വന്നിട്ടുണ്ടു്.

“കൊക്കോഴിക്കോട്ടു്” കുന്നിന്റെ അടുത്തായുള്ള നദീതീരത്തു്, ഇടിഞ്ഞും പൊളിഞ്ഞും ജീർണ്ണിപ്പെട്ടും ഇന്നും കണ്ടുവരുന്ന ആ വലിയ എടുപ്പു് അന്നു് കാരാഗ്രഹമായിരുന്നു. പെരുമാളെ ബന്ധനത്തിലാക്കിയിട്ടുള്ളതു് അവിടെയാണ്.

കരപ്പു് കാവൽക്കാരന്റെ അനുമതി സിദ്ധിച്ചു കാരാഗ്രഹത്തിന്റെ അകത്തു കടന്നു. കരപ്പിന്റെ സ്ഥിതിയും, നമ്പൂതിരിയോടുള്ള ബന്ധവും ആയാൾക്ക് അപ്രകാരമുള്ള സ്വാതന്ത്ര്യത്തെ നൽകിയിട്ടുണ്ടായിരുന്നു. ദ്രവ്യവിതരണംകൊണ്ടു കരപ്പു സമർച്ചനം ചെയ്യുന്നുണ്ടായിരുന്നുവെങ്കിലും ആയാളെ കണ്ട ക്ഷ

ണത്തിൽ പ്രസാദമല്ല പ്രമത്തൻനമ്പൂതിരിയുടെ മുഖത്ത് പ്രകാശിച്ചതു്.

നമ്പൂതിരി:— എന്തിനാണെന്നെ വന്നലട്ടുന്നതു്?

കറപ്പ്:—ഒരു ഗൂഢകാൎയ്യം ഉണൎത്തിപ്പാനുണ്ടു്.

നമ്പൂതിരി:—ഗൂഢകാൎയ്യം ഒന്നും എനിക്കു വേണ്ട. കറപ്പ് എന്നെ കഴുവിന്മേലേററാൻ ഉത്സാഹിക്കാഞ്ഞാൽ മതി.

കറപ്പ്:—എന്താ തിരുമനസ്സുകൊണ്ടു് ഇങ്ങനെ അരുളിച്ചെയ്യുന്നതു്?

നമ്പൂതിരി:— മനസ്സിലായിട്ടില്ലെങ്കിൽ പറഞ്ഞുതരാം. പെരുമാളെ ഇവിടെനിന്നു ചാടിപ്പാൻ കറപ്പു വട്ടംകൂട്ടുന്നുണ്ടെന്നാണ് കേൾവി. മേലധികാരത്തിൽ അതു് അറിവു കിട്ടിയിരിക്കുന്നു. അപ്പോൾ കറപ്പുമായുള്ള എൻെറ വേഴ്ച ഗുണമാവില്ല.

കറപ്പ്— തെററിദ്ധരിക്കുന്നതു മഹാ കഷ്ടമാണ്. അടിയൻ ഒന്നും ചെയ്യുന്നില്ല. എന്നാൽ ചിലൎക്കതിന്നുത്സാഹമുണ്ടു്. പരിശ്രമം നടന്നുംവരുന്നുണ്ടു്.

ഇതു കേട്ടപ്പോൾ നമ്പൂതിരിയുടെ മുഖം വിളറി. പക്ഷെ പരിഭ്രമം പുറത്തു കാണിക്കാതെ 'ആരാണു് ഉത്സാഹികൾ' എന്നു് ഉദാസീനനായി ചോദിച്ചു.

കറപ്പ്:— തമ്പുരാൻ—ഇവിടെ എത്തീട്ടുണ്ടു്.

ഈ അക്ഷരങ്ങൾ നമ്പൂതിരിയെ ഒന്നു ഞെട്ടിച്ചു. പരിഭ്രമം അപ്പോൾ മറച്ചുവെയ്ക്കുവാൻ സാധിക്കാതെ, "എത്തീട്ടുണ്ടോ? ഇവിടെയോ?" എന്നു ചോദിച്ചു.

കറപ്പു:—ആ സംഘത്തിൽപ്പെട്ട ഒരാളെ അടിയൻ ഇന്നലെ കണ്ടു. ആയാൾ ഈ ദിക്കുകാരനാണു്.

ഇപ്പോഴും നോക്കിയാൽ ആളെ കയ്യിൽ കിട്ടും.

നമ്പൂതിരി:— അതെങ്ങിനെ?

കുറുപ്പ്:— ഇവിടെ ഒരാണും ത്തുണമില്ലാതെ ഒരുത്തി വന്നു പാക്കുന്നില്ലേ?

നമ്പൂതിരി:— ഉവ്വ്; മഹാ അസത്ത്; അതിനു സകല ആളുകളെയും പുച്ഛമാണു്. എന്താ, അവിടെയുണ്ടോ?

കുറുപ്പ്:— ഉവ്വ്. മററന്നാൾ ഉച്ചതിരിഞ്ഞിട്ടു അവളുടെ വീട്ടിൽ ചെന്നാൽ ആയാളെ കയ്യിൽ കിട്ടും. അവളുമായി ആ വിദ്വാനു് കുറെശ്ശെ കൂട്ടുകെട്ടുണ്ടു്. അതു് അടിയൻ അറിഞ്ഞു.

നമ്പൂതിരി:— ആട്ടെ, കുറുപ്പ് പൊയ്ക്കൊള്ളൂ.

തന്നെ തോല്പിപ്പാൻ വരുന്ന തമ്പുരാന്റെ ബന്ധുവും, സംഘത്തിലെ ഒരംഗവുമായ ഭാസ്കരനെ ഭരണാധികാരികൾ തടവിലിടുന്ന പക്ഷം, തമ്പുരാന്റെ ശ്രദ്ധ പെരുമാളെ വിട്ടു ഭാസ്കരന്റെ മോചനവിഷയത്തിലേയ്ക്കു സംക്രമിക്കുമെന്നു തീർച്ചപ്പെടുത്തി, ഒരുവിധം മനസ്സമാധാനത്തോടുകൂടി കുറുപ്പ് കാരാഗൃഹത്തിൽ നിന്നിറങ്ങിപ്പോന്നു. കുറുപ്പ് പോയ ശേഷം നമ്പൂതിരി, "അപ്പോൾ തമ്പാൻ ഇവിടെ എത്തി, അല്ലേ? നമ്പിടി അവിടെ എന്തു ചെയ്തിരുന്നു? ആയാളെ ഒന്നിനും കൊള്ളില്ല. എത്ര കണ്ടിട്ടും മനസ്സിലാകുന്നില്ലല്ലോ. കാര്യം വിഷമമായി" എന്നിങ്ങിനെ തന്നെത്താൻ പറഞ്ഞു ചിന്താമഗ്നനായി സ്ഥിതിചെയ്തു.

## III

രുഗ്മിണിയുടെ ഭവനത്തിൽ ഭാസ്കരൻ നിശ്ചിതദിവസം ഉച്ചതിരിഞ്ഞതിന്നു ശേഷം എത്തി. അ

വരുടെ പ്രേമസ്ഫുരണവും പ്രണയശപഥങ്ങളും ചെന്ന ഉടനെ കഴിഞ്ഞിട്ടുണ്ടായിരിക്കണം. എന്തെന്നാൽ അവർ വെറും ലൌകികവർത്തമാനങ്ങളെപ്പറഞ്ഞുംകൊണ്ടിരിക്കുന്നതായിട്ടാണു് നാം കാണുന്നതു്.

ഋശ്മി:—തമ്പുരാൻ ഈ വിദ്യയൊക്കെ എവിടുന്നു അഭ്യസിച്ചു?

ഭാസ്കു:—ജന്മവാസന എന്നേ പറയാവൂ.

ഋശ്മി:—പ്രയത്നങ്ങൾക്കു പ്രതിഫലം ഉണ്ടാകുന്നുണ്ടോ?

ഭാസ്കു:—ദ്രവ്യത്തിനും കീർത്തിക്കും വേണ്ടിയല്ല അവിടത്തെ അദ്ധ്വാനങ്ങൾ. ബലവാന്മാരുടെഹിംസകളിൽനിന്നു് ദീനന്മാരെ രക്ഷിക്കുക. ഇതാണു് അവിടത്തെ വ്രതം.

ഋശ്മി:—എന്നാൽ ഇപ്പോൾ പെരുമാളെയാണു് അവിടുന്നു രക്ഷിക്കേണ്ടതു്.

ഭാസ്കു:—പെരുമാളോടു ഭയ തോന്നുന്നുണ്ടോ?

ഋശ്മി:— ഞാൻ തടവിലിരുന്നാൽ അദ്ദേഹത്തിനെ വിട്ടുമെങ്കിൽ ഇന്നൊരുക്കമാണു്.

ഭാസ്കു:— അവിടുന്നു് അനേകം ആളുകളെ രക്ഷിച്ചിട്ടുണ്ടു്. ഇനിയും അനേകം ആളുകളെ രക്ഷിക്കും.

ഋശ്മിണിയുടെ സ്വഭാവത്തെപ്പററി ഈ സമയംകൊണ്ടു വായനക്കാർ ചിലതൊക്കെ ഗ്രഹിച്ചിരിക്കുമല്ലോ. ഭാസ്കരനെ കണ്ടുമുട്ടുന്നതുവരെ പ്രണയം എന്നുള്ളതു് എന്താണെന്നു് അവൾ അറിഞ്ഞിട്ടുണ്ടായിരുന്നില്ല. അവളുടെ പരിചയത്തിൽ പെട്ടിട്ടില്ലാത്ത അപ്രകാരമുള്ള വികാരം അപ്പോൾ മുതല്ക്കു മാത്രമാണു് അവളിൽ അങ്കുരിച്ചതു്. ആ സംഗതിയിൽ അവൾ

ഭാസ്കരനിൽനിന്നു അന്യൂനമായ ദശാവിശേഷത്തോടു കൂടിയവൾതന്നെയാണു്. യൌവനം, ആകാരസൌഷ്ഠവം, കുലീനത, മനോവൃത്തി എന്നിവയിൽ അവക്കു സാരമായ സാദൃശ്യം ഉണ്ടായിരുന്നതുകൊണ്ടായിരിക്കണം, ആകസ്മികമായ സന്ദശ്നത്താൽതന്നെ അവരുടെ അന്തഃകരണങ്ങൾ അനുരാഗബദ്ധങ്ങളായിത്തീന്നതു്. ആ യുവാവിൻെറ ആകൃതിവൈശിഷ്ട്യവും അതിയായ ശൌയ്യസമ്പത്തും അന്തഃകരണവിശുദ്ധിയും മനസാ ധ്യാനിച്ചു അവൾ കുറെനേരം മൌനത്തോടു കൂടിയിരുന്നു. തദനുരൂപങ്ങളായ വിചാരഭേദങ്ങളോടുകൂടി ഭാസ്കരനും മൌനിയായിത്തന്നെ ഇരുന്നു.

അപ്പോൾ താഴത്തുനിന്നു ശക്തിയോടുകൂടിയ പാദന്യാസശബ്ദവും ഒരു പുരുഷൻെറ അധികാരസ്വരത്തോടുകൂടിയ ആജ്ഞാവചനങ്ങളും കേട്ടു.

"ക്ഷണം വാതിൽ തുറക്കണം. ഞാൻ സവ്വാധികാൎയ്യക്കാരനാണു്."

സവ്വാധികാൎയ്യക്കാർ എന്ന പേരു കേട്ടപ്പോൾ രുഗ്മിണിയുടെ മുഖം വിളറി. ഭൂശാസ്യം പിടിച്ചു കരയുന്ന കുട്ടികളുടെ കരച്ചിൽ മാററുവാൻ ആ ഔഷധക്ഷരിമന്ത്രത്തെയാണു് അമ്മമാർ അക്കാലത്തു് ഉപയോഗിച്ചിരുന്നതു!

ഭാസ്ക:— കുറപ്പു ചതിച്ചു.

രുഗ്മി:— ഇനി എന്തു നിവൃത്തി!

ഭാസ്ക:—'വാതിൽ തുറക്കണം.' എന്നു പറഞ്ഞു മുറിയിൽനിന്നു മറഞ്ഞു. സ്വാതന്ത്ര്യമുള്ള ശുണ്ഠിയും അധികാരപ്രമത്തതയും ഇടചേന്നിരുന്നതിനാൽ പ്രമത്തൻസമ്പൂതിരി ഒരു ചൈകന്തൻെറ പ്രകൃതിയെ അനു

കഴിച്ചിരുന്നു. വാതിൽ തുറക്കുന്നതിന്നു സ്വല്പം വിളംബം കണ്ടതിനാൽ അദ്ദേഹം അക്ഷമനായി "വാതിൽ തുറപ്പാൻ ഭാവമില്ലേ?"എന്നു ചോദിച്ചു. "ഇതാ തുറന്നു"എന്നു പറഞ്ഞു വേഗത്തിൽ അടുക്കളയിൽ നിന്നു ഒരുവൻ ഓടിച്ചെന്നു വാതിൽ തുറന്നു. "വിളിച്ചതു അമ്മ കേട്ടില്ല" എന്നൊരു സാന്ത്വനവും അവൻ സ്വാന്തഃകതീയമായി പ്രയോഗിച്ചു.

സ്വ:—നിന്റെ ഏജമാനത്തി എവിടെ?

ഭൃത്യ:—മുകളിലുണ്ട്.

സ്വാ:— അവിടെ പിന്നെ ആരുണ്ട്?

ഭൃത്യ:— ആരും ഇല്ല.

സ്വാ:— ഞാൻ വന്നതറിയിച്ചുവാ.

പാചകശാലയിൽനിന്നു ഓടിവന്ന അവൻ കയ്യിലുണ്ടായിരുന്ന ചില ഉപകരണങ്ങൾ അവിടെത്തന്നെ താഴത്തു വെച്ചു മുകളിലേക്കോടിപ്പോയി, വേഗത്തിൽ മടങ്ങിവന്നു 'മുകളിലേക്കെഴുന്നെള്ളാം' എന്നു പറഞ്ഞു. സ്വാധികാര്യക്കാരൻ പ്രധാന വാതലടച്ചു് സാക്ഷയിട്ടു മുകളിലേക്കു കയറിച്ചെന്നു. രുഗ്മിണി ബഹുമാനാദരങ്ങളോടുകൂടി എഴുന്നേറ്റുനിന്നു തൊഴുതു്, 'ഇവിടെ ഇരിക്കാം' എന്നു പറഞ്ഞു ഒരു പായ നീക്കിയിട്ടു കൊടുത്തു.

സ്വാ:— എനിക്കിരിപ്പാനിടയില്ല. ഇയ്യിടയിൽ ഒരു വിദ്വാനുമായി കുറേശ്ശെ വേഴ്ച തുടങ്ങീട്ടില്ലേ? ആ വിദ്വാൻ ഇപ്പോഴും ഇവിടെ ഉണ്ടെന്നു കേട്ടു. എനിക്കൊന്നു കാണണം.

രുഗ്മി:—അങ്ങിനെ ആരും ഇവിടെ ഇല്ലല്ലോ. അവിടുന്നരുളിച്ചെയ്യുംപോലെ ഒരു പ്രത്യേക വേഴ്ചക്കാരൻ ഇല്ല.

സർവ്വം:— 'ഞാൻ സ്വമേധയാ വന്നതല്ല; എനിയ്ക്കു് ഈ വീടൊന്നു പരിശോധിക്കണം' എന്നു പറഞ്ഞു പുറത്തു അകലെയായി നിൽത്തിയിരുന്ന രണ്ടു ഭടന്മാരെയും വിളിച്ചു് ആ ഗൃഹം ആസകലം പരിശോധന കഴിച്ചു. ഭാസ്കരനെ അവിടെയെങ്ങും കണ്ടില്ല. കരപ്പിന്നു തെററിപ്പോയതായിരിക്കണം എന്നു വിചാരിച്ചു സർവ്വാധികാര്യക്കാർ അവിടെനിന്നു ഭഗ്നാശനായി മടങ്ങി.

നമ്പൂതിരി പോയതിന്നുശേഷം ഭാസ്കരൻ രുഗ്മിണിയുടെ സമീപത്തേയ്ക്കു ചെന്നു.

ഭാസ്ക:—അടുക്കളയിൽ ഊണിന്നൊക്കെ ഒരുക്കമായി. വിളമ്പിത്തരുവാൻ നില്പാനിടയില്ല.

രുഗ്മി:—ക്ഷണത്തിൽ ഈ രാജ്യം വിടണം. ഇനി നിന്നാൽ ആപത്തുണ്ടു്.

ഭാസ്ക:—ഇവിടം വിടുകയോ? അതു വയ്യ.

അതിയോഗ്യനും സമർത്ഥനുമായ തമ്പുരാന്റെ ബന്ധു എന്ന നിലയിൽ, അദ്ദേഹത്തിന്റെ ദൃഷ്ടി തെററാതെ വാത്സല്യത്തോടുകൂടി വളർത്തി വന്നതാകയാൽ യൌവനദശയിലെത്തിക്കഴിഞ്ഞിട്ടും ഭാസ്കരന്നു് സാധാരണയുവാക്കന്മാരിൽ തദ്ദശാവസ്ഥയിൽ കാണപ്പെടുന്ന യുവചാപലങ്ങളുണ്ടായിരുന്നില്ല. സ്ത്രീജാതിയിൽ, ആയാളുടെ ഉററബന്ധുക്കളിൽ ചിലരല്ലാതെ പരിചിതകളായും ഉണ്ടായിരുന്നില്ല. നവയൌവനാവസ്ഥയിൽ ആദ്യമായങ്കുരിച്ച ആ വികാരം അതിൽനിന്നു ഒരിക്കലും നിവൃത്തനാകാതിരിക്കത്തക്കവണ്ണം അത്ര ശക്തിയോടുകൂടി ആയാളെ പിടികൂടി. വിനാഴികപോലും അവളുടെ വിരഹം അവിഷഹ്യമെന്നുതന്നെ ആയാൾക്കു് തോന്നി. അ

വളുടെ പരിസരത്തിലിരിക്കുമ്പോഠം എന്താപത്തിനേയും സഹിപ്പാനുള്ള ശക്തി ആയാഠംക്കുണ്ടെന്നു് ആയാഠം നിശ്ചയിച്ചു. ഭാസ്കരൻെറ അന്തഃകരണത്തിന്നു് ആരാധനാവിഷയമായി അതുവരെ തമ്പുരാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോഠം മുതൽക്കു് ഹൃദയമഞ്ചത്തിൽ രുഗ്മിണിക്കുകൂടി ഇടം കൊടുക്കാതിരിപ്പാൻ നിവൃത്തിയില്ലെന്നു വന്നു. അവിടം വിടുന്നതു് അവളോടുകൂടി മാത്രം എന്നും ആയാഠം മനസ്സുകൊണ്ടു ശപഥം ചെയ്തു. ഭാസ്കരൻെറ മറുപടിയും അനന്തരമുണ്ടായ മൌനവും കണ്ടു രുഗ്മിണി വ്യാകുലപ്പെട്ടു. എങ്കിലും “നിമിഷനേരം ഇനി ഇൗ ദിക്കിൽ നിൽക്കരുതു്” എന്നു പറഞ്ഞു.

ഭാസ്ക:— തമ്പുരാനിവിടെയുണ്ടു്. പെരുമാളെ വിടുവിക്കാൻ വന്നതാണു്. അതു സംബന്ധമായി എനിയ്ക്കും ജോലിയുണ്ടാവും. അവിടുത്തെ സമ്മതമില്ലാതെ ഇവിടം വിടുവാൻ പാടില്ല.

രുഗ്മി:— അതിൽ പ്രവേശിക്കരുതു്. ആ സംഗതിയറിഞ്ഞിട്ടാണു് സർവ്വാധികാര്യക്കാർ വന്നതു്. തമ്പുരാനു വേണ്ടി താമസിച്ചാൽ തല പോവും.

ഭാസ്ക:— അതുകൊണ്ടെനിക്കു വേദനയില്ല. അതിനൊന്നും അവിടുന്നിട വരുത്തില്ല. ഞാനിപ്പോഠം പോകുന്നു. നാളെ വരാം.

രുഗ്മി— നാളെ വരുന്നതു് ഗുണമാണോ?

ഭാസ്ക:— തടസ്ഥം പറയരുതു്. ഒരു ദിവസത്തിൽ കുറെ നിമിഷങ്ങളെങ്കിലും എനിയ്ക്കു കണ്ടുംകൊണ്ടിരിക്കണം. അതില്ലെങ്കിൽ മനസ്സിന്നു മഹാമന്ദതയുണ്ടാവും—എന്നു പറഞ്ഞു പിരിഞ്ഞു

ഈ കഥയിൽ പല സ്ഥലങ്ങളിലും പ്രസ്താവിക്കപ്പെട്ട കഥാനായകനായ തമ്പുരാൻെറ ചുരുങ്ങിയ ഒരു ചരിത്രം ഇനി വായനക്കാരെ ഗ്രഹിപ്പിച്ചതിന്നു ശേഷം മാത്രമേ, ഭാസ്കരൻെറ ഗതികളെ പിന്തുടരുവാൻ വിചാരിക്കുന്നുള്ളു. തിരുവിതാംകൂർ സംസ്ഥാനത്തിൽ 'ഉദയപുരം' എന്നു വിഖ്യാതിയോടുകൂടിയ ഒരു രാജസ്വരൂപം മുൻപുണ്ടായിരുന്നു. ആ സ്വരൂപത്തിലുള്ളവർ പരമ്പരയാതന്നെ എന്തായാസത്തോടും എതിരിടുവാൻ തക്ക ദേഹദാർഢ്യവും മനക്കരുത്തും ഉള്ളവരായിരുന്നു. നമ്മുടെ കഥാകാലത്തു "ഗോദവമ്മ" എന്ന ഒരു പുരുഷകേസരി ആ സ്വരൂപത്തിൽ അവതരിച്ചിട്ടുണ്ടായിരുന്നു. ബാല്യത്തിൽതന്നെ അതിതീക്ഷ്ണമായ പ്രതിഭാവിലാസം അദ്ദേഹത്തിൽ പ്രത്യക്ഷമായിരുന്നു. സ്വന്തപരിശ്രമങ്ങളുടെ ഫലമായി പല ഭാഷകളിലും അദ്ദേഹം പാണ്ഡിത്യം സമ്പാദിച്ചു. താനുമായി കണ്ടു സംസാരിച്ചു നിന്നവൻ ആരുതന്നെ ആയാലും ആയാളുടെ സംഭാഷണസമ്പ്രദായവും നാട്യവും സ്വരവും അനുകരിച്ചു ഫലിപ്പിക്കുവാൻ പ്രകൃത്യാതന്നെ അദ്ദേഹം കുശലനാണു്. അതിപരിചിതന്മാക്കുപോലും ആളറിവാൻ പാടില്ലാത്ത വിധങ്ങളിലുള്ള വേഷപ്പകച്ചകളോടുകൂടി പെരുമാറുന്നതു് അദ്ദേഹത്തിന്നു ഒരു നേരംപോക്കിന്നുള്ള വട്ടമാണു്. ഇവയ്ക്കു പുറമെ, കായികാഭ്യാസത്തിലും മമ്മവിദ്യയിലും അപാരമായ വൈദഗ്ധ്യം തമ്പുരാൻ സമ്പാദിച്ചിട്ടുണ്ടു്. ആപത്തിൽ അദ്ദേഹം സുസ്ഥിരമനസ്സനായിരുന്നു. ഏതു സമയത്തും മുഖപ്രസന്നതയോടുകൂടിയല്ലാതെ അദ്ദേഹത്തെ ആരും കണ്ടിട്ടില്ല. ജനങ്ങൾ അദ്ദേഹത്തെ ഒരവതാരപുരുഷ

നെപ്പോലെ ആരാധിച്ചിരുന്നു. കേരളം മുഴുവനും അതിനു പുറമെയുള്ള ചില രാജ്യങ്ങളും തമ്പുരാൻ സന്ദർശിച്ചിട്ടുണ്ടു്. കോഴിക്കോടു സന്ദർശിച്ച കാലത്തു് അവിടെ കുറച്ചു കാലത്തോളം സംഗതിവശാൽ താമസിക്കേണ്ടതായി വന്നു. അന്നു്, 'ആഴ്വട്ടം' എന്ന സ്ഥലത്തിന്നു് അലങ്കാരഭൂതമായിരുന്ന കമലാവതി എന്ന തരുണീരത്നത്തെ അദ്ദേഹം കളത്രത്വേന സ്വീകരിച്ചു തിരുവനന്തപുരത്തേക്കു കൂട്ടിക്കൊണ്ടു പോയി.

ബ്രാഹ്മണസംഘത്താൽ വിനീതമായ ഭരണനയത്തോടുകൂടിയ പെരുമാക്കന്മാരുടെ വാഴ്ചക്കാലങ്ങളിൽ പൌരന്മാർക്കു പരക്കെ ക്ഷേമമുണ്ടായിരുന്നില്ല. സമ്പത്സമൃദ്ധിയും വിദ്യാവൈദഗ്ദ്ധ്യവും ഇതരജാതിക്കാരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടു കണ്ടതുകൊണ്ടു പരോൽക്കർഷാസഹിഷ്ണുത്വം ബാധിച്ചുപോയ ബ്രാഹ്മണർ പൌരപ്രധാനന്മാരിൽ ചിലരെ തിരഞ്ഞു വധിപ്പിക്കുവാനും ബന്ധനസ്ഥന്മാരാക്കുവാനും തുടങ്ങി. ബ്രാഹ്മണരുടെ ഹിതങ്ങൾ സാധിപ്പാൻ പെരുമാക്കന്മാരെ വശംവദന്മാരാക്കി നിർത്തിയിരുന്നതുകൊണ്ടു അവർക്കു ആയാസമൊന്നും ഉണ്ടായിരുന്നില്ല.

കഥാനായകനായ ഗോദവർമ്മത്തമ്പുരാൻ പെരുമാക്കന്മാരുടേയും ബ്രാഹ്മണസംഘത്തിന്റേയും അപനയങ്ങൾ നിമിത്തം ആപൽഗതന്മാരായ പൌരപ്രധാനന്മാരെ നയചാതുരിപ്രയോഗിച്ചു രക്ഷപ്പെടുത്തുവാൻ നിശ്ചയിച്ചു. തന്നോളംതന്നെ തന്ത്രവിദഗ്ദ്ധതയും, എന്തഭ്യാസത്താലും പരിക്ഷയിക്കാത്ത ദേഹബലവും ഉള്ള കുലീനന്മാരായ എട്ടുപത്തു യുവാക്കളെ ചേർത്തു് ഒരു സമിതി ഏർപ്പെടുത്തി. തമ്പു-

രാനോടുകൂടി മേൽ പറയപ്പെട്ട സഭാംഗങ്ങറം തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടു പെരുമാക്കന്മാരുടെ ഭരണാധികാരസീമയ്ക്കുള്ളിൽ കടന്നു് അവരുടെ അപനയങ്ങറം നിമിത്തം അവശരായിരുന്ന പൌരമുഖ്യന്മാരെ പലരേയും രക്ഷിച്ചിട്ടുണ്ടു്. ശിക്ഷ വിധിക്കപ്പെട്ട സ്ഥലത്തുനിന്നും കാരാഗൃഹദ്വാരത്തിൽ നിന്നു തന്നെയും, ഭരണാധികാരികളുടെ തന്ത്രങ്ങളെ ഭേദിച്ചു കുററക്കാരെ രക്ഷപ്പെടുത്തി രാജ്യത്തിൻെറ അതിൎത്തിക്കു പുറത്തേയ്ക്കയച്ചു് അധികാരസ്ഥന്മാരെ ലജ്ജിതന്മാരാക്കീട്ടുണ്ടു്. പ്രമത്തൻനമ്പൂതിരിയും കേശവൻനമ്പിടിയും പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തുതന്നെ ചെറിയ തരങ്ങളിലുള്ള ഉദ്യോഗങ്ങളിൽ പ്രവിഷ്ടന്മാരായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ, അവൎക്കു അഖിലഭയങ്കരത്വം ഈ കഥാരംഭകാലത്തു മാത്രമേ സിദ്ധിച്ചിട്ടുള്ളു. അക്കാലങ്ങളിൽ അവരെ 'പൌരവിമൎദ്ദന'മെന്ന പ്രത്യേക പ്രവൃത്തിക്കു നിയമിച്ചതായിന്നു. നമ്പൂതിരിയും നമ്പിടിയും അന്നൊക്കെ തമ്പുരാനുമായി പല അടവുകളും പൊരുതിനോക്കീട്ടുണ്ടു്. അപ്പോറളൊക്കെയും എന്നെയ്ക്കും അപഖ്യാതി നിലനില്ക്കുവാൻ ഇടയാക്കിയ പരാജയങ്ങളേ അവൎക്കുണ്ടായിട്ടുള്ളു. അതുനിമിത്തം, നമ്പൂതിരിക്കും നമ്പിടിക്കു പ്രത്യേകിച്ചും തമ്പുരാനോടു കണക്കററ കറയുണ്ടായിരുന്നു. തമ്പുരാൻെറയും സഭാംഗങ്ങളുടേയും തന്ത്രഭേദങ്ങളുടെ സ്വഭാവജ്ഞാനം കഥാശേഷംകൊണ്ടുണ്ടാകുന്നതാകയാൽ ഇവിടെ വിവരിക്കേണ്ടതില്ല.

കോഴിക്കോട്ടു കാരാഗൃഹത്തിൽ പെരുമാററക്കു ഭവിക്കുന്ന പീഡനങ്ങറം കണ്ണാകണ്ണികയാ തമ്പുരാന്

അറിയുന്നതിന്നു സംഗതി വന്നു. തന്റെ സ്നേഹിതന്മാരോടുകൂടി ആലോചിച്ചു പെരുമാളെ തടവിൽനിന്നു വിടുവിക്കാൻ ഉറച്ചു. സഭാംഗങ്ങളിൽനിന്നു കേശവൻപിള്ള, ശിവൻപണ്ടാല, നാരായണൻ തമ്പി, ഭാസ്കരൻ എന്ന നാലാളുകളോടുകൂടി കോഴിക്കോട്ടേയ്ക്കു പുറപ്പെട്ടു. ബ്രിട്ടീഷ് മലബാർ എന്നു പറയപ്പെടുന്ന രാജ്യം മാത്രമേ ബ്രാഹ്മണസംഘത്തിന്റെ അധീനതയിലാക്കി ഈ കഥയിൽ കല്പിച്ചിട്ടുള്ളു. കൊച്ചി, തിരുവിതാംകൂർ എന്ന രണ്ടു രാജ്യങ്ങളും അവരുടെ അധികാരത്തിൽ പെട്ടിട്ടുള്ളവയല്ല.

പെരുമാളെ കാരാഗൃഹത്തിലാക്കിയതിന്നുശേഷം കേശവൻനമ്പിടി തമ്പുരാനെ പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്നും, അദ്ദേഹത്തിന്റെ തന്ത്രങ്ങൾ തടുപ്പാൻ പ്രയാസമുള്ളവയാണെന്നും നമ്പൂതിരിയെ ധരിപ്പിച്ചു് അവരുടെ ഭരണാധികാരസീമയ്ക്കുള്ളിൽ ചില പ്രത്യേക സ്ഥലങ്ങളിൽ തമ്പുരാന്റെ വരവിനെ തടുപ്പാൻ സൈന്യങ്ങളെ നിർത്തി. പെരുമാക്കന്മാരുടെ കിരീടധാരണസ്ഥലമായിരുന്നതിനാൽ പ്രാധാന്യം കൂടിയ തിരുനാവായിൽ സൈന്യങ്ങളോടുകൂടി നമ്പിടിതന്നെ പാർപ്പുറപ്പിച്ചു. അക്കാലങ്ങളിൽ രാജമാർഗ്ഗങ്ങൾ ധാരാളമായി ഉണ്ടായിരുന്നില്ലെന്നു് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അരാജകത്വമോ, ജനപ്രാതിനിധ്യമോ, രാജ്യത്തിൽ സ്ഥാപിപ്പാൻ ഉറച്ചു ജനങ്ങളിളകി കലഹങ്ങളുണ്ടാക്കിത്തീർത്തുകൊണ്ടിരുന്നതിനാൽ, ഭരണഭാരം വഹിച്ചിരുന്നവർക്കു ജനക്ഷേമത്തിന്നു വേണ്ടുന്ന മാർഗ്ഗങ്ങളാലോചിപ്പാൻ ഇടയും സ്വാസ്ഥ്യവും കിട്ടിയിരുന്നില്ല. നാട്ടുവഴി

കൾപോലും വേണ്ടപ്രകാരം തെളിയിച്ചിട്ടുണ്ടായിരുന്നില്ല. തിരുവനന്തപുരത്തുനിന്ന പുറപ്പെട്ടാൽ കോഴിക്കോട്ടെത്തുവാൻ, വള്ളംവഴിക്ക ചേററുവായഴിവരെ എത്തി, അവിടെനിന്ന കരവഴിയായി തിരുനാവയിലൂടെ പോകവാനുള്ള ഏക മാൎഗ്ഗമല്ലാതെ, ജനങ്ങൾക്ക സുഗമമായും പരിചിതമായും മററു മാൎഗ്ഗം ഉണ്ടായിരുന്നില്ല. തമ്പുരാൻ, കൂട്ടുകാരോടുകൂടി തിരുനാവായവരെ എത്തി. അവിടെ തങ്ങളെ കാത്തുനില്ക്കുന്ന നമ്പിടിയെ തോല്പിച്ചു മുന്നോട്ടു കടക്കുവാനുള്ള വഴികളാലോചിച്ചു.

ഭാസ്തരൻ അതികോമളനും, അഞ്ചുപേരിലും വെച്ചു പ്രായം കറഞ്ഞ ആളും ആയിരുന്നു. ആയാളെ ഒരു സ്ത്രീവേഷം ചമയിച്ച ശേഷം നാലുപേരും മലിനവേഷങ്ങളോടുകൂടി വാഹകന്മാരുടെ വടിവെടുത്ത്, ഒരു മേനാവു സമ്പാദിച്ചു ഭാസ്കരനെ അതിലിരുത്തി സ്കന്ധങ്ങളിലെടുത്തു നടന്നു സന്ധ്യ സമീപിക്കാറായപ്പോൾ തിരുനാവായിലെത്തി. എത്ര തന്നെ നിഷ്ഠുരനായിരുന്നാലും നമ്പിടി സ്ത്രീകളോടു അപമൎയ്യാദ കാട്ടിയതായി കേട്ടിട്ടില്ല. 'ശംഭുമോഹിനി'യെപ്പോലെ കണ്ട ഭാസ്കരനെ വാഹകന്മാരോടുകൂടി കടന്നുപോയ്ക്കൊൾവാൻ നമ്പിടി ക്ഷണത്തിൽ അനുവദിച്ചു. കോഴിക്കോട്ടെത്തിയതിന്നു ശേഷം അനുയായികളെ നാലുപേരേയും തമ്പുരാൻ നാലു ദിക്കുകളിലായി താമസിപ്പിച്ചു. അദ്ദേഹത്തിന്റെ വാസസ്ഥലം അവരിൽനിന്നു് ഗുപ്തമാക്കി വെയ്ക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സമ്പ്രദായം അറിവുണ്ടായിരുന്നതിനാൽ, ആ സ്ഥലം ഏതെന്നറിയുവാനുള്ള ആഗ്രഹംപോലും അവൎക്കുണ്ടായില്ല. നിൎദ്ദേശി

ക്കപ്പെട്ട സ്ഥലത്തു് നിർദ്ദിഷ്ടസമയങ്ങളിൽ എല്ലാവരും എത്തിച്ചേരുവാനുള്ള നിശ്ചയവും കഴിച്ചിട്ടുണ്ടായിരുന്നു. തമ്പുരാൻ മാർഗ്ഗമദ്ധ്യത്തിൽവെച്ചു് പെട്ടു മറെറാരു കാര്യത്തെക്കൂടി പ്രസ്താവിച്ചു് ഈ ഭാഗം അവസാനിപ്പിക്കാം.

പെരുമാളുടെ സങ്കടസ്ഥിതിയറിഞ്ഞു പാണ്ടി, ചോളം എന്നീ ദേശങ്ങളിൽനിന്നു് ചില ചാരന്മാർ രക്ഷാമാർഗ്ഗങ്ങളാരായുവാൻ ആ ഭയങ്കരവാഴ്ചക്കാരുടെ അധികാരസീമയ്ക്കു് പുറത്തു നാനാ ഭാഗങ്ങളിലും ശ്യേനലീലയെ ചെയ്യുന്നുണ്ടായിരുന്നു. തമ്പുരാനവരെ കണ്ടറിഞ്ഞു് ഒരു സങ്കേതം നിർദ്ദേശിച്ചു. പെരുമാൾ വരുന്നതുവരെ അവരോടവിടെ കാത്തിരിക്കുവാൻ ആവശ്യപ്പെട്ടു.

## IV

ഭാസ്കരൻ രുഗ്മിണിയുടെ സമീപത്തുനിന്നു് പിരിഞ്ഞതിന്നു ശേഷം ഏകനായി നടന്നു തുടങ്ങി. അന്നു് വെള്ളിയാഴ്ച ദിവസം. അന്നാണു് സഭാംഗങ്ങളുടെ സമ്മേളനം നിശ്ചയിക്കപ്പെട്ടിരുന്നതു്. ഭാസ്കരൻ ദ്രുതമായി നടന്നുതുടങ്ങി. "സത്രം" എന്ന പ്രദേശം അക്കാലങ്ങളിൽ വലിയ പുള്ളിക്കാടുകളും ജീർണ്ണവൃക്ഷങ്ങളും വളർന്നുനിന്നിരുന്ന ഒരു ദുർഭൂമിയായിരുന്നു. സന്ധ്യ കഴിഞ്ഞതിന്നു ശേഷം ആ ദിക്കിലൂടെ നടക്കുവാൻപോലും ആരും ധൈര്യപ്പെട്ടിരുന്നില്ല. യക്ഷികളുടേയും പ്രേതങ്ങളുടേയും അധിവാസം ആ സ്ഥലത്തുണ്ടെന്നായിരുന്നു അക്കാലത്തു് ജനങ്ങളുടെ വിശ്വാസം. തമ്പുരാന്റെ സഭാംഗങ്ങളുടെ സമ്മേളനത്തിന്നു തിരഞ്ഞെടുക്കപ്പെട്ട സ്ഥലം

K. P. Y. A

അതായിരുന്നു. ഭാസ്കരൻ അവിടെ എത്തിയപ്പോഠം മററു നാലുപേരും അവിടെ തെയ്യാറുണ്ടായിരുന്നു.

ഭാസ്കു:—ഞാൻ തെററുകാരനാണെ്.

തമ്പു:—അതിരിക്കട്ടെ. എനിക്കിന്നു സാരമായി ചിലതു പറവാനുണ്ടു്. നാളെ ശനിയാഴ്ച. നാളെ പെരുമാഠം തടവിൽനിന്നു പോരണം. ഞാനാലോചിക്കുന്നപ്രകാരമെല്ലാം കാൎയ്യങ്ങഠം നടന്നാൽ പെരുമാഠംക്കു പുറത്തു പോരാം. എന്നാൽ നിങ്ങളുടെ ശ്രദ്ധയോടുകൂടിയ സഹകരണം വേണം. ഞാൻ പറയുന്ന വാക്കുകളുടെ വള്ളിപുള്ളികഠം പോലും വ്യത്യാസം വരുത്താതെ നിങ്ങഠം പ്രവൎത്തിക്കണം.

നാ. ത:—തിരുമനസ്സിലെ കല്പനപോലെ നടത്തിക്കൊള്ളാം.

തമ്പു:—കാരാഗ്രഹരക്ഷകനെ പ്രവൃത്തിയിൽനിന്നു പിരിച്ചിരിക്കുന്നു.

തടവുകാൎക്കു് അനുവദിക്കപ്പെട്ടേടത്തോളമുള്ള സൌകൎയ്യങ്ങളെ സാധിപ്പിച്ചുകൊടുപ്പാൻ ഇക്കാലത്തുള്ള "വാർഡർ" ഉദ്യോഗത്തോടു് ഏകദേശസാമ്യം വഹിക്കുന്ന ഒരുദ്യോഗസ്ഥൻ അന്നുണ്ടായിരുന്നു. വായനക്കാൎക്കു് എളുപ്പത്തിന്നുവേണ്ടി ആയാഠംക്കു വാർഡർ എന്നു തന്നെയാണെ് ഈ കഥയിൽ നാമകരണംചെയ്യാൻ വിചാരിക്കുന്നതു്.

കേ. പി:—ആയാളെ എന്തിനു പിരിച്ചു?

തമ്പു:—സൎവ്വാധികാരിക്കു് തടവിലുള്ള സൎവ്വജനങ്ങളിലും സംശയമാണെ്. പെരുമാഠം പുറത്തുപോയാൽ നമ്പൂതിരിക്കും ആ നമ്പിടിക്കുമാണത്രേ ദോഷങ്ങളൊക്കെ വരാനുള്ളതു്. അവൎക്കു് രണ്ടുപേൎക്കും അതുനിമിത്തം നന്നെ ഭയമുണ്ടു്. വാർഡൎക്കു് ഭര

ണസംഘക്കാരുടെ വിരോധികളുമായി കൂട്ടുകെട്ടുണ്ടോ ന്നോ മററൊരു ദുശ്ശങ്ക ജനിച്ചു. ക്ഷണത്തിൽ പിരിയുവാൻ കല്പന കൊടുത്തു. നാളെ അസ്തമിച്ചതിന്നു ശേഷമാണ് ആയാളുടെ അവിടെനിന്നുള്ള യാത്ര. അതു് ഞാനറിഞ്ഞു. അതാണ് നമ്മളുടെ അവസരം. വാർഡർ പുറത്തേയ്ക്കു് പോരുന്നതോടുകൂടി പെരുമാളും പോരണം. അതെങ്ങിനെ എന്നെനിക്കിപ്പോൾ പറവാൻ വയ്യ. എങ്കിലും ആ അവസരം തെററിക്കൂടാ.

ശി. പ:—ഇവിടുത്തെ കല്പന യന്ത്രങ്ങളെപ്പോലെ നടത്താം. അല്ലാതെ കൌശലങ്ങൾ പ്രവൃത്തിപ്പാൻ വയ്യാ.

തമ്പു:—"അതു് മതി. നാളെ തമ്പിയും പിള്ളയുംകൂടി ഒരു കാളവണ്ടി വിലയ്ക്കു് വാങ്ങി കുറെ വിറകു് ഉണ്ടാക്കി അതിൽവെച്ചു് വിറകു വെട്ടുന്നവരുടെ വേഷമെടുത്തു് കാരാഗൃഹത്തിന്റെ അരക്കാൽ നാഴിക അകലം കണ്ടു ആറേഴ നാഴിക രാവുചെന്നാൽ കാത്തുനില്ക്കണം. ചോദ്യമുണ്ടായാൽ വിറകു് വില്ക്കുന്നവരാണെന്നു പറയുകയും ഈ ഓലനറുക്കു് കാണിക്കുകയും വേണം. ഇതു് അവരുടെ അധികാരസീമകളിൽ നടക്കുവാനും പുറത്തേയ്ക്കു് കടക്കുവാനും സ്വാതന്ത്ര്യം നൽകുന്ന അധികാരലേഖനമാണ്." എന്നു പറഞ്ഞു് അതു് അവരുടെ കയ്യിൽ കൊടുത്തു. "ഞാൻ വരുന്നതുവരെ നിങ്ങൾ കാത്തുനില്ക്കണം. അധികം ഭാരമില്ലെങ്കിൽ ആ രാവുകൊണ്ടു് പത്തിരുപതു നാഴിക വഴി അകലം പോകരുതേ?"

കേ. പി:—അതാവാം.

തമ്പു:—എന്നാൽ ഭാസ്കരനും പണ്ടാലയും നാ

ളെത്തന്നെ പുലരുന്നതിന്നുമുമ്പ് പുറപ്പെട്ടു് നമ്മറം പാണ്ടിദേശക്കാരെ താമസിപ്പിച്ച സ്ഥലത്തുമുമ്പിൽ എത്തണം. പെരുമാറം വരുന്ന വിവരം അവരെ അറിയിക്കുകയും, എത്തിയാൽ അരനിമിഷംപോലും താമസത്തിന്നിടവരാതെ അവിടെനിന്നു കൊണ്ടുപോകുവാൻ അവരെക്കൊണ്ടു ഒരുക്കങ്ങറം ചെയ്യിക്കുകയും വേണം. ഈ കാര്യങ്ങളിൽ ആരിൽനിന്നും ലഘുവായിട്ടെങ്കിലും ഒരു വീഴ്ചയും വന്നുപോകരുതു്.

നാ. ത:— എല്ലാം തിരുമനസ്സുപോലെ സാധിക്കും.

തമ്പു:-— എന്നാൽ അങ്ങിനെ.

എന്നു പറഞ്ഞു അവരെ പിരിച്ചയച്ചു് തമ്പുരാൻ വാസസ്ഥലത്തെയ്ക്കു പുറപ്പെട്ടു. കുറച്ചു ദൂരം നടന്നതിന്നുശേഷം പിന്നിൽനിന്നുണ്ടായ കാൽപ്പെരുമാററം കേട്ടു പിന്തിരിഞ്ഞു നിന്നു.

തമ്പു:— ഭാസ്ക്കരനോ? കൂടെയുണ്ടോ? എന്താണ് പറവാനുള്ളതു്?

ഭാസ്ക:— നാളെ ഇവിടം വിടുവാൻ കല്പനയാവരുതു്.

തമ്പുരാൻ ഉത്തരം ഒന്നും പറഞ്ഞില്ല. ചന്ദ്രികയിൽ ഭാസ്കരൻെറ മുഖവികാരത്തെ നോക്കുകമാത്രം ചെയ്തു. ഭാസ്കരൻ തുടന്നു പറഞ്ഞു:—അടിയന്നു ഇവിടെ നില്പാൻ സമ്മതം തരണം. ഇവിടെ നടത്തേണ്ട കാര്യങ്ങറംക്കു അടിയൻ പോരേ?

തമ്പു:— എനിക്കിന്നു ബഹു ക്ഷീണം. ഉറക്കം വരുന്നു. താൻ മടങ്ങു.

ഭാസ്ക:— അടിയനോടു ഒന്നും പറയാതേയോ?

തമ്പു:— എനിക്കു പറയാനുള്ളതൊക്കെ പറഞ്ഞു കഴിഞ്ഞു.

ഭാസ്ക:— സാരമില്ലാത്ത കാൎയ്യത്തിന്നല്ലേ അടിയനെ അയക്കുന്നതു?

തമ്പു:— അതിനുപോലും താൻ പോരെന്നു കണ്ടിട്ടാണ് പണ്ടാലയെ കൂട്ടിന്നു വിടുന്നതു്.

ഭാസ്ക:— അവിടെക്കെന്താണീ അഭിപ്രായവ്യത്യാസം?

തമ്പു:— തന്റെ സ്വഭാവവ്യത്യാസംകൊണ്ടുണ്ടായതാണു്. മനസ്സു സുസ്ഥിരമായി നിൎത്തിയവൎക്കേ എന്നോടു കൂടി നിന്നു് ഈ കാൎയ്യത്തിൽ പ്രയത്നിപ്പാൻ സാധിക്കുള്ളു.

ഭാസ്ക:— അടിയന്റെ മനസ്സിന്നിളക്കമുണ്ടോ?

തമ്പു:— എതോ ഒരു രുഗ്മിണിയെസ്സംബന്ധിച്ചു് അതൊന്നിളകീട്ടുണ്ടെന്നാണ് എന്റെ അറിവു്.

ഭാസ്കരൻ ഇതു കേട്ടപ്പോൾ ഒന്നു ഞെട്ടി; അമാനുഷനായ അദ്ദേഹത്തിനോടു എല്ലാം തുറന്നു പറയുന്നതാണു് ഗുണം എന്നു ക്ഷണത്തിൽ നിശ്ചയിച്ചു.

ഭാസ്ക:— അവിടുന്നു അരുളിച്ചെയ്തതു ശരിയാണു്. അടിയനെ നാളെ ഇവിടെനിന്നു അയക്കരുതു്.

തമ്പു:— എന്താ, തമ്മിൽ കാണാം എന്നു വെച്ചിട്ടുണ്ടോ?

ഭാസ്ക:— അതല്ല. അടിയൻ നിമിത്തം അവൾ ആപത്തിൽ പെടും. അവൾ നിമിത്തമാണു് അടിയൻ ആപത്തിൽനിന്നു രക്ഷപ്പെട്ടതു്.

തമ്പു:— എന്റെ കൂട്ടുകാരനായ ഭാസ്കരനേയും രക്ഷിച്ച അവൾ ആപത്തിൽ ചാടുകയോ? അതുണ്ടാവില്ല.

ഭാസ്കു:— നാളത്തെ ഇട അനുവദിച്ചുതരണം.

തമ്പു:— അനേകം പുരുഷരത്നങ്ങളുടെ ജീവഹാനിയാണ് ഈ പാപികൾ വരുത്തുന്നതു്. അതു തടയുവാനുള്ള എൻെറ പരിശ്രമങ്ങൾ ഒരു സ്ത്രീനിമിത്തം താൻ തടയരുതു്. താൻ നാളെ പോവുകതന്നെ വേണം.

ഭാസ്ക:—അവിടുത്തെ കല്പനപോലെ ചെയ്യാം. പ്രേമം എന്നുള്ളതു എന്താണെന്നു അവിടുന്നു അറിഞ്ഞിട്ടില്ല. അടിയൻ നാളെ കാലത്തു പങ്കാലയോടുകൂടി പറഞ്ഞ സ്ഥലത്തേയ്ക്കു പുറപ്പെട്ടുകൊള്ളാം.

തമ്പു:—പ്രേമം എന്താണെന്നു് എനിക്കറിവില്ലെന്നു പറഞ്ഞതു ഞാൻ സമ്മതിച്ചു. എന്നാൽ പ്രണയപരീക്ഷയിൽ കീർത്തിമുദ്ര സമ്പാദിപ്പാനല്ല നാം പുറപ്പെട്ടതു; പെരുമാളെ രക്ഷിപ്പാനാണ്. അതാദ്യം കഴിയട്ടെ.

എന്നു പറഞ്ഞു ഭാസ്കരനെ പിരിച്ചയച്ചു് വാസസ്ഥലത്തേയ്ക്കു പോയി.

ഭാസ്കരനെക്കാത്തു വഴിയിൽ പങ്കാല നില്പുണ്ടായിരുന്നു. യാത്രാസമയം അവർ തമ്മിൽ പറഞ്ഞു നിശ്ചയിച്ചതിനുശേഷം പിരിഞ്ഞു. ഭാസ്കരൻ സ്വവസതിയിലെത്തി.

തമ്പുരാൻെറ കല്പനപ്രകാരം ഭാസ്കരനു പിറേറന്നു കാലത്തു പോകാതിരിപ്പാൻ നിവൃത്തിയില്ല. രുഗ്മിണിയെ ഒന്നു കണ്ടുപോകുവാനുള്ള ആഗ്രഹം കലശലായുണ്ടുതാനും. തമ്പുരാൻ, രുഗ്മിണി ഇവരെ സംബന്ധിച്ചുള്ള കൃത്യങ്ങൾ ഭിന്നപ്രദേശങ്ങളിലായിരുന്നുവല്ലോ. ഒന്നിൻെറ ത്യാഗത്താലല്ലാതെ മറെറാന്നു സാധിക്കുക സുഖസാദ്ധ്യമായിരുന്നില്ല. ആയാൾ

വിധുരിതചിത്തനായിത്തീൎന്നു്, മനസ്സു ഭിന്നമാൎഗ്ഗങ്ങളിലെല്ലാ തുല്യശക്തിയോടുകൂടി ആകൎഷിക്കപ്പെടുകയാൽ വല്ലാതെ ക്ഷീണിച്ചു. ചിന്താപരമ്പരകളാൽ അന്നുരാത്രി നിദ്രതന്നെ ഉണ്ടായില്ല. പ്രഭാതത്തിനു മുമ്പ് ആയാാം വീട്ടിൽനിന്നു പുറത്തേക്കിറങ്ങി. രുഗ്മിണിയെ സംബന്ധിച്ച കൃത്യം നിൎവ്വഹിച്ചതിനു ശേഷം തമ്പുരാന്റെ കല്പന നിറവേററുവാൻ കട്ടവിൽ നിശ്ചയിച്ചു. തമ്പുരാനുമായി തലേദിവസം പിരിയുന്ന സമയത്തു തമ്പുരാൻ തന്നോടു് അല്പം ഭാവം മാറി സംസാരിച്ചതിനാൽ ഉണ്ടായ മനോവേദനനിമിത്തം പുലരുന്നതിന്നു മുമ്പുതന്നെ പറഞ്ഞ സ്ഥലത്തെയ്ക്കു പുറപ്പെട്ടുപോകുവാൻ ഉറച്ചു്, മലിനവേഷധാരിയായി യാത്രയ്ക്കൊരുങ്ങിക്കൊണ്ടാണ് ചെന്നുകിടന്നതു്. അതേ വേഷത്തിൽതന്നെയാണ് അപ്പോാം ഭാസ്കരൻ രുഗ്മിണിയുടെ ഭവനത്തിലേക്കു നടന്നതും. നവാനുരാഗിണിയായ ഒരു കന്യകയുടെ സമീപത്തേയ്ക്കു പുറപ്പെടുന്ന ഒരു കാമുകനിണങ്ങിയ മോടി അല്ല തനിക്കപ്പോളുള്ളതെന്നു ഭാസ്കരൻ സ്മരിച്ചില്ല. ആയാാം ഒരു ഭ്രാന്തനെപ്പോലെ നടന്നു ചെന്നു രുഗ്മിണിയുടെ വാതുക്കൽ മുട്ടി. പ്രതിശബ്ദം ഒന്നും ഉണ്ടായില്ല. അക്ഷമതയോടുകൂടി വാതില്ക്കൽ പിന്നെയും മുട്ടി. അപ്പോാം "കഴവേറാൻ പോണ ആരാണ് വാതില്ക്കൽ ഇടിയ്ക്കുന്നതു്?" എന്നു, മൎയ്യാദ കുറെക്കുറഞ്ഞ ഒരു ചോദ്യമാണ് അകത്തു നിന്നുണ്ടായതു്. ഉടനെ ബലിഷ്ഠദേഹനായ ഒരു കിഴവൻ വാതിൽ തുറന്നു പുറത്തേക്കു വന്നു. രുഗ്മിണി എന്ന ഒരൊററ വിചാരം മാത്രമേ ഭാസ്കരന്നുണ്ടായിരുന്നുള്ളു.

ആയാളുടെ തലയ്ക്കു പ്രണയലഹരി കൊണ്ടുപിടിച്ചിട്ടുണ്ടായിരുന്നതിനാൽ, കിഴവന്റെ വാക്കും ഭാവവും ഉള്ളിൽ കൊണ്ടില്ല. വന്ന കാൎയ്യം വേഗത്തിൽ സംദ്ധ്യമാക്കുവാനേ ആലോചിച്ചുള്ളു. ആ കിഴവനാരാണെന്നും രുഗ്മിണിയോടു വല്ല ബന്ധുവും ഉണ്ടോ എന്നും ആലോചിപ്പാനോ ചോദിപ്പാനോ ആയാൾക്കിടയില്ല. കിഴവനെ കണ്ട ഉടനെ "രുഗ്മിണി എവിടെ? എനിക്കൊന്നു കാണണം." എന്നു പറഞ്ഞു.

കിഴ:—ഇവിടെ രുഗ്മിണിയുമില്ല, സത്യഭാമയുമില്ല. പുലരുന്നതിന്നുമുമ്പു വന്നു സൈ്വരംകെടുത്തിയതിന്നു വേണ്ടതുണ്ടു്.

ഭാസ്ക:—ഇതിലായിരുന്നുവല്ലോ താമസം.

കിഴ:—എന്നാൽ ഇപ്പോൾ തടവിലാണു്. അവിടെ ചെല്ലു—എന്നു പറഞ്ഞു് അകത്തു കടന്നു വാതിലടച്ചു.

ഭാസ്കരന്നപ്പോൾ ഉണ്ടായ വികാരങ്ങൾ വിചാരണംകൂടാതെ അറിഞ്ഞുകൂടേ? പെട്ടെന്നുണ്ടായ ഒരു തളൎച്ചനിമിത്തം ആയാളവിടെത്തന്നെ ബോധരഹിതനായി വീണുപോയി. സ്വബോധമുണ്ടായപ്പോൾ താൻ കിടക്കുന്നതു തന്റെ വാസസ്ഥലത്തുള്ള ഒരു മുറിക്കകത്താണെന്നറിഞ്ഞു. അടുത്തു് പരിഹാസരസാവലിപ്തമായ മന്ദസ്മിതത്തോടുകൂടി തമ്പുരാൻ നില്ക്കുന്നുണ്ടു്. ഭാസ്കരൻ കിടന്നപാട്ടിൽതന്നെ കൂപ്പുകയ്യുമായിക്കൊണ്ടു് "അടിയന്റെ തെററു ക്ഷമിക്കണം" എന്നു മാത്രം പറഞ്ഞു.

തമ്പു:—തെററൊന്നുമില്ല. നമ്മൾക്കെല്ലാവൎക്കും താൻ കുഴത്തിലേയ്ക്കു കടുക്കകളുണ്ടാക്കി. നമ്പൂതിരിയും നമ്പിടിയും തന്നെ ഇനി വിടില്ല. തന്റെ വ

ഴിക്കു അവർ എന്നെയും പിടിക്കും. അതു ഞാൻ ഉറച്ചിട്ടുണ്ടു്.

ഭാസ്ക:—അടിയന്റെ പ്രേമം അവിടെയ്ക്കറിഞ്ഞുകൂടാ.

തമ്പു:—പ്രേമത്തെ സംബന്ധിച്ചു് എനിക്കു ഒരു ഗന്ധവും ഇല്ലെന്നു നമ്മൾ തീച്ച്പ്പെടുത്തിയ കാര്യമല്ലേ? തനിക്കെന്താണാവശ്യം?

ഭാസ്ക:—അവൾ തടവിലാണത്രെ.

തമ്പു:—അതു ഞാനറിഞ്ഞു.

ഭാസ്ക:—അതെങ്ങിനെ?

തമ്പു:—തന്റെ ഇന്നലത്തെ സംസാരംകൊണ്ടു, അവർ അവളെ തടവിലിടുമെന്നു ഞാനൂഹിച്ചു. അവൾക്കു മുന്നറിവു കൊടുക്കാൻ ഞാനപ്പോൾതന്നെ പോയി. പക്ഷെ അല്പം വൈകിപ്പോയി.

ഭാസ്ക:—അടിയൻ വീണ്ടപ്പോൾ ഇവിടുന്നു് എങ്ങിനെ അവിടെ എത്തി?

തമ്പു:—ഇന്നലെ പോടകേണ്ട കാര്യത്തിൽ നന്നെ ശാഠ്യംപിടിച്ചുനിന്നു്കടവിൽ പെട്ടെന്നു സമ്മതിച്ചില്ലേ?അവളെ ചെന്നുകണ്ടു് പിന്നെ പൊയ്ക്കൊള്ളാം എന്നു താൻ ഉള്ളിൽ കണ്ടു എന്നു് എനിക്കു തോന്നി. പുലന്ന ഉടനെ പോകാനായിരുന്നുവല്ലോ, എന്റെ തന്നോടുള്ള ശാസന. അപ്പോൾ അതിന്നല്പം മുമ്പു് താനവിടെ ചെല്ലുമെന്നു ഞാൻ നിശ്ചയിച്ചു. രശ്മിനിയില്ലെന്നറിയുമ്പോൾ തന്റെ ചാപലൃങ്ങൾ എന്തെല്ലാമായിരിക്കും എന്നൊന്നു കാണാനുറച്ചു വന്നതാണു്. ഇത്ര കലശലാകുമെന്നു വിചാരിച്ചില്ല.

ഭാസ്കു:—അടിയൻ നിമിത്തമാണു് അവറം തടവിലായതു്.

തമ്പു:—താൻ പരിഭ്രമിക്കേണ്ട. അവളെ അവർ ദ്രോഹിക്കില്ല; തന്നെ പിടികിട്ടാൻ എടുത്ത സൂത്രമാണു്. താൻ പ്രണയത്തിന്നു് അധീനനാണെന്നു് അവർ മനസ്സിലാക്കീട്ടുണ്ടായിരിക്കണം.

ഭാസ്കു:—അവളുടെ ഇപ്പോഴത്തെ സ്ഥിതി ഒന്നറിവാൻ വഴി എന്തു്?

തമ്പു:— (അല്പനേരം ആലോചിച്ചു്) "തനിക്കതു കൂടിയേ കഴിയൂ എങ്കിൽ ഞാനെന്നു ശ്രമിച്ചുനോക്കാം. എന്നാൽ ഇവിടെനിന്നെങ്ങും ഇറങ്ങരുതു്. സന്ധ്യയോടുകൂടി ഞാൻ വരാം." എന്നു പറഞ്ഞു തമ്പുരാൻ അവിടെനിന്നു ക്ഷണത്തിൽ പോയി.

ഭാസ്കരൻ സന്ധ്യമുതൽക്കു കാത്തിരിക്കുകയായി. രണ്ടു നാഴിക രാവു ചെന്നിട്ടും തമ്പുരാൻെറ വരവു കണ്ടില്ല. ഭാസ്കരനു ഇടയിളക്കങ്ങറം തുടങ്ങി. "എന്നെ സമാധാനിപ്പിക്കാൻ അങ്ങിനെ പറഞ്ഞതോ? അദ്ദേഹം വ്യാജം പറഞ്ഞു വഞ്ചിക്കുന്നാളല്ല. പിന്നെ വരാതിരിക്കാൻ കാരണമെന്തു്? എൻെറ പരവശത കണ്ടു് ഉള്ളലിഞ്ഞു് അവിടെച്ചെന്നു സാഹസത്തിന്നൊരുമ്പെട്ടു താനും തടവിലകപ്പെട്ടു എന്നു വരുമോ? ആയ്! അതുണ്ടാവില്ല; അവിടുന്നു് അന്യനധീനനായി നില്ക്കുന്നാളല്ല. അന്യന്മാർ അവിടുത്തെ അധീനതയിൽ നില്ക്കണം. അവിടുത്തെ ഓജസ്സ് അപ്രകാരമുള്ളതാണു്. അവിടുന്നു അവിടെ ചെന്നു് രുഗ്മിണിയുടെ വിവരമറിഞ്ഞതിൽ അവളുടെ സ്ഥിതി എന്നോടറിയിക്കുവാൻ പാടില്ലാത്ത ഘട്ടത്തിലെത്തീട്ടുണ്ടായിരിക്കണം. അതായിരിക്കും അ

വിടുന്നമന്ത്രിക്കുന്നതു്. കഷ്ടം! ഞാൻ നിമിത്തം ആ സാധുകന്യക—പാപികളുടെ കയ്യാൽ—അയ്യോ—" എന്നു പറഞ്ഞു്, ഇരുന്നിരുന്ന ദിക്കിൽനിന്നു പെട്ടെന്നെഴുന്നേററു് ഒരുന്മത്തനെപ്പോലെ പുറത്തേയ്ക്കോടി. നയനേന്ദ്രിയത്തിന്നു വിഷയമല്ലാത്ത ഒരു വമ്പിച്ച പാശത്താൽ ആകൃഷ്ടനായതുപോലെ ജെയിലുമ്മറത്തേയ്ക്കു നടന്നുതുടങ്ങി. താൻ കാരാഗൃഹത്തിന്റെ സമീപത്തേയ്ക്കാണു് പോകുന്നതു് എന്നൊന്നും ആയാൾ അറിഞ്ഞില്ല. ഒരു സ്വപ്നാടനക്കാരനെന്നപോലെ നടന്നു ഭാസ്കരൻ അവിടെ എത്തി.

അവിടങ്ങളിലെങ്ങും സഞ്ചരിക്കേണ്ടതിന്നു സ്വാതന്ത്ര്യം നൽകുന്ന അധികാരലേഖനം അനുയായികളിൽ ഓരോരുത്തനും തമ്പുരാൻ കൊടുത്തിട്ടുണ്ടായിരുന്നതിനാൽ, ചില പ്രത്യേകസ്ഥലങ്ങളിൽ സംസ്ഥാപിതന്മാരായ ഭടന്മാരിൽനിന്നു തടസ്ഥങ്ങളൊന്നും ഉണ്ടായില്ല. ഭാസ്കരൻ കുറെനേരം അവിടങ്ങളിലൊക്കെ ചുററി നടന്നു. രുഗ്മിണിയുടെയാതൊരു വിവരവും ഗ്രഹിപ്പാനായാൾക്കു് കഴിഞ്ഞില്ല. മനസ്സിന്നുള്ള വികാരഗതികളെ താങ്ങുവാൻ കഴിയാതെ തളന്നു് ആയാളവിടെത്തന്നെ ഇരുന്നു. അപ്പോൾ പിന്നിൽനിന്നു്, "ആരാണതു്? ഭാസ്കരനോ?" എന്നു ചോദിച്ചു് സൈന്യപാലകനായ കേശവൻനമ്പിടി അടുത്തുചെന്നു് ഭാസ്കരന്റെ കൈ കടന്നു പിടിച്ചു. എന്നാൽ അതു്, നമ്പിടിയുടെ അനുവാദം കൂടാതെ കൈകുടഞ്ഞോ കുതറിയോ പോകുവാൻ പാടില്ലാത്ത ബലത്തോടും മര്യാദവിടാത്ത സമ്പ്രദായത്തോടും കൂടിയായിരുന്നു. ഭാസ്കരൻ എഴുന്നേററു നിന്നു.

തമ്പുരാനും കൂട്ടകാരും കോഴിക്കോട്ടെത്തിയ വിവരം കരപ്പു പറഞ്ഞറിഞ്ഞപ്പോൾ പ്രമത്തൻ നമ്പൂതിരി കലശലായി പരിഭ്രമിച്ചതു് നാം കണ്ടുവല്ലോ. ഉടനെ അദ്ദേഹം തിരുനാവായയിൽ പാത്തിരുന്ന നമ്പിടിയെ വിവരമറിയിച്ചു തന്നോടുകൂടി കാരാഗൃഹരക്ഷയ്ക്കു വേണ്ടി നില്പാൻ അങ്ങോട്ടു വരുത്തി. ഭാസ്കരനെ പ്രച്ഛന്നവേഷത്തിലും നമ്പിടി കണ്ടറിഞ്ഞു.

നമ്പി:—'തമ്പുരാന്റെ സംഘം വിട്ടു ജെലിൽ കാവൽപ്പണിക്കു് നില്ക്കുന്നതെന്താണു്?' എന്നു കളിയായി ചോദിച്ചു.

ഭാസ്കരൻ ഒന്നും ഉത്തരം പറഞ്ഞില്ല.

നമ്പി:—തമ്പുരാൻ ഇവിടെയില്ലേ? പെരുമാൾ ഇതിനകത്തുണ്ടോ എന്നറിവാൻ അയച്ചതാണോ? എന്നാൽ ഞാൻ പറഞ്ഞുതരാം. ഇവിടെത്തന്നെയുണ്ടു്.

ഭാസ്ക:—ഞാനതിനല്ല വന്നതു്.

നമ്പി:—നിങ്ങളുടെയൊക്കെ വാക്കും പ്രവൃത്തിയും എനിക്കു് നല്ലവണ്ണം അറിയാം. പെരുമാളെ കിട്ടുവാൻ തമ്പുരാൻ മിനക്കെട്ടു നില്ക്കണ്ട എന്നു ഞാൻ പറഞ്ഞതായി തന്നെ പറഞ്ഞേക്കു.

ഭാസ്ക:—എനിക്കു് പെരുമാളുമായി ബന്ധമൊന്നുമില്ല. ഞാൻനിമിത്തം ഒരു സ്ത്രീ വെറുതെ തടവിൽ കിടക്കുന്നുണ്ടു്. അവളെ വിട്ടുതരണം. ഞാൻ പകരം തടവിൽ കിടക്കാം.

ഭാസ്കരന്റെ മനസ്സല്പം ക്ഷീണിച്ചിട്ടുണ്ടെന്നു നമ്പിടി കണ്ടു.

നമ്പി:—എനിക്കതിന്നധികാരമില്ലല്ലോ.

ഭാസ്ക:—എന്നെയല്ലേ നിങ്ങൾക്കു വേണ്ടു?

നമ്പി:—അപ്പോൾ തമ്പുരാനോ?

പ്രേമം പരമകാഷ്ഠയിലെത്തിക്കഴിഞ്ഞാൽ അതു് മനുഷ്യനെക്കൊണ്ടു് എങ്ങിനെയെല്ലാം ചേഷ്ടിപ്പിക്കുമെന്നോ പറയിക്കുമെന്നോ വിചാരിക്കുന്നില്ല. ഭാസ്കരൻെറ മറുവടിമാത്രം ഇവിടെ പകൎത്തുഴുതാം.

ഭാസ്ക:—തമ്പുരാനെക്കൊണ്ടും പെരുമാളെക്കൊണ്ടും എനിക്കാവശ്യമില്ല. ഞാൻ തടവിൽ കിടക്കാം. രുഗ്മിണിയെ വിട്ടുതരണം.

നമ്പി:—'നിങ്ങളുടെ അപേക്ഷ സൎവ്വാധികാരിയെ അറിയിക്കട്ടെ. നമ്മൾക്കങ്ങോട്ടു പോകാം' എന്നു പറഞ്ഞു നമ്പിടി ഭാസ്കരനേയും കൂട്ടിക്കൊണ്ടു കാരാഗൃഹത്തിൻെറ അന്തൎഭാഗങ്ങളിലേയ്ക്കു് കടന്നു.

## V

സൈന്യപാലകൻ ഭാസ്കരനേയും കൂട്ടി ജെയിൽ മുറിയുടെ സമീപത്തിലെത്തിയപ്പോൾ അവിടെനിന്നു ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. ആളുകൾ അങ്ങോട്ടുമിങ്ങോട്ടും ബദ്ധപ്പെട്ടു നടക്കുന്നതിൻെറയും പാത്രങ്ങൾ വലിച്ചിഴക്കുന്നതിൻെറയും പെട്ടികൾ നിരക്കുന്നതിൻെറയും ശബ്ദങ്ങളാണു് പ്രധാനമായി കേട്ടതു്.

നമ്പി:—'ഓ! ഇന്നു് ശനിയാഴ്ച. ഇന്നാണു് വാൎഡരുടെ യാത്ര.' വാൎഡർ പുറപ്പെട്ടു ഒരുങ്ങി നിന്നിരുന്നു. നമ്പിടിയെ കണ്ടപ്പോൾ വാൎഡർ:—"ഞാൻ യാത്രയായി. തടവുകാരെപ്പോലെ തന്നെ ഞാനും ഇതിന്നുള്ളിൽ കിടന്നു ഏറാക്കുറെ കഷ്ടപ്പെട്ടു.

ഒടുവിൽ കിട്ടിയ സമ്മാനം ഇതാണ്."

നമ്പി:—ഭരണാധികാരികൾ നിങ്ങളോട് ദയ കാണിച്ചിരിക്കുന്നു എന്നാണ് വെച്ചിരിക്കുന്നത്.

വാർഡർ:—അതങ്ങിനെതന്നെ. കഴുവിന്മേലിട്ടില്ലല്ലോ. എനിക്ക് അതിന്നു നന്ദിയും തോന്നുന്നുണ്ട്.

നമ്പി:—പുറപ്പെട്ടു കഴിഞ്ഞുവോ?

വാർഡർ:—ഉവ്വ്, ചാപ്പൻ ഭാണ്ഡങ്ങൾ കെട്ടുന്നുണ്ട്. ഏറെക്കാലം താമസിച്ചാകയാൽ ചില്ലറ സാമാനങ്ങൾ അപ്പോളപ്പോൾ ഓരോന്നായി വാങ്ങിയിട്ടിട്ടുണ്ട്. ഇപ്പോൾ അതെല്ലാം ഒരു ഭാരമായി.

ചാപ്പൻ അപ്പോൾ ഒന്നു രണ്ടു ഭാണ്ഡങ്ങൾ ചുമന്നു പുറത്തേക്കു കൊണ്ടുവന്നു.

വാർഡർ:—അതു പുറത്തു വണ്ടിയിൽ കൊണ്ടുപോയി വെയ്ക്കു. പാത്രങ്ങളൊക്കെ എടുത്തു എന്തു ചെയ്തു?

ചാപ്പൻ:—ഒക്കെ ഭാണ്ഡങ്ങളിലും ഏമാൻെറ പെട്ടിക്കകത്തുമായി വെച്ചിട്ടുണ്ട്.

വാർഡർ:—തനിച്ചെടുക്കാമോ?

ചാപ്പൻ:—ഉവ്വ്. ഇത്രയല്ലേ വഴി പോവാനുള്ളു.

വാർഡർ:—എന്നാൽ ഭാണ്ഡങ്ങൾ വണ്ടിയിൽ വെച്ചു വന്നിട്ടു പെട്ടി കൊണ്ടുപോകാം.

അപ്പോൾ ചാപ്പനെ ആരോ അധികാരസ്ഥാനത്തിൽ വിളിക്കുന്നതു് കേട്ടു.

ചാപ്പൻ:—"തിരുമനസ്സിന്ന്." എന്നു പറഞ്ഞ് ഭാണ്ഡങ്ങൾ അവിടെത്തന്നെ വെച്ച് സർവാധികാരിയുടെ സമീപത്തെയ്ക്കു ഓടിപ്പോയി. അല്പനേരം കഴിഞ്ഞതിന്നു ശേഷം മടങ്ങിവന്നു.

ചാപ്പൻ:— ഇവിടുന്നു യാത്ര പുറപ്പെട്ടുവോ എന്നു ചോദിപ്പാൻ വിളിച്ചതാണു്. പെരുമാളുടെ മുറി അവിടുന്നു വന്നിട്ടു പൂട്ടിയാൽ മതി എന്നാണു് പറഞ്ഞതു്. വരുന്നുണ്ടു്.

ചാപ്പൻ ക്ഷണത്തിൽ ഭാണ്ഡങ്ങളെടുത്തു വണ്ടിയിൽ കൊണ്ടുപോയി വെച്ചു മടങ്ങി വന്നു പെട്ടിയെടുത്തു തലയിലേറ്റി. സവ്വാധികാൎയ്യക്കാർ അപ്പോൾ അവിടെ എത്തി. ചാപ്പൻ പെട്ടിയും തലയിലേറ്റി അവിടെത്തന്നെ നിന്നു. സവ്വാധികാൎയ്യക്കാർ വാർഡരോടു താക്കോലുകൾ വാങ്ങി പെരുമാളുടെ മുറിയുടെ മുമ്പിൽ ചെന്നുനിന്നു. സവ്വാധികാൎയ്യക്കാരുടെ പരിശോധനകൾക്കിടയിൽ—

വാർഡർ:— ചാപ്പൻ പെട്ടി ചുമന്നു നില്ക്കുന്നതു എന്തിനാണു്? വണ്ടിയിൽ കൊണ്ടുപോയി വെക്കരുതേ? ഒന്നും മറന്നിട്ടില്ലല്ലോ.

ചാപ്പൻ:— ഇല്ല. പെട്ടിയിലും ഭാണ്ഡങ്ങളിലുമായി എല്ലാം എടുത്തു വെച്ചിട്ടുണ്ടു്. കാൎയ്യമായിട്ടുള്ളതൊക്കെ പെട്ടിയിൽത്തന്നെയാണു്.

വാർഡർ:— പെട്ടിക്കു രണ്ടു മൂന്നു ദിക്കിൽ ദ്വാരങ്ങളുണ്ടു്.

ചാപ്പൻ:— ഒന്നും ചോൎന്നു പോവാനില്ല— എന്നു പറഞ്ഞു നടന്നു മറഞ്ഞു.

പ്രമത്തൻനമ്പൂതിരി പെരുമാൾ കിടക്കുന്ന അകത്തേക്കു നോക്കി. മുറിയുമ്മറത്തു മങ്ങി കത്തിയിരുന്ന മാടമ്പിവിളക്കിന്റെ പ്രകാശം മുറിക്കകം മുഴുവനും വ്യാപിച്ചിട്ടുണ്ടായിരുന്നു. അതിന്റെ സഹായത്താൽ, പെരുമാൾ കിടക്കുന്ന സ്ഥലം പുറത്തുനിന്നും കൊണ്ടുതന്നെ നല്ലവണ്ണം പരിശോധന കഴിച്ചു. എ

ല്ലാം ശരിയായിരിക്കുന്നുവെന്നു് കണ്ടു വാതിൽ പൂട്ടി താക്കോൽ കയ്യിൽതന്നെ സൂക്ഷിച്ചു. വാർഡർ പോന്നു വണ്ടിയുടെ സമീപത്തേയ്ക്കു ചെന്നു, "സാമാനങ്ങളെല്ലാം ആയില്ലേ?" എന്നു ചോദിച്ചുംകൊണ്ടു അതിൽ കേറികിടന്നു നിദ്രയിൽ ലയിച്ചു. നമ്പിടിയോടുകൂടി നില്ക്കുന്ന ഭാസ്കരനെ സവ്ാധികാര്യക്കാർ കണ്ടു. ആയാളെ പിറെറ ദിവസം തന്റെ മുമ്പിൽ കൊണ്ടുചെല്ലുവാൻ ശ്രദ്ധമായി നമ്പിടിയോടു പറഞ്ഞു സവ്ാധികാര്യക്കാർ പോയി. ഭാസ്കരനു് അന്നു നമ്പിടിയുടെ അതിഥിയായി കൂടേണ്ടിവന്നു.

പെട്ടി കൊണ്ടുപോയ പാപ്പൻ ആ വാർഡരുടെ വണ്ടിക്കകത്തു വെയ്ക്കാതെ അവിടെനിന്നു അല്പം ദൂരത്തു നില്പുണ്ടായിരുന്ന വിറകുവണ്ടിയുടെ സമീപത്തേയ്ക്കു നടന്നു. വണ്ടിയ്ക്കടുക്കൽ രണ്ടുപേർ നിന്നിരുന്നു. പാപ്പൻ പെട്ടി വണ്ടിയിൽ വെച്ചു, "പിള്ള ക്ഷണത്തിൽ ഇദ്ദേഹത്തിനെ പാണ്ടിദേശക്കാരുടെ സമീപത്തെത്തിക്കണം" എന്നു പറഞ്ഞു പെട്ടി തുറന്നു. പെരുമാറം അപ്പോഠം അതിൽനിന്നിറങ്ങി വണ്ടിയിൽ ഇരുന്നു.

പിള്ള:— ഇവിടുന്നു പോരുന്നില്ലേ?

തമ്പ:— ഇല്ല; നമ്മളുടെ ഭാസ്കരൻ തടവിലാണു്.

പിള്ള:— എന്തു്!

തമ്പ:— ഞാൻ ഇത്തിരി മുമ്പു ആയാഠം നമ്പിടിയുടെ വലിയ ചങ്ങാതിയായി നില്ക്കുന്നതു് കണ്ടു.

നാ. ത:— ആ പാപികഠം എന്തു ചെയ്യുമോ, ആവോ!

തമ്പു:— ആയാളെക്കൊണ്ടു അവൾക്കാവശ്യമൊന്നുമില്ല. എന്നെ പിടികിട്ടാൻ എടുത്ത പണിയാണു്.

പിള്ള:— അവരും കുറഞ്ഞവരല്ല.

തമ്പു:— ഇതിൽ അവരുടെ സാമത്ഥ്യമില്ല. ആയാൾ അങ്ങോട്ടു ചെന്നു പെട്ടതാവാനാണു് വഴി.

നം. ത:— അതെങ്ങിനെ?

തമ്പു:—കുറച്ചധികം പറയാനുണ്ടു്. അതു് നില്ക്കട്ടെ. പിള്ള പോയാൽ മതി. തമ്പീ ഇവിടെ നില്ക്കു. രുഗ്മിണി എന്ന ഒരുവളെക്കൂടി ഞാൻ രക്ഷപ്പെടുത്തിയിട്ടുണ്ടു്. അവൾക്കുവേണ്ടിയാണു് ഭാസ്കരന്റെ വിഡ്ഢിവേഷങ്ങളെല്ലാം. അവളെ ഞാൻ രക്ഷപ്പെടുത്തിയ വിവരം ആയാൾ അറിഞ്ഞിട്ടില്ല. ഞാൻ ക്ഷണത്തിൽ കൊണ്ടുവരാം. തമ്പി അവളെ ഒരു രക്ഷാസ്ഥാനത്താക്കണം.

പിള്ള:— ഇവിടെയ്ക്കു കാരാഗൃഹത്തിൽ ഇത്രയൊക്കെ സ്വാതന്ത്ര്യം കിട്ടിയതെങ്ങിനെ?

തമ്പു:— നമ്മൾ ഇവിടെ വന്നിട്ടു അന്നു ഒററയൊററയായി പിരിഞ്ഞില്ലേ? അതിനു ശേഷം അധികം താമസിക്കാതെ എനിക്കു തടവിന്നകത്തൊരു ഉദ്യോഗം കിട്ടി. വലിയ കഥയായിട്ടൊന്നുമല്ല, സാമാനങ്ങൾ തടവിന്നുള്ളിലെയ്ക്കും അവിടെനിന്നു പുറത്തെയ്ക്കും കടത്തുവാനും അധികാരസ്ഥന്മാർ അപ്പോളപ്പോൾ പറയുന്ന പ്രവൃത്തികൾ എടുപ്പാനും വേണ്ടി എന്നെ നിശ്ചയിച്ചതാണു്. എന്നാൽ നിത്യക്കൂലിയായിട്ടല്ല. ഒരു സ്ഥിരമായ ശമ്പളം നിശ്ചയിച്ചു. പത്തുദിവസങ്ങൾകൊണ്ടു സവ്വാധികം നമ്പിടികം

വാർദ്ധക്യം എന്നല്ല എല്ലാവക്കും തന്നെ എല്ലാം പ്രവൃത്തിക്കാരിലും വെച്ച് എന്നെയായി അധികം പിടുത്തം. അതുനിമിത്തം ഒരു നേരമെങ്കിലും സൈ്വരമുണ്ടോ? എല്ലാസ്സോഴും തടവുമുറിക്കകത്തു 'ചാപ്പൻ' എന്ന വിളി കേൾക്കാം.

പിള്ള:— എന്നിട്ടു ഇന്നു് എന്തു ചെയ്തു?

തമ്പുരാൻ ആ വക കാര്യങ്ങൾ വിസ്തരിച്ചു പറഞ്ഞു് അവരെ മനസ്സിലാക്കി. പെരുമാളുടെ സ്ഥാനത്തു ഒരു വലിയ തലയണ പുതപ്പിച്ചു കിടത്തി പോന്നിരിക്കുകയാണു്. നാളെ കാലത്തു കള്ളി വെളിച്ചത്താവും. സർവ്വാധിയുടെ പരിഭ്രമം കലശലായിട്ടുണ്ടാവും. എന്നാൽ വാർദ്ധക്യ് ഇതിൽ കുറെ നഷ്ടം പററീട്ടുണ്ടു്.

പിള്ള:— അതെങ്ങിനെ?

തമ്പു:—ആയാളുടെ സാമാനങ്ങളൊക്കെ അവിടെ കിടപ്പാണു്. പെട്ടിയിൽ പെരുമാളെ തന്നെ ഒതുക്കാൻ ഞാൻ ഞെരുങ്ങി. പിള്ള ഇനി താമസിക്കരുതു്. പണ്ടാല പോയിട്ടുണ്ടാവില്ലേ? അതോ ഭാസ്കരനെ കാത്തു പരിഭ്രമിച്ചു നില്ക്കുകയായിരിക്കുമോ?

തമ്പി:— അതാവില്ല. അവിടെ എത്തി കാത്തിരിക്കുന്നുണ്ടാവും.

തമ്പു:—എന്നാൽ പിള്ള ഇനി താമസിക്കരുതു്.

കേശൻപിള്ള പെരുമാളെ ക്ഷണത്തിൽ അവിടെനിന്നു കൊണ്ടുപോയി. തമ്പുരാൻ തടവിലേയ്ക്കുതന്നെ മടങ്ങി. തമ്പി തമ്പുരാൻെറ പ്രത്യാഗതിയെ പ്രതീക്ഷിച്ചു് അവിടെത്തന്നെ നിന്നു.

# VI

ഭാസ്കരനെ പുറത്തു നിറുത്തി, തലേദിവസം പറഞ്ഞതുപോലെ നമ്പിടി സൎവ്വാധികാരിയുടെമുമ്പിലേക്കു ചെന്നു. സൎവ്വാധികാരി തലേന്നു കണ്ടതിൽ പാതിപ്പെട്ടതുപോലെ നമ്പിടിക്കു തോന്നി. നമ്പിടിയെ കണ്ടപ്പോൾ കോപം, വ്യസനം, ആധി, പരിഭ്രമം, ജാള്യം ഇതുകളിടകലൎന്ന ഭാവത്തോടുകൂടി,

സൎവ്വാ:—എല്ലാവരും കാത്തു കാത്തു, കാൎയ്യം വെട്ടപ്പായി. നമ്പിടിയോ ഞാനോ മുമ്പിൽ കഴുവിന്മേലേയ്ക്കു പോകുന്നതു്!

നമ്പി:—എനിക്കു കാൎയ്യം മനസ്സിലായില്ല.

സൎവ്വാ:—പെരുമാളുടെ മുറിയ്ക്കിലൊന്നു ചെന്നു നോക്കു.

നമ്പി:—എന്താ വിശേഷം?

സൎവ്വാ:—പെരുമാൾ അതിനകത്തില്ല.

നമ്പി:—എവിടെപ്പോയി?

സൎവ്വാ:—ആരോടാ, ചോദിക്കണതു്?

ഇതു കേട്ടപ്പോൾ നമ്പിടിയുടെ ദേഹം ആസകലം വിയൎത്തു. അവിടെത്തന്നെ ഇരുന്നുപോയി.

സൎവ്വാ:—നമ്പിടി കുറുപ്പിനെ പോയി പിടിച്ചു കൊണ്ടുവരു. അവനാണു് ഈ ചതി ചെയ്തതൊക്കെ. ഇന്നുതന്നെ അവനെ കഴുവിന്മേലിടണം. അതു കഴിഞ്ഞിട്ടിനി വേറെ കാൎയ്യം.

നമ്പി:—അത്ര ഘോഷം കൂട്ടിക്കൂടാ. കുറുപ്പു കഴുകേറേണ്ടവൻ തന്നെ. പക്ഷെ പെരുമാൾ ചാടിപ്പോയതിൽ ആയാൾ കുറക്കാരനാണെന്നു തോന്നിയില്ല.

സവ്വാ:—പിന്നെ നമ്പിടിയോ, ഞാനോ ആണോ? നമ്പിടി സംശയിക്കണ്ട. കുറപ്പിനെ പിടിച്ചു കൊണ്ടുവരു.

അപ്പോൾ ഒരു കാവൽക്കാരൻ വന്നു് "ഇവിടെ തടവിലിട്ടിരുന്ന സ്ത്രീയെ കാണാനില്ല." എന്നറിയിച്ചു.

സവ്വാ:—കാണ്മാനില്ലേ? എന്താ, അധികാരം കളിയാക്കിത്തുടങ്ങിയോ? കടന്നു പുറത്തു പോ. എല്ലാററിനേയും ഞാൻ കഴുവിന്മേലിടും.

നമ്പി:—(കാവൽക്കാരനോടു്) ചാപ്പൻ അവിടെ ഉണ്ടോ?

കാവ:—ഇല്ല. ഇന്നലെ അന്തിക്കു് കണ്ടതാണു്.

നമ്പി:—കാൎയ്യം ഞാൻ ആലോചിച്ചപോലെ തന്നെ. നിങ്ങൾ പോകാം.

സവ്വാ:—നമ്പിടി എന്താ ആലോചിച്ചതു്?

നമ്പി:—നമ്മുടെ ചാപ്പൻ തമ്പുരാനാണു്.

സവ്വാ:—നമ്മളുടെ ആ കൂലിക്കാരനോ?

നമ്പി:—അതെ.

സവ്വാ:—നമ്പിടി എന്താണീ പറയുന്നതു്?

നമ്പി:—കാൎയ്യം അങ്ങിനെയാണു്. ആ രുഗ്മിണി അവന്റെ മകളും.

സവ്വാ:—ആ അസത്തോ?

നമ്പി:—അതെ, ഇന്നലെ വൎദ്ധരുടെ ഭാണ്ഡം കെട്ടുവാനും മററും ഒരു പെണ്ണു ചാപ്പനെ സഹായിക്കുന്നതു കണ്ടപ്പോൾ ഇതെന്തുകഥ എന്നു വിചാരിച്ചു് ഞാൻ അവനോടു ചോദിച്ചു. അവന്റെ മകളും

ണൊന്നും അപ്പോൾ അവിടെ വന്നതാണെന്നും മാത്രം പറഞ്ഞു.

സവ്ാ:—എന്നാൽ എന്നേയ്ക്കും അസാരം ചെണ്ട കൊട്ടിച്ചിട്ടുണ്ട് എന്നാണ് തോന്നുന്നത്. ഇന്നലെ ആ തിരക്കിന്നിടയിൽ ഞാൻ വിളിച്ചപ്പോൾ അവന്റെ മകൾ വന്നിട്ടുണ്ടെന്നും, പട്ടിണിയുടെ പാടു കൊണ്ടു വന്നതാണെന്നും, ശമ്പളം വകയ്ക്കു വല്ലതും കിട്ടിയാൽ കൊള്ളാമെന്നും അവൻ പറഞ്ഞു. ഞാൻ എന്തൊ കൊടുക്കുകയും ചെയ്തു. ഇപ്പോൾ ചപ്പനുമില്ല, മകളുമില്ല, അല്ലേ! വേണ്ടില്ല!

നമ്പി:—പെരുമാൾ പോയവിവരം ഇപ്പോൾ പുറത്താകരുത്. ഭാസ്കരനെ എന്റെ കയ്യിൽ കിട്ടീട്ടുണ്ട്. ആയാൾ വഴിക്കു തമ്പുരാനെ പിടിക്കണം. പെരുമാളെ ഒളിപ്പിച്ച സ്ഥലം എങ്ങിനെയെങ്കിലും പറയിക്കണം; അതു നേരെയാക്കാം. ഇല്ലെങ്കിൽ ഭാണ്ഡംഫലക്കാർ നമ്മെ വെച്ചേയ്ക്കില്ല.

സവ്ാ:—പെരുമാൾ പോയ വിവരം ഞാനും രണ്ടു കാവൽക്കാരും മാത്രമേ അറിഞ്ഞിട്ടുള്ളു. അമ്പ, ചപ്പന്റെ ചതി! കാലത്തു ഞാൻ ചെന്നപ്പോളല്ലേ കള്ളി അറിഞ്ഞതു്. അനക്കവും ശ്വാസവുമില്ലാതെ കിടക്കുന്നതു കണ്ടപ്പോൾ ചത്തു എന്നുതന്നെ ഞാൻ നിരീച്ചു. നോക്കിയപ്പോൾ വെറും തലയണ!

നമ്പി:—രുഗ്മിണി പോയ വിവരം ഭാസ്കരനെ അറിയിക്കേണ്ട.

എന്നു പറഞ്ഞു ഭാസ്കരനോടു പറയേണ്ടതൊക്കെ ഉപദേശിച്ചു. അതിന്നു ശേഷം ഭാസ്കരനെ അകത്തേയ്ക്കു വിളിപ്പിച്ചു.

സവ്ാ:—(അധികാരത്തിന്നു സദൃശമായ ഘന

ത്തോടുകൂടി) തന്റെ അപേക്ഷ നമ്പിടി നമ്മെ അറിയിച്ചു. തന്റെ വാക്കുകൾ ഞാൻ വിശ്വസിക്കുന്നില്ല. ഞങ്ങളോടുകൂടി ഇടപെട്ടു തന്റെ സ്വഭാവം കാണട്ടെ. അതിന്നുശേഷം തന്റെ ഇഷ്ടംപോലെയൊക്കെയാവാം. താൻ തൽക്കാലം ഞങ്ങളുടെ അധീനതയിൽ നില്ക്കണം. എന്നാൽ ഒന്നു വേണ്ട—ഇവിടെ പാൎക്കേണ്ട. തനിക്കിഷ്ടമുള്ള ദിക്കിൽ താമസിക്കാം. പക്ഷെ ഞങ്ങളുടെ ആളുകൾ ഒപ്പമുണ്ടാവും.

ഭാസ്കരൻ അതുപ്രകാരം സമ്മതിച്ചു. അവിടെനിന്നു പാൎപ്പിടത്തിലേയ്ക്കു പോന്നു. നമ്പിടിയും അധികം താമസിയാതെ അവിടെനിന്നു മടങ്ങി.

തമ്പുരാൻ രുഗ്മിണിയെക്കൂടി ആ രാവിൽ ബന്ധനത്തിൽനിന്നു മോചിപ്പിച്ചു കാരാഗൃഹം വിട്ടുപോന്നു, ഭാൎയ്യാഗൃഹത്തിലെത്തി. ഭാസ്കരനെ സംബന്ധിച്ചും മററും മനോരാജ്യങ്ങൾ തുടങ്ങി. രുഗ്മിണി അപ്രകാരം ബന്ധനത്തിൽപെട്ടുപോയതു താൻ നിമിത്തമാണെന്നുള്ള ധാരണയാലും, അവളിലുള്ള അനുരാഗാതിരേകത്താലും അവളെ വിടുവിക്കുവാൻ വേണ്ടി ആയാൾ വിരോധികളുടെ ഏതെല്ലാം കണികളിലൊക്കെ അകപ്പെട്ടിരിക്കുന്നു എന്നു തമ്പുരാനു തന്നെയും ഊഹിപ്പാൻ കഴിഞ്ഞില്ല. കൂടവൃത്തികളായ നമ്പിടി മുതലായവരുടെ അധീനതയിൽ, ലോകതന്ത്രങ്ങളിൽ കൌശലം കുറഞ്ഞ ഭാസ്കരനെപ്പോലെയുള്ള ഒരാൾ അകപ്പെട്ടുപോയാൽ അവൎക്ക ആയാളെക്കൊണ്ടു 'കുരങ്ങൻകളി' കളിപ്പിക്കുവാൻ ഞെരുക്കമില്ലെന്നു തമ്പുരാനറിവുണ്ടു്. തന്നോടു ചില സമയങ്ങളിൽ തന്ത്രപരീക്ഷണങ്ങളിൽ നമ്പിടി പരാജിതനായിപ്പോയിട്ടുണ്ടെങ്കിലും, ആയാൾ മു

ത്ത ജംബുകത്തെപ്പോലെ തന്ത്രകശലത കൂടിയവനാണെന്നു തമ്പുരാൻ കണ്ടിട്ടുണ്ടു്. ഭാസ്കരൻെറ ഒരു വാക്കാൽ തൻെറ സമിതി പാടെ ഉടഞ്ഞുപോകുന്നതാണ്. രുഗ്മിണിയിലുള്ള അനുരാഗമൂർച്ഛയാൽ ബുദ്ധി മന്ദിച്ച തൻേറയും സഭാംഗങ്ങളുടേയും സ്വാതന്ത്ര്യം ആയാറം ബലി കഴിച്ചേയ്ക്കാമെന്നുപോലും തമ്പുരാൻ ശങ്കിച്ചു. "വന്ന കാൎയ്യം സാധിച്ചിട്ടും മടങ്ങിപ്പോകുവാൻ തരമില്ലാതെയാണു് വന്നതു്. ആയാളെ ഒന്നു കണ്ടുകിട്ടുവാൻ വഴിയെന്തു്?" എന്നാലോചിച്ചു് അവിടെനിന്നെഴുന്നേററു. വെഷമാററങ്ങൾക്കു വേണ്ടുന്ന ഉപകരണങ്ങൾ ചെന്നെടുത്തു വലിയ താടിയും ജടയും വെച്ചുകെട്ടി കാവിവസ്ത്രം ധരിച്ചു പരദേശികനായ ഗോസായിയുടെ വടിവെടുത്തു് ഒരു വടിയും കുത്തി അവിടങ്ങളിലെല്ലാം 'സദാവ്രുത്തി' യാചിച്ചു് അലഞ്ഞു നടന്നു. ഭാസ്കരനെ സഞ്ചാരസ്ഥലങ്ങളിലെങ്ങാനും വെച്ചു് കണ്ടുമുട്ടാമെന്നുള്ള ആശയോടുകൂടിയാണ് അപ്രകാരം ചെയ്തതു്. ഒന്നു രണ്ടു ദിവസങ്ങൾ അങ്ങിനെ നടന്നിട്ടും ഭാസ്കരൻെറ യാതൊരു വിവരവും കിട്ടിയില്ല. മൂന്നാംദിവസം ഉച്ചതിരിഞ്ഞതിന്നുശേഷം ആ വഴിയിലൂടേ മന്ദമായി നടന്നുവരുന്ന ഭാസ്കരനെ നേരിട്ടു കണ്ടു. ആയാളുടെ മുഖം വിളറിയും ദേഹം നന്നെ ക്ഷീണിച്ചുമിരുന്നു. അതു കണ്ടപ്പോൾ തമ്പുരാനു് മനസ്സിന്നു വലിയ വേദന തോന്നി. ഭാസ്കരൻ അപ്പോൾ ഏകനായിരുന്നില്ല. ലോഹദേഹന്മാരായ രണ്ടു ഭടന്മാർ ആയാളുടെ ഗതികളെ പിന്തുടൎന്നുകൊണ്ടു അല്പം അകലെയായി നടക്കുന്നുണ്ടായിരുന്നു. തൻേറയും ഭാസ്കരൻേറയും കണ്ണുകൾ തമ്മിലിടഞ്ഞു

പ്പോൾ ഗോസായിവേഷത്തിലും ഭാസ്കരൻ തന്നെ കണ്ടറിഞ്ഞുവെന്നു് തമ്പുരാന്നു തോന്നി. എന്നാൽ വികാരഭേദമൊന്നും പ്രകാശിപ്പിക്കാതിരുന്നതു് ഭടന്മാരുടെ അനുയാനം ആയാൾക്കറിവുണ്ടായിരുന്നതുകൊണ്ടായിരിക്കണം എന്നു് തമ്പുരാൻ നിശ്ചയിച്ചു. ഭാസ്കരൻ എങ്ങും നില്ക്കാതെ നടന്നു മറഞ്ഞു. പിന്നിലുള്ളവർ ആയാളെ അനുഗമിച്ചു. അതെ സ്ഥലത്തു് അതേ വേഷത്തിൽ പിറ്റെദിവസവും തമ്പുരാൻ ചെന്നുനിന്നു. അന്നും ഭാസ്കരൻ ആ വഴിയായി വന്നു. അനുചരന്മാരും ഒരുമിച്ചുണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. തമ്പുരാൻ ഭാസ്കരനെ കണ്ടപ്പോൾ നിന്നിരുന്ന ദിക്കിൽനിന്നു് നാലഞ്ചു വാര അകലം നീങ്ങി ഒരു വീട്ടിന്റെ പതില്ക്കൽ വടികൊണ്ടു് ഒന്നു് തട്ടി മുൻസ്ഥിതിയിൽതന്നെ പോയി നിന്നു. തമ്പുരാന്റെ വാസസ്ഥലം നിർദ്ദേശിച്ചതാണെന്നു ഭാസ്കരന്നു് മനസ്സിലായി. ആ വീട്ടിന്റെ സ്ഥാനവും അടയാളവും മനസ്സിലാക്കി അവിടെനിന്നു പോന്നു. പിറ്റെദിവസം പ്രഭാതത്തിന്നു ശേഷം ഗോസായിവടിവെടുത്തു തമ്പുരാൻ പുറത്തേക്കു് വന്നപ്പോൾ ഒരു ചെറുക്കൻ അവിടെ ചെന്നു് ഒരു ഓലയെടുത്തു് കയ്യിൽ കൊടുത്തു് പോയി. തമ്പുരാൻ അതു് ഇങ്ങിനെ വായിച്ചു:—

"അടിയൻ ആപത്തിൽ പെട്ടിരിക്കുന്നു. അവിടുന്നു ഇവിടെ വന്നു രക്ഷിക്കണം. എന്നു്, ഭാസ്കരൻ."

എഴുത്തു വായിച്ചു തമ്പുരാൻ, "നമ്പിടിയുടെ തന്ത്രം ഇപ്പോൾ കണക്കിന്നു പററി എന്നു പറയാതെ നിവൃത്തിയില്ല. ഞാൻ തടവിൽ പെടുമെന്നു പേടിച്ചു ഭാസ്കരനെ അവൎക്കു ബലികൊടുപ്പാൻ ഭാ

വരില്ല. ഞാൻ ക്ഷണം പോവുകതന്നെ വേണം. ആയാളുടെ സമീപത്തേയ്ക്കല്ല തടവിലേയ്ക്കാണു ഞാൻ നടക്കുന്നതു് എന്നു സങ്കല്പിച്ചു പുറപ്പെട്ടാൽ പിന്നെ സങ്കടത്തിന്നു വഴിയില്ലല്ലോ'' എന്നു തന്നെത്താൻ പറഞ്ഞു, പ്രച്ഛന്നവേഷം ത്യജിച്ചു ഭാസ്കരന്റെ പാൎപ്പിടത്തിലേയ്ക്കു നടന്നു.

തമ്പുരാൻ പടികടന്നു ചെന്നപ്പോൾ അവിടെ എതിരേല്പിന്നുള്ള കോപ്പുകൾ കൂട്ടി സൎവ്വാധികാരിയും സൈന്യപാലകനും ഭടന്മാരും തെയ്യാറായി കാത്തു നില്ക്കുന്നുണ്ടായിരുന്നു. തമ്പുരാന്റെ സ്ഥിതിയിലുള്ള ഒരാളോടു കാട്ടേണ്ടുന്ന മൎയ്യാദയ്ക്കു ഭംഗലേശം വരുത്താതെ അദ്ദേഹത്തിനെ അവരുടെ അധീനതയിലാക്കിയതിന്നുശേഷം,

നമ്പി:—ഇപ്പോഴേ പ്രത്യക്ഷമായുള്ളു.

തമ്പു:—ചില മൂൎത്തികൾ പ്രത്യക്ഷന്മാരാകുവാൻ കുറെ അധികം തപസ്സു ചെയ്യണം.

സൎവ്വാ:—തമ്പാൻ കുറച്ചു കാലം ഞങ്ങളുടെ കൂടെത്തന്നെ കൂടണം. തമ്പന്റെ വിദ്യകളൊക്കെ ഞങ്ങൾക്കും ഒന്നു പഠിക്കണം.

തമ്പു:—അങ്ങിനെയാവാം. വിദ്യകൾ കാണിച്ചുതരാം.

സൎവ്വാ:—തടവിലിരിക്കേണ്ടിവരും.

തമ്പു:—പരിചയിച്ച സ്ഥലമല്ലേ? പിന്നെ നിങ്ങളും കൂടെ ഉണ്ടാവില്ലേ?

തമ്പുരാന്റെ കൂസലില്ലായ്മ കണ്ടു നമ്പൂതിരിക്കു ഈൎഷ്യയും നമ്പിടിക്കു ഉള്ളിൽ ബഹുമാനവും തോന്നി.

സൎവ്വാ:—എന്നാൽ തടവിലേയ്ക്കു നടക്കുകയല്ലേ?

തമ്പു:—ഞാൻ ഒരുക്കമാണ്. ഭാസ്കരൻ ഇവിടെ ഇല്ലേ? ഒന്നു കണ്ടിട്ടായാൽ കൊള്ളാമെന്നുണ്ട്.

സർവ്വാ:—ഇവിടെ ഉണ്ട്. തടവിന്നകത്തുതന്നെ മറെറാരു മുറിയിലുണ്ടാവും.

തമ്പു:—എനിക്കു കണ്ടിട്ട് ഒരു വാക്കു പറയേണ്ടതേ ഉള്ളു.

ഭാസ്കരനെ അപ്പോൾ മുമ്പിൽ പ്രവേശിപ്പിച്ചു. ആയാളുടെ ആകാരവികാരങ്ങൾ സന്ദശിച്ച് അതിധീരനായ തമ്പുരാന്നുതന്നെയും മനസ്സിന്ന് ഒരു ചാഞ്ചലിപ്പു തോന്നി. ആഭിചാരവിദ്യകൊണ്ടോ, ഔഷധപ്രയോഗംകൊണ്ടോ നിരുദ്ധപൌരുഷനാക്കപ്പെട്ടപോലെ ഭാസ്കരൻ അപ്പോൾ പരിതഃസ്ഥിതികളിൽ ജാഗരൂകനല്ലെന്നു തമ്പുരാന്നു തോന്നി. തന്റെ മുമ്പിൽ വന്നു കണ്ണുകൾ തമ്മിലിടയുവാനുള്ള അവസരം സന്ധിപ്പിക്കുന്നതിന്നുപോലും ധൈയ്യമില്ലാതെ, തല താഴ്ത്തി മൌനത്തോടുകൂടി നില്ക്കുന്ന ഭാസ്കരനോട്, "തന്റെ രുഗ്മിണിയെ ഞാൻ തടവിൽനിന്നു രക്ഷപ്പെടുത്തീട്ടുണ്ട്" എന്നു പറഞ്ഞു, (സർവ്വാധികാരിയോട്) "എന്റെ ആവശ്യം കഴിഞ്ഞു."

സർവ്വാ:—എന്നാൽ ഇനി നടക്കാം.

തമ്പുരാനെ ക്ഷണത്തിൽ അവിടെനിന്നു കൊണ്ടുപോയി കാരാഗ്രഹത്തിന്നുമ്മറത്തു നിർത്തി.

സർവ്വാ:—പെരുമാളുടെ മുറി ഒഴിവല്ലേ? അതിലേയ്ക്കാളാവട്ടെ. എന്നു പറഞ്ഞു, തമ്പുരാനെ ആ മുറിക്കകത്താക്കി വാതിൽ ബന്ധിച്ചു.

## VII

പ്രകൃതകഥാനായകനായ ഗോദവമ്മത്തമ്പുരാന്റെ തിരുവനന്തപുരത്തുള്ള കൊട്ടാരത്തിലേയ്ക്കു വാ-

യനക്കാരുടെ മനസ്സിനെ ആകർഷിക്കട്ടെ. കൊട്ടാരം, കടൽതീരത്തു മനോഹരമായും അതിവിശാലമായും പണിചെയ്യിക്കപ്പെട്ട ഒരു കെട്ടിടമാണു്. പ്രാചീനകാലത്തെ എല്ലാം വിധങ്ങളിലുമുള്ള പരിഷ്ക്കാരസാമഗ്രികളാൽ അതു അലംകൃതമായിരുന്നു. നിത്യസുഖാനുഭവങ്ങൾക്കു ധാരാളമായി ദ്രവ്യം ചിലവുചെയ്തും സംഗീതസാഹിത്യാദികളിൽ വിനോദിച്ചും പ്രഭുജനങ്ങളുടെ സംഘത്തിൽ പ്രഥമസ്ഥാനം വഹിച്ചും പരമശൃംഗാരിയായി കാലംകഴിക്കുന്ന ആ മഹാത്മാവിന്റെ ദീനദയാലുത ഒന്നുമാത്രമാണു് എന്തധഃപാതത്തേയും ആപത്തിനേയും ഗണിക്കാതിരിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നതു്. കൊട്ടാരത്തിന്റെ വിശാലതയും ശില്പഭംഗിയും അതിന്നകത്തു നിറയ്ക്കപ്പെട്ടിട്ടുള്ള സാമഗ്രികളുടെ ബഹുലതയും സുഖജീവിതത്തിന്നുള്ള തമ്പുരാന്റെ തൃഷ്ണയും ദിനചര്യയും കണ്ടും കേട്ടും പരിചയപ്പെട്ടിട്ടുള്ളവർ, ചാപ്പന്റെ വേഷത്തിൽ കൂലിക്കാരനായും ഗോസായിയായും ഇപ്പോൾ ഒരു തടവുകാരനായും നമ്മൾക്കു പരിചയപ്പെട്ടിട്ടുള്ള ആൾ തമ്പുരാനാണെന്നു ഒരിക്കലും വിശ്വസിക്കുകയില്ല. കൊട്ടാരത്തിന്നുള്ളിൽ ജാലകങ്ങളെല്ലാം തുറന്നുകിടക്കുന്ന ഒരു മുറിക്കകത്തു കമലാവതി ചിന്താമഗ്നയായി ഇരിക്കുന്നു. രക്തപ്രസാദത്തോടുകൂടിയ അവളുടെ കവിൾത്തടങ്ങളിൽ സ്വതേ ഉള്ള കാന്തി മങ്ങി പാണ്ഡുരവർണ്ണം വ്യാപിച്ചിരിക്കുന്നു. സന്ധ്യയടുക്കുമ്പോൾ ക്ഷീണശോഭങ്ങളാകുന്ന ചെന്താമരസങ്ങൾ വഹിക്കുന്ന കാന്തിയാണു് അപ്പോൾ കമലാവതിയുടെ വദനത്തിൽ പ്രത്യക്ഷപ്പെട്ടതു്. പരിസരത്തിലണഞ്ഞു പ്രകൃതി ചെയ്യുന്ന പരിചര്യയെ

പ്പോലും അവൾ അഭിനന്ദിക്കുന്നില്ല. പരിണതാൎക്ക ൻെറ മരീചിമാല തട്ടി പൊൻനീരാളദ്യുതിയോടു കൂടി വിലാസനൎത്തനം ചെയ്യുന്ന വീചീനിവഹമാകട്ടെ സൂൎയ്യാസ്തമയസമയത്തുള്ള പ്രകൃതിരാമണീയകമാകട്ടെ അവളുടെ മനോമാന്ദ്യവിച്ഛേദത്തിന്നു ശക്തമാകുന്നില്ല. അവൾ അപ്രകാരമുള്ള അവസ്ഥയെ പ്രാപിച്ചതു്, അതിദൂരത്തു് അല്പപരിവാരനായി അക്രമികളോടു അടവുപൊരുതുവാൻ പുറപ്പെട്ടുപോയ ആത്മവല്ലഭൻെറ വിരഹം നിമിത്തമായിരിക്കുമോ? ഭൎത്തൃവിരഹം കമലാവതിക്കു അന്നാദ്യമായുണ്ടായതല്ല; തമ്പുരാനുമായുള്ള ബന്ധത്തിനുശേഷം അതുവരെക്കും എപ്പോഴെങ്കിലും രണ്ടുമാസം തികച്ചു ഭൎത്തൃസമീപത്തിലിരുന്നു സുഖമനുഭവിപ്പാനുള്ള സംഗതി സന്ധിച്ചിട്ടില്ല. എന്നാൽ, അന്തരാന്തരാ ഉണ്ടാകുന്ന വിരഹങ്ങൾ അവർ തമ്മിലുള്ള അനുരാഗബന്ധത്തിൻെറ ദൃഢീകരണത്തിനു് ഉപയോഗപ്പെടുകയേ ഉണ്ടായിട്ടുള്ളു. തൻെറ സുഖത്തിന്നല്ല, ദീനരക്ഷണത്തിന്നാണു് തമ്പുരാൻെറ അവതാരമെന്നു് അവൾ ഗണിച്ചുവെച്ചിട്ടുണ്ടു്. തിരുവനന്തപുരത്തിൻെറ ഉത്തരദേശങ്ങളിൽ കഴിഞ്ഞുകൂടുന്ന കലാപങ്ങൾ കമലാവതി കേട്ടറിഞ്ഞിട്ടുണ്ടു്. ഭയങ്കരന്മാരായ ഭരണാധികാരികളുടെ അപനയത്തിൽനിന്നു നിരപരാധന്മാരായ പെരുമാക്കളെ രക്ഷപ്പെടുത്തുവാനാണു് തമ്പുരാൻെറ അപ്പോഴത്തെ യാത്ര എന്നും അവൾ ധരിച്ചുവെച്ചിട്ടുണ്ടു്. ആപത്തിനോടു് അങ്ങോട്ടുചെന്നു് എതിരിടുവാൻ തക്ക ധൈൎയ്യവും തന്ത്രപടുത്വവും തമ്പുരാനുണ്ടെന്നു് അവൾക്കു നല്ലവണ്ണം അറിയാം. പെരുമാക്കളെ രക്ഷപ്പെടുത്തുമോ എന്നുള്ള കാൎയ്യത്തിലും അവ-

ൾക്കു പക്ഷഭേദം ഉണ്ടായിരുന്നില്ല. എന്നാൽ പിന്നെ മനോമാന്ദ്യത്തിന്നുള്ള കാരണമെന്തായിരിക്കും? മനസ്സിന്റെ വ്യാപാരങ്ങൾക്കു ഒരു സ്തംഭനം സംഭവിച്ചതുപോലുള്ള അസ്വാസ്ഥ്യമാണു് കമലാവതിക്കപ്പോളുണ്ടായതു്. അനേകം യോജനകൾക്കപ്പുറം സംഭവിക്കുന്ന കാൎയ്യങ്ങൾ എണ്ണിയെണ്ണിപ്പറയുവാൻ ത്രാണിയുള്ള ഋഷിപ്രൌഢന്മാരെപ്പററി നാം കേട്ടിട്ടുണ്ടു്. അവൎക്കു് അങ്ങിനെയുള്ള സിദ്ധി അഭ്യാസബലംകൊണ്ടുണ്ടായതാണു്. അഭ്യാസബലമില്ലാത്ത കേവലന്മാൎക്കുപോലും, അകലെ കഴിയുന്ന കാൎയ്യങ്ങൾ തങ്ങളെ സംബന്ധിക്കുന്നവയായാൽ അവയെ മനോനേത്രങ്ങളിൽ പെടുത്തി ആശ്ചൎയ്യമോ വ്യസനമോ സന്തോഷമോ അനുഭവപ്പെടുത്തുവാൻ പടുതയുള്ള എന്തോ ഒരു ശക്തി ലോകത്തിലെങ്ങും പ്രചരിക്കുന്നുണ്ടെന്നു സമൎത്ഥിക്കുകയേ ഇവിടെ നിവൃത്തിയുള്ളു. കമലാവതിയുടെ മനോമുകുരത്തിൽ പ്രതിബിംബിച്ചുനില്ക്കുന്ന പ്രാണവല്ലഭന്റെ ബന്ധനാവസ്ഥയിൽ മനഃസ്തംഭമല്ലാതെ മറെറാരു രോഗവും അവൾക്കു യുക്തമായിരിക്കുകയില്ല, നിശ്ചയം.

നാരായണൻ തമ്പി അപ്പോൾ അവളുടെ മുമ്പിൽ പ്രത്യക്ഷനായി. കമലാവതി പരിഭ്രമത്തോടും സന്തോഷത്തോടുംകൂടി "അവിടുന്നു് മടങ്ങി എത്തിയോ?" എന്നു ചോദിച്ചു. തമ്പി "ഇല്ല" എന്നു മറുവടി പറഞ്ഞു, സംഗതികൾ ധരിപ്പിക്കേണ്ടതു് എങ്ങിനെ എന്നാലോചിച്ചു മൌനത്തോടുകൂടി നിന്നു. തമ്പിയുടെ സഹജമായുള്ള പ്രസന്നഭാവം അപ്പോൾ കണ്ടില്ല. തമ്പിയുടെ മറുവടിയും അതിന്നു ശേഷമുള്ള മൌനവും മുഖവികാരത്തിലുള്ള വ്യത്യാസവും ക

ണ്ട് എന്തോ വിശേഷസംഗതികൾ ഉണ്ടായിരിക്കണം എന്നവൾ ഊഹിച്ചു.

കമ:—അവിടെയ്ക്കു ആപത്തു നേരിട്ടിരിക്കുന്നുവോ?

തമ്പി:—അതില്ല—എന്നു ഉടനെ മറുവടി പറഞ്ഞു.

കമ:—തമ്പിയുടെ തനിച്ചുള്ള വരവിന്റെ അൎത്ഥമെന്താണ്? വിവരം വേഗത്തിൽ പറയണം.

തമ്പി:— അവിടുന്നു ബന്ധനത്തിലാണു്.

"അവൎക്കു് അതിന്നെങ്ങിനെ സാധിച്ചു?" എന്നു ചോദിച്ചു്, കുറെ നേരം വിവശിതചിത്തയായി സ്ഥിതിചെയ്തു. തമ്പി ആവക സംഗതികൾ എല്ലാം വിസ്തരിച്ചു പറഞ്ഞു് മനസ്സിലാക്കി. എന്നാൽ ആ കാൎയ്യങ്ങളിൽ ഭാസ്കരനുള്ള ബാദ്ധ്യതയെ ഗുപ്തമാക്കി വെച്ചു.

കമ:— അവിടുത്തെ കൂടെയുള്ളവരോ?

തമ്പി:— കോഴിക്കോട്ടുണ്ടു്.

കമ:— തമ്പി ഇനി എന്താണു് ഭാവം?

തമ്പി:— എനിയ്ക്കു് ഇപ്പോൾതന്നെ മടങ്ങി പോകണം.

കമ:— ഞാനും തമ്പിയുടെ കൂടെ പോരുന്നുണ്ടു്.

തമ്പി —ആ പാപികളുടെ വായിലേയ്ക്കോ?

കമ:— ഞാൻ ഇവിടെ എന്തു ചെയ്യണമെന്നാണു, തമ്പിയുടെ അഭിപ്രായം?

തമ്പി:— തമ്പുരാൻ എന്നും അവിടെ കിടക്കില്ല. അവിടുന്നു താമസിയാതെ പുറത്തു പോരും. പിന്നെ അങ്ങോട്ടു ബുദ്ധിമുട്ടി പുറപ്പെടണമോ?

കമ:— എനിയ്ക്കു് ബുദ്ധിമുട്ടൊന്നുമില്ല. അവി

ടുന്നു തടവിൽ കിടന്നരിഷ്ടിക്കുമ്പോൾ, ഞാൻ ഇവിടെ ഇരുന്നു് കൊട്ടാരത്തിലെ സുഖമനുഭവിക്കുകയൊ? ഞാൻ വരുന്നതുകൊണ്ടു് തമ്പുരാനെ വിടുവിക്കുവാനുള്ള നിങ്ങളുടെ ശ്രമങ്ങൾക്കൊന്നും തടസ്ഥം വരില്ല.

ഇതുപ്രകാരം നിശ്ചയിച്ചു് കമലാവതി അപ്പോൾ തന്നെ പുറപ്പെട്ടു. പുറപ്പെട്ടതിന്റെ എട്ടാം ദിവസം ആഴ്വട്ടത്തുള്ള സ്വഗൃഹത്തിലെത്തി. തമ്പുരാനെ ബന്ധനത്തിൽപ്പെടുത്തി കഴിഞ്ഞതിനാൽ വഴിയിലെങ്ങും കവല്ക്കാരുടെയോ മറേറാ ശല്യങ്ങളുണ്ടായില്ല. ഭടന്മാരെയെല്ലാം മേൽപ്പറയപ്പെട്ട സംഭവത്തിന്നു ശേഷം കാവൽസ്ഥലങ്ങളിൽ നിന്നു് മടക്കിവിളിച്ചിട്ടുണ്ടായിരുന്നു. കമലാവതി കോഴിക്കോട്ടെത്തിയ വിവരം തമ്പി രണ്ടു് സ്നേഹിതന്മാരെയും ധരിപ്പിച്ചു. അവർ പ്രച്ഛന്നവേഷന്മാരായി ക്ഷണത്തിൽ കമലാവതിയെ ചെന്നു കണ്ടു.

കമ:— തടവിൽപ്പെട്ടതിന്നു് ശേഷം അവിടുത്തെ നിങ്ങളാരും കണ്ടില്ലേ?

പിള്ള:— ഇല്ല. അതിന്നു കഴിഞ്ഞില്ല. തടവിൽ കാവൽ അത്ര നിഷ്കർഷയോടു കൂടിയാണു്.

കമ:— പെരുമാളെവിടെ?

പിള്ള:— ഇപ്പോൾ പറങ്കിദേശത്തെത്തിട്ടുണ്ടായിരിക്കണം.

കമ:— ഈ പാപികൾ അവിടുത്തെ എന്തു ചെയ്വാനാണു് ആലോചിച്ചിരിക്കുന്നതു്?

പിള്ള:— അവിടുത്തെ ഒന്നും ചെയ്യില്ല. പെരുമാളെ കിട്ടണമെന്നേ അവക്കാഗ്രഹമുള്ളു. 'പെരുമാളെവിടെ' എന്നു് ചോദിച്ചുംകൊണ്ടു് രാവും പകലും

അവിടുത്തെ സ്വൈരംകെടുത്തുന്നുണ്ടു്. സ്വൈരക്കേടുകൊണ്ടെങ്കിലും അതു് പറയട്ടെ എന്നാണു് അവരുടെ ആലോചന.

കമ:— അതൊക്കെ ശരി. പുറത്തേയ്ക്കു് പോരുന്നതെങ്ങിനെ?

പിള്ള:— അതിനുള്ള വഴി അവിടുന്നുതന്നെ ആലോചിക്കണം. സാമാന്യന്മാർക്കു് സാധിക്കില്ല. വഴികൾ അവിടുന്നുതന്നെ ഇപ്പോൾ ആലോചിക്കുന്നുണ്ടാവും.

കമ:— അവിടുത്തെ സ്ഥിതി ഇപ്പോൾ പറഞ്ഞു നിങ്ങൾ സൂക്ഷ്മം അറിഞ്ഞിട്ടുതന്നെയാണോ?

പിള്ള:— അതെ, ഞങ്ങൾ വേഷം മാറി നടക്കുമ്പോൾ ഭരണാധികാരികളിൽ നിന്നുതന്നെ പുറപ്പെട്ട സംഭാഷണങ്ങളിൽനിന്നു അറിഞ്ഞതാണു്.

കമ:— വിശേഷവിധികൾ ഉണ്ടാകുമ്പോൾ അറിയിക്കണം—എന്നുപറഞ്ഞു അവരെ യാത്രയാക്കി.

## VIII

തമ്പുരാനെ കാരാഗൃഹത്തിനകത്തിട്ടടച്ചതിനുശേഷം സർവ്വാധികാരിയും സൈന്യപാലകരും കൂടിയാലോചിച്ചു പെരുമാളിരിക്കുന്ന സ്ഥലം തമ്പുരാനെക്കൊണ്ടു പറയിക്കുവാൻ ഏറെക്കുറെ ശ്രമങ്ങൾ ചെയ്തുനോക്കി. ധീരോദാത്തതയും ഓജസ്സും പ്രജ്വലിക്കുന്ന തമ്പുരാൻ തീരെ അധൃഷ്യനാണെന്നു അവർ രണ്ടുപേർക്കും തോന്നിയിട്ടുണ്ടായിരുന്നു. അതു നിമിത്തം തമ്പുരാനോടു് ചെയ്യുന്ന ദ്രോഹങ്ങൾക്കു് ചില അതിർത്തികൾ അവർതന്നെ വെച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രമത്തൻനമ്പൂതിരി തമ്പുരാന്റെ വാശി കണ്ടു് ശുണ്ഠിയിളകി അവിടുത്തെ വധിപ്പി

ക്കേണ്ടതാണെന്നു് ഇടയ്ക്കിടയ്ക്കു് സൈന്യപാലകനോടു പറയാറുണ്ടു്. തങ്ങളുടെ സൂക്ഷ്മക്കുറവുമൂലം പെരുമാറ്റം ചാടിപ്പോയതാണെന്നു് നിശ്ചയിച്ചു്, തങ്ങളെ ഹിംസിപ്പിക്കുവാൻ മടിക്കാത്ത ഭരണസംഘത്തിന്നു, തമ്പുരാന്റെ വധം തങ്ങൾക്കു ശിക്ഷ വിധിക്കാതിരിക്കുവാൻ തൃപ്തികരമായ സമാധാനമായിത്തോന്നുന്നതല്ലെന്നും, തടവിൽ കിടക്കുന്ന തമ്പുരാനെ പ്രഥമോപായങ്ങളെക്കൊണ്ടു അനുനയിപ്പിച്ചു പെരുമാളുടെ വാസസ്ഥലം പറയിക്കേണ്ടതാണെന്നും, മറ്റും നമ്പിടി സർവ്വാധികാരിയെ ധരിപ്പിച്ചു. അതിനുള്ള മാർഗ്ഗങ്ങളാലോചിക്കുന്നതിനിടയിൽ, കമലാവതിയുടെ ആഗമനം സൈന്യപാലകൻ ഗൂഢമായി അറിഞ്ഞു. കേശവൻപിള്ള മുതലായവർ ഓരോ വേഷമെടുത്തു കമലാവതിയെ പതിവായി ചെന്നുകണ്ടിരുന്നുവല്ലോ. നമ്പിടിയുടെ ചാരന്മാർ അവിടങ്ങളിലെല്ലാം സഞ്ചരിക്കുന്നുണ്ടായിരുന്നതിനാൽ അല്പദിവസങ്ങളായി കമലാവതിയുടെ ഗൃഹത്തിലെയ്ക്കു ചിലർ ചെല്ലുന്നതും ഒരു സ്ത്രീയോടു സംസാരിച്ചു മടങ്ങുന്നതും കണ്ടു ചില സംശയങ്ങൾ ജനിച്ചു വിവരം സൈന്യപാലകനെ അറിയിച്ചു. 'മേലിൽ അവരെ കാണുന്നപക്ഷം തടഞ്ഞുവെച്ചു കൊണ്ടുവരണം' എന്നു നമ്പിടി അവരോടു ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. തങ്ങളെ ചിലർ ഉറ്റുനോക്കിയ സംഗതി മേൽപ്പറയപ്പെട്ടവരും ഗ്രഹിച്ചു കഴിഞ്ഞതിനാൽ അവരുടെ അങ്ങോട്ടുള്ള പോക്കുവരവിന്നു അപ്പോൾ മുതല്ക്കു് അല്പമായുള്ള അന്തരം വരുത്തി. അങ്ങിനെ വന്നും പോന്നും ഇരുന്നിരുന്നവർ തമ്പുരാന്റെ ജനങ്ങളായിരിക്കണമെന്നും, ആ സ്ത്രീ തമ്പു

താൻെറ ഭാൎയ്യയായിരിക്കണമെന്നും നമ്പിടി ക്ഷണത്തിൽ നിശ്ചയിച്ചു. സംഗതികളെല്ലാം സൎവ്വാധികാരിയെ അറിയിച്ചു.

സൎവ്വാ:—ആ സ്ത്രീ വന്നതുകൊണ്ടു് എന്താണു് ഗുണം?

നമ്പി:—ഞാൻ അല്പം കാനുനൂകളു്. ഞാൻ ആ സ്ത്രീയെ ചെന്നു കാണാം. തമ്പുരാൻെറ ശാഠ്യം വിടുന്നില്ലെങ്കിൽ തരക്കേടെന്നു മനസ്സിലാക്കാം. സ്ത്രീയല്ലേ. അപ്പോൾ പേടിക്കും.

സൎവ്വാ:—എന്നിട്ടു, കാൎയ്യം പറയൂ.

നമ്പി:—ആ സ്ത്രീ ചെന്നു ആവലാധി പറയുമ്പോൾ പക്ഷെ മനസ്സിളകും.

സൎവ്വാ:—തമ്പാൻ അത്ര ശുദ്ധനാണോ?

നമ്പി:—അങ്ങിനെ വെയ്ക്കേണ്ട; ആ വഴി ഫലിക്കും. മനുഷ്യനല്ലേ? ഭാൎയ്യ ചെന്നു കരഞ്ഞു പറഞ്ഞാൽ ഒന്നിളകും. നമ്മൾക്കു അതേ ഒന്നു പരീക്ഷിച്ചു നോക്കുവാനുള്ളു.

സൎവ്വാ:—ഇഷ്ടംപോലെ ചെയ്യൂ. ആധികൊണ്ടു തന്നെ എൻെറ കഥ കഴിയുമെന്നാണു് തോന്നുന്നതു്.

നമ്പി:—'അങ്ങിനെ വിഷാദിക്കേണ്ട. ഒക്ക നേരെയാക്കാം.' എന്നു പറഞ്ഞു കമലാവതിയുടെ ഗൃഹത്തിലേയ്ക്കു ചെന്നു. താൻ സൈന്യപാലകനായ നമ്പിടിയാണെന്നു പറഞ്ഞു തന്നെത്താൻ പരിചയപ്പെടുത്തി. കമലാവതി ഒരു പായ നീക്കിയിട്ടുകൊടുത്തു. തന്നോടു് കറയുള്ളവനായി ലോകത്തിൽ ആരെങ്കിലും ഉണ്ടെങ്കിൽ, അതു് നമ്പിടി മാത്രമാണെന്നു് തമ്പുരാൻതന്നെ കമലാവതിയോടു പലപ്പോഴും പറഞ്ഞിട്ടുണ്ടു്. അങ്ങിനെ, മുമ്പുതന്നെ നമ്പിടി ക

മലാവതിക്കു് കുറെ പരിചിതനായിട്ടുണ്ടു്. സൈന്യപാലകൻ പായയിൽ ഇരുന്നു.

സൈന്യ:—ഞാൻ ഒരു കായ്യം പറവാൻ വന്നതാണ്.

കമ:—എന്താണു്?

സൈന്യ:—ഞങ്ങൾക്കു് തമ്പുരാനോടു് വിരോധം ഒന്നുമില്ല. അദ്ദേഹത്തിനു ആവശ്യമില്ലാത്ത കായ്യത്തിൽ പ്രവേശിക്കേണ്ടിയിരുന്നില്ല.

ഭത്താവിൻെറ ബന്ധനം നിമിത്തം അത്യന്തമായ മനോവേദനയോടുകൂടിയിരിക്കുന്ന അവസരത്തിൽ ഭത്താവിനെ അപ്രകാരമുള്ള അവസ്ഥയിൽ പെടുത്തിയ ഒരാൾ വിജയവൈജയന്തിവഹിച്ചു ചെന്നു അവിടുത്തെ കുററപ്പെടുത്തി പറഞ്ഞുകേട്ട വാക്കുകൾ നിമിത്തം കമലാവതിക്കു് കഠിനമായ കോപം ഉള്ളിൽ നിറഞ്ഞു. എങ്കിലും അതു് പ്രകാശിപ്പിക്കാതെ,

കമ:—അവിടുത്തെ പ്രവൃത്തികളൊക്കെ അങ്ങിനെതന്നെയാണ്. ഇനി ആ ശീലം മാറുവാനും പ്രയാസം.

നമ്പി:—പെരുമാളെ ഞങ്ങൾക്കു കിട്ടാതെ കഴികയില്ല. ഒളിപ്പിച്ചിട്ടുള്ള സ്ഥലം അദ്ദേഹം പറഞ്ഞുതരുന്നില്ലെങ്കിൽ ഞങ്ങൾ അവസാനക്കയ്യുതന്നെ എടുക്കും.

കമ:—ഇതു് അവിടുത്തോടല്ലേ പറയേണ്ടതു്?

തമ്പി:—ഞങ്ങൾ പറയേണ്ടതൊക്കെ പറഞ്ഞു. ശാഠ്യം വിടാനുള്ള വട്ടമല്ല കണ്ടതു്. ഇനി നിങ്ങൾ വിചാരിച്ചാൽ വൈഷമ്യംകൂടാതെ കഴിക്കാം. അതു് പറവാനാണ് ഞാൻ ഇങ്ങോട്ടു പോന്നതു്.

കമ:—പെരുമാളെ ഒളിപ്പിച്ച സ്ഥലം എനിക്ക അറിഞ്ഞുകൂടല്ലൊ.

നമ്പി:—അതില്ല; എന്നാൽ തമ്പുരാനെ ചെന്നു കണ്ടു് സ്വഭാവങ്ങളെന്നു മനസ്സിലാക്കണം.

തമ്പുരാനെ കാണാനുള്ള അവസരം അത്ര എളുപ്പത്തിൽ ലബ്ധമാകുവാൻ പോകുന്നതു് കണ്ടു് കമലാവതിയുടെ ഹൃദയകമലം വികസിച്ചു. എന്നാൽ ചെന്നു കാണേണ്ട കാൎയ്യത്തിൽ തനിക്കത്ര ശ്രദ്ധയില്ലെന്നു നടിച്ചുംകൊണ്ടു,

കമ:—അതു് പ്രയാസമല്ലെ? ഞാൻ, ഒരു സ്ത്രീ തടവിലേയ്ക്കു പോവുകയോ!

നമ്പി:—അഭിമാനം ഇപ്പോൾ വിചാരിക്കരുതു്. സൎവ്വാധികാരിക്കു് എന്റെ ഈ പ്രവൃത്തിതന്നെ വളരെ ഇഷ്ടമായിട്ടില്ല. അദ്ദേഹത്തിനെ ക്ഷണത്തിൽ വധിപ്പിക്കേണമെന്നാണു് സൎവ്വാധികാരിയുടെ ശാഠ്യം.

അതു് കേട്ടപ്പോൾ കമലാവതി അതിയായ ഭയം നടിച്ചു.

കമ:—എന്നാൽ ഞാൻ പറഞ്ഞുനോക്കാം. പറഞ്ഞപോലെ, വലിയ വാശിയുള്ള ആളാണു്.

നമ്പി:—ഇന്നു ഉച്ചതിരിഞ്ഞതിന്നു ശേഷം തന്നെ വേണം. പെരുമാളിരിക്കുന്ന സ്ഥലം ഇന്നുതന്നെ പറഞ്ഞുതരണം. തമ്മിൽ കാണ്മാനുള്ള അവസരം ഞാൻ ഉണ്ടാക്കാം.

കമ:—ഞാൻ വൈകുന്നേരം വരാം. എന്നാൽ ഞങ്ങൾ തമ്മിലുള്ള സംഭാഷണം അന്യന്മാർ വന്നു നിന്നു കേൾപ്പാൻ പാടില്ല.

നമ്പീടി ഇതു കേട്ടപ്പോൾ അല്പനേരം ആലോ

ചനയോടുകൂടി ഇരുന്നു. "തടവിൽ കിടക്കുന്ന തമ്പുരാനോട്ട് ഒരു സ്ത്രീ ചെന്നു ചില സ്വകാൎയ്യങ്ങൾ പറഞ്ഞു പോന്നാൽ തമ്പുരാൻ തടവിൽനിന്നു പോരുന്നതല്ലല്ലോ." എന്നു് ഒടുവിൽ സമാധാനിച്ചു.

"ആട്ടെ വേണ്ടില്ല." എന്നു പറഞ്ഞു നമ്പിടി അവിടെനിന്നു തിരിച്ചു. അന്നുതന്നെ ഉച്ചതിരിഞ്ഞതിന്നു ശേഷം കമലാവതി ഒരു ഭൃത്യനോടുകൂടി കാരാഗൃഹത്തിലേയ്ക്കു് ചെന്നു. ഭൃത്യൻ കേശവപ്പിള്ളയായിരുന്നു.

# IX

സാമാന്യജനങ്ങളുടെ ആലോചനയ്ക്കുപോലും ഗോചരങ്ങളല്ലാത്ത കഠിനകൃത്യങ്ങൾ ചെയ്തവൎക്കുമാത്രം പ്രവേശാൎഹമായ കാരാഗൃഹത്തിന്നകത്തെയ്ക്കു കമലാവതി കടന്നു. ഭൎത്തൃസാന്നിദ്ധ്യംനിമിത്തം ആ കാരാഗൃഹം, തിരുവനന്തപുരത്തുള്ള കൊട്ടാരംപോലെ തന്നെ, ആ സാധ്വിക്കു ഹൃദ്യമായി തോന്നി. ചിന്താമഗ്നനായി ഒരു മുറിക്കകത്തിരിക്കുന്ന പ്രാണവല്ലഭനെ അവൾ കണ്ടു. സ്വാതന്ത്ര്യബന്ധനം നിമിത്തം യാതൊരു വ്യാകുലതാപവും അദ്ദേഹത്തെ ബാധിച്ചിട്ടില്ല. ഗാഢമായുള്ള ആലോചനയിൽ നിമഗ്നനാണെങ്കിലും, പ്രസന്നമുഖനായിത്തന്നെയാണു്, ഏകാകിയായ നിലയിലും അദ്ദേഹം ഇരിക്കുന്നതു്. പരാക്രമികളായ അധികാരസ്ഥന്മാരുടെ അപനയത്തിൽ പെട്ടു വലയുന്ന പൌരലോകത്തെ, വ്യാഘ്രത്തിൽനിന്നു് ഹരിണത്തെ എന്നപോലെ, മോചിപ്പിക്കുന്ന കാൎയ്യം അദ്ദേഹത്തിന്നു്, നായാട്ടുപോലെ വെറും വിനോദകരമായ ഒരു വ്യായാമമാണു്. തടവിൽ കിട

കുന്ന തമ്പുരാൻ, തൻെറ സ്വാതന്ത്ര്യം ഖണ്ഡിക്കപ്പെട്ടിട്ടുള്ളതായി മനസ്സിൽ തോന്നീട്ടുണ്ടായിരുന്നില്ല. കമലാവതി ചെല്ലുന്ന സമയത്തു് ഉണ്ടായിരുന്ന ഗാഢാലോചനയുടെ വിഷയം, തടവിൽനിന്നു പുറത്തേയ്ക്കു് പോകുവാൻ ഏററവും നേരമ്പോക്കുള്ള മാർഗ്ഗം ഏതായിരിക്കും എന്നു മാത്രമേ ആയിരുന്നുള്ളു. കമലാവതിയെ കണ്ടപ്പോൾ പ്രേമം, ആനന്ദം, ആശ്ചര്യം, എന്നിവയിടകലർന്ന ഭാവത്തോടുകൂടി "കമലാവതിയോ! കൊട്ടാരത്തിൽ തനിയേ ഇരുന്നു് മുഷിഞ്ഞു അല്ലേ?" എന്നു് ചോദിച്ചു് അടുത്തു ചെന്നു പിടിച്ചു സമീപത്തിരുത്തി.

താൻ ധരിച്ചപോലുള്ള വൈഷമ്യങ്ങളൊന്നും വന്നിട്ടില്ലെന്നു കണ്ടതിനാൽ കമലാവതിക്കു് വലുതായ മനോനിർവ്വതി ഉണ്ടായി.

കമ:—ഇവിടത്തെ ഉറങ്ങാൻ അയയ്ക്കുന്നില്ലെന്നു കേട്ടു. ദേഹം നന്നെ ക്ഷീണിച്ചിട്ടുണ്ടായിരിക്കുമെന്നു് ഞാൻ വ്യസനിച്ചു.

തമ്പു:—ഉണ്ണാനയച്ചില്ലെങ്കിൽ തന്നെ എനിക്കത്ര ക്ഷണം ക്ഷീണം തട്ടില്ല. എന്നാൽ കേട്ടതു് നേരാണു്. അങ്ങിനെ എന്നെ ശല്യപ്പെടുത്തുവാൻ ഇവർ കാവല്ക്കാരോടു് ഏല്പിച്ചിട്ടുണ്ടു്. കാവൽക്കാർ അങ്ങിനെ ചെയ്യുന്നുണ്ടെന്നുമാണു് ഇവരുടെ വിശ്വാസം.

കമ:—അവർ ശല്യപ്പെടുത്തുന്നില്ലേ?

തമ്പു:—ഇല്ലെന്നില്ല. എന്നാൽ പെരുമാറ്റം പോയവിവരം ഇവർ പുറത്തേയ്ക്കു് വിട്ടിട്ടില്ല. സൈന്യപാലകനും സർവ്വാധികാരിയും രണ്ടു കാവൽക്കാരും മാത്രമേ സംഗതി അറിഞ്ഞിട്ടുള്ളു. കാര്യം പുറത്തു

വന്നാൽ ഭരണസംഘക്കാർ ഇവരുടെ കഥ കഴിക്കും. അതവൎക്കറിയാം. അതുകൊണ്ടു് ഉള്ളിൽ നന്നെ ഭയവും ഉണ്ടു്. രണ്ടു് കാവൽക്കാർ മാത്രമേ എന്നെ ശല്യപ്പെടുത്തുവാൻ വരുന്നുള്ളു. അവർ ഊഴമിട്ടു വരും. വന്നാപാടെ ഉറക്കവും തുടങ്ങും. ഇങ്ങിനെയാണു് കഴിഞ്ഞുകൂടുന്നതു്.

കമ:—എത്ര കാലം ഇനി ഇതിൽ താമസിപ്പാനാണു് വിചാരിക്കുന്നതു്?

തമ്പു:—ഇനി താമസമില്ല. കമലാവതി വന്നുവല്ലോ. ഞാൻ പുറപ്പെടുമ്പോൾ ചില ഒരുക്കങ്ങൾ പിള്ള മുതലായവർ പറഞ്ഞു ചെയ്യേണ്ടതായുണ്ടു്. അതു അവരെ അറിയിക്കുവാൻ വഴി കാണാതിരിക്കുകയായിരുന്നു.

കമ:—ഞാൻ വന്നില്ലെങ്കിൽ എന്തു ചെയ്യും?

തമ്പു:—വന്ന സ്ഥിതിക്കു്, അതാലോചിപ്പാൻ കഴിയില്ല.

കമ:—ഭാസ്കരനെ ഇവരുടെ കൂട്ടത്തിൽ കണ്ടില്ല. പിള്ളയോടും മററും ചോദിച്ചപ്പോൾ ഇവിടെ ഉണ്ടെന്നു മാത്രം മറുവടി പറഞ്ഞു.

തമ്പു:—ഭാസ്കരനോ! ആയാളുടെ കഥ കുറെ പറവാനുണ്ടു്.

കമ:—ആയാളിവിടെ ഇല്ലേ?

തമ്പു:—ഉണ്ടു്, ഉണ്ടു്. ഇവിടെത്തന്നെ എവിടെയോ ഉണ്ടു്.

കമ:—ബന്ധനത്തിലാണോ?

തമ്പുരാൻ ആവക സംഗതികൾ വിസ്തരിച്ചു പറഞ്ഞു. അതു കേട്ടപ്പോൾ കമലാവതിക്കുണ്ടായ വികാരങ്ങളെ വിവരിക്കണമോ?

തമ്പു:—ആയാളോടു പരിഭവം തോന്നരുത്. ഭാസ്കരൻെറ പ്രായമാണു് അതിന്നൊക്കെ ഉത്തരവാദി.

കമ:—ഇത്ര കഥയില്ലാത്തവനാണെന്നു ഞാൻ വിചാരിച്ചില്ല. ഞങ്ങൾ നിമിത്തം ഈ ബന്ധനത്തിലകപ്പെട്ടതിലാണു് സങ്കടം.

തമ്പു:—കമലാവതി നിമിത്തമല്ലേ എനിക്കു പുറത്തേയ്ക്കു പോകുവാൻ തരമാകുന്നതു്. അപ്പോൾ ആ സങ്കടം തീൎന്നില്ലേ?

കമ:—പിള്ള മുതലായവരെക്കൊണ്ടു എന്തെല്ലാം ഒരുക്കങ്ങളാണു് ചെയ്യിക്കേണ്ടതു്?

ഇതിന്നുത്തരം പറവാൻ കഴിയുന്നതിന്നു മുമ്പു് സൈന്യപാലകൻ അവിടെ ചെന്നു്, "സമയം അതിക്രമിക്കുന്നു" (കമലാവതിയോടു്) "മുറിയിൽനിന്നു പുറത്തു പോരണം" എന്നു കല്പിച്ചു. തമ്പുരാൻ കമലാവതിയുടെ ചോദ്യത്തിന്നുത്തരമായി, സൈന്യപാലകൻ കേൾക്കെ, "നല്ലവണ്ണം ആലോചിക്കട്ടെ, നാളെ പറയാം" എന്നു പറഞ്ഞു.

കമലാവതി വേഗത്തിൽ പുറത്തേയ്ക്കു പോന്നു. കാരാഗ്രഹത്തിൻെറ പുറത്തേയ്ക്കു കടന്നതിന്നു ശേഷം,

സൈന്യ:—എന്തായി കാൎയ്യം?

കമ:—പറഞ്ഞതു കേട്ടില്ലേ?

സൈന്യ:—ഞങ്ങൾക്കു് ഇനി താമസിപ്പാൻ തരമില്ല. രണ്ടിലൊന്നു് ഇപ്പോളറിയണം.

കമ:—"ഞാൻ ഈ കാൎയ്യം പറഞ്ഞപ്പോൾ, 'എന്നെ കഴുവിന്മേലിടട്ടെ' എന്നാണു പറഞ്ഞതു്. അതു മതിയെങ്കിൽ ഇപ്പോൾ കഴിക്കാം. എനിക്കും കാൎയ്യം നേരെയാവണമെന്നല്ലേ? നാളെ മറുപടി പറയും." എന്നു പറഞ്ഞു കമലാവതി ഭവനത്തിലേയ്ക്കു മടങ്ങി.

പിറ്റേദിവസം ഉച്ചതിരിഞ്ഞതിന്നു ശേഷം കമലാവതി തമ്പുരാന്റെ സമീപത്തേയ്ക്കു വീണ്ടും ചെന്നു.

തമ്പു:—കാൎയ്യങ്ങൾ പറഞ്ഞു കഴിഞ്ഞിട്ടു നേരമ്പോക്കുകൾ പറഞ്ഞുതുടങ്ങാം; അല്ലെങ്കിൽ, ഇന്നലത്തെപ്പോലെ ആ വിദ്വാൻ വന്നു ശല്യപ്പെടുത്തും.

അതിന്നുശേഷം തന്റെ കൂട്ടുകാരിൽ ഓരോരുത്തനും നിൎവ്വഹിക്കേണ്ട കൃത്യങ്ങൾ ഭൎത്താവു ഭാൎയ്യയെ ധരിപ്പിച്ചു.

കമ:—അപ്പോൾ ഭാസ്കരനോ?

തമ്പു:—നിങ്ങൾ രണ്ടുപേരും എന്റെ ഒരുമിച്ചു തന്നെ വേണം.

കമ:—ഒന്നുരണ്ടു ദിവസങ്ങൾകൊണ്ടല്ലേ, പിള്ള മുതലായവൎക്കു ഈ പറഞ്ഞ ഒരുക്കങ്ങളൊക്കെ ചെയ്വാൻ സാധിക്കുള്ളു?

തമ്പു:—എന്നിട്ടു പുറപ്പെട്ടാൽ മതി.

കമ:—പെരുമാളിരിക്കുന്ന സ്ഥലം ഇപ്പോൾതന്നെ പറഞ്ഞുകൊടുക്കണമെന്നാണു് അവർ പറയുന്നതു്.

തമ്പു:—അവരെന്തെങ്കിലും പറയട്ടെ.

കമ:—ഞാൻ അവരോടു് എന്തു പറയണം?

തമ്പു:—അവരെ ഉത്തോട്ടയച്ചാൽ മതി.

കമലാവതി യാത്രയായി. പുറത്തേയ്ക്കു കടന്നപ്പോൾ തന്നെ കാത്തു നില്ക്കുന്ന നമ്പിടിയെ കണ്ടു.

നമ്പി:—എന്താണു് ഇന്നത്തെ സമ്പ്രദായം?

കമ:—എന്റെ വരവു വെറുതെ ആയില്ല.

നമ്പി:—പെരുമാളെ എവിടെ ഒളിപ്പിച്ചിരിക്കുന്നു?

കമ:—അതൊന്നും പറഞ്ഞില്ല. ഞാൻ ചോദിച്ചു; 'അവരല്ലേ പിടിപ്പാൻ പോകുന്നതു്? അവ

രോടു പറയാം' എന്നാണ് മറവടി ഉണ്ടായതു്. ഇനി നിങ്ങൾ തമ്മിൽ സംസാരിച്ചാൽ മതി. എന്നാൽ എന്നോടു് ഒരു കാര്യം തീച്ച് പറയണം. കാര്യം സാധിച്ചാൽ പിന്നെ അവിടുത്തെ അപമാനിക്കാതെ അയച്ചുതരണം.

നമ്പി:—ഞങ്ങൾ പല്ലക്കിൽ അകമ്പടിയോടു കൂടി അയച്ചുതരാം.

കമലാവതി പോയതിന്നുശേഷം സൈന്യപാലകൻ സർവ്വാധികാരിയെ വിവരങ്ങളറിയിച്ചു. രണ്ടുപേരുംകൂടി തമ്പുരാൻെറ സമീപത്തു് ചെന്നു നിന്നു.

സൈ:—അവിടുത്തെ ഭാര്യ എന്നോടു് ചില സംഗതികൾ പറഞ്ഞു.

തമ്പു:—എന്തൊക്കെയാണ് പറഞ്ഞതു്?

സൈ:—പെരുമാളെ സംബന്ധിച്ചാണ്.

തമ്പു:—(നിദ്ര നടിച്ചുംകൊണ്ടു്) പെരുമാളെന്തെല്ലാമാണ് പറഞ്ഞതു്?

നമ്പി:—അവിടുന്നു എന്താണീ പറയുന്നതു്?

തമ്പു:—(ഞെട്ടി ഉണന്ന ഭാവത്തിൽ) അസാരം ഉറങ്ങിപ്പോയി. ഞാനെന്താ പറഞ്ഞതു്?

സർവ്വാ:—ഞങ്ങൾക്കു് കളിപ്പാൻ നില്ക്കാൻ തരമില്ല. പെരുമാളെവിടെയാണ്? ക്ഷണത്തിൽ പറയണം.

തമ്പു:—അതു് പറയാം. ഇന്നൊന്നു അലട്ടരുതു്. എനിക്കു് ഒന്നിന്നുംവയ്യ. കഴുകയറിയാലും വേണ്ടില്ല.

എന്നു പറഞ്ഞു് അവിടെ ചുരുണ്ടു കിടന്നു. സർവ്വാധികാരിക്കു് അതു് കണ്ടപ്പോൾ സഹിപ്പാൻ പാടില്ലാത്ത ശുണ്ഠി തലയ്ക്കു് പിടിച്ചു. നമ്പിടിയുടെ

വികാരങ്ങഠ അങ്ങിനെ അല്ലായിരുന്നു; കമലാവതി അത്ര ധൈര്യപ്പെട്ടു പറഞ്ഞതിനാൽ പെരുമാളിരിക്കുന്ന സ്ഥലം തമ്പുരാൻ ഒടുവിൽ പറഞ്ഞുകൊടുക്കുമെന്നു തന്നെ നമ്പിടി നിശ്ചയിച്ചു. തങ്ങളാൽ നിയുക്തന്മാരായ ഭടന്മാരുടെ പീഡനങ്ങളനുഭവിച്ച് വന്നിരുന്നതിനാൽ തമ്പുരാനപ്പോഠ നിദ്രാധീനനായതിൽ കററമൊന്നുമില്ലെന്നു നമ്പിടിക്ക് തോന്നി. കഴുമരത്തിൻെറ മുകളിലേയ്ക്ക് പോകുവാൻ സന്നദ്ധനായി നില്ക്കുന്ന തമ്പുരാനെ വധിക്കുകയല്ല വേണ്ടതെന്നും, അദ്ദേഹം പെരുമാളിരിക്കുന്ന സ്ഥലം പറയുമെന്നു പാകത്തിലെത്തിക്കഴിഞ്ഞിരിക്കുന്നതിനാൽ, ശാന്തനാവുകയാണ് വേണ്ടതെന്നും മററും ഉപദേശിച്ച് നമ്പിടി നമ്പൂരിയെ സാന്ത്വനിപ്പിച്ചു നാക്കി, അവിടെനിന്നു കൂട്ടിക്കൊണ്ടുപോയി. പിറേറദിവസം ഉച്ചതിരിഞ്ഞു അവർ രണ്ടുപേരും കൂടി തമ്പുരാൻെറ സമീപത്തെത്തി.

തമ്പു:—ഇന്നലെ വല്ലാതെ ഉറങ്ങിപ്പോയി.

സമ്പൂ:—ഞങ്ങഠക്കതൊന്നും കേഠക്കണ്ട. പെരുമാളെവിടെ?

തമ്പു:—പെരുമാളെ ഞാൻ കാണിച്ച്തരാം.

നമ്പി:—അതു് വേണ്ട. ഇരിക്കുന്ന സ്ഥലം പറഞ്ഞുതന്നാൽ മതി.

സമ്പൂ:—(നമ്പിടിയോട്) ഉരുട്ടാനുള്ള വഴിതന്നെയാണ് നോക്കുന്നതു്.

നമ്പി:— ഇതിനുള്ളിൽ കിടന്നുരുട്ടുകതന്നെയല്ലേ ഉള്ളു?

തമ്പു:—പെരുമാളെ കിട്ടേണ്ട ആവശ്യമല്ലേ ഉള്ളതു്? ഞാൻ കാണിച്ചുതരാം.

സൎവ്വാ:—തമ്പാൻ ഇതിനുള്ളിൽനിന്നു് പുറത്തേയ്ക്കു് കടക്കുന്നതു്, പെരുമാളിതിനുള്ളിലേയ്ക്കു് കടന്നിട്ടാ!

തമ്പു:—ഞാൻ പോന്നല്ലാതെ, നിങ്ങൾക്കു് കാണ്മാൻ പ്രയാസമാണു്.

നമ്പി:—പലതവണയും അവിടുന്നു് ഞങ്ങളെ തോല്പിച്ചാളാണു്. പുറത്തേയ്ക്കു് പോയിട്ടുള്ള കാൎയ്യങ്ങളൊന്നും വേണ്ട.

തമ്പു:—എന്നാൽ പെരുമാളവിടെ ഇരിക്കട്ടെ. ഞാൻ ഇവിടെ കിടക്കുകയോ കഴുകേറുകയോ ചെയ്യാം.

സൈന്യപാലകനും സൎവ്വാധികാരിയും അപ്പോൾ അവിടെനിന്നല്പം അകന്നുനിന്നു തമ്മിൽ കുറെ നേരം ചിലതു് മന്ത്രിച്ചു. അതിന്നുശേഷം അടുത്തുചെന്നു.

നമ്പി:—അങ്ങിനെയാവാം. എന്നാൽ ഒരു കരാറിന്മേൽ മാത്രം.

തമ്പു:—എന്താണതു?

നമ്പി:—ആട്ടെ, അവിടുന്നു പോന്നു കാണിച്ചുതന്നില്ലെങ്കിൽ?

തമ്പു:—എന്നെ കഴുവിന്മേലിടരുതോ?

സൎവ്വാ:—അതു ഞങ്ങൾക്കിപ്പോളാവരുതേ? അവിടെ പോയി മടങ്ങിവന്നിട്ടു വേണോ?

നമ്പി:—അങ്ങിനെയല്ല ഞങ്ങളുരച്ചതു. ഭൎത്തനും അവിടുത്തെ ഭാൎയ്യയും നമ്മളോടൊന്നിച്ചു പോരണം.

തമ്പു:—എനിക്കതിനെന്താ വിരോധം? സന്തോഷമല്ലേ ഉണ്ടാവുള്ളു?

നമ്പി:—പെരുമാളെ അവിടുന്നു കാണിച്ചുതന്നില്ലെങ്കിലും, അവിടുന്നു ചാടിപ്പോകാൻ ശ്രമിച്ചു എങ്കിലും, അവിടെവെച്ചു ഞങ്ങൾ തൽക്ഷണം അവരെ ഹിംസിക്കും.

തമ്പു:—ഞാൻ ചാടിപ്പോകാതിരിപ്പാൻ ഈ ഒരൊററക്കരുതലേ ചെയ്യുന്നുള്ളു?

നമ്പി:—അതല്ല ഞങ്ങളുടെ കൂടെ ഭടന്മാരുണ്ടാകും.

തമ്പു:—പിന്നെ പെരുമാളുടെ കാര്യമാണ് അല്ലേ?

നമ്പി:—അതെ. കാണിച്ചുതന്നില്ലെങ്കിൽ ഞങ്ങൾ പറഞ്ഞപ്രകാരം ചെയ്യും.

തമ്പു:—വരട്ടെ, പെരുമാളെ കാണിച്ചുതരാം

നമ്പി:—എന്നാൽ സ്ഥലം പറഞ്ഞുതന്നാലുടേ?

തമ്പു:—പെരുമാളെ കിട്ടിയാൽ നിങ്ങളെന്താണ് ഭാവം? അതറിയട്ടെ.

നമ്പി:—ഞങ്ങൾ മൻസ്ഥിതിയിൽ തടവിൽ പാർപ്പിക്കും.

തമ്പു:—കാണിച്ചുതന്നില്ലെങ്കിൽ എന്നേയും, എന്റെ ഭാര്യ, ഭാസ്കരൻ ഇവരേയും നിങ്ങൾ കഴുവേററും. അങ്ങിനെയല്ലേ?

നമ്പി:—രാജ്യത്തിന്റെ രക്ഷയ്ക്കു ഞങ്ങൾക്കതു ചെയ്യേണ്ടിവരും.

തമ്പു:—ഇതെനിക്കു പെരുമാളോടൊന്നു നേരിട്ടു പറയണം. അല്ലെങ്കിൽ ഞാൻ രക്ഷപ്പെടുത്തീട്ടും പിന്നെ ചതിച്ചപോലെയല്ലേ അദ്ദേഹത്തിനു തോന്നുക? സംഗതികൾ അദ്ദേഹത്തോടു പറയുന്നതാണു ഭംഗി.

നമ്പി:—എന്നാൽ നാളെ അസ്തമിച്ചു പുറപ്പെടണം.

തമ്പു:—എനിക്കു അമാന്തം ഒട്ടുമില്ല.

നമ്പി:—എത്ര ദൂരം പോണം?

തമ്പു:—കുറെ ദൂരം പോണം. ആലത്തൂർ കൂടിയാണ് പോകേണ്ടത്.

പിറെറ ദിവസം സന്ധ്യയോടു കൂടിത്തന്നെ പുറപ്പെടുവാനും, അതിന്നുള്ളിൽ അനുയാത്രയ്ക്കു കമലാവതിയെ അവിടെയ്ക്കു വരുത്തുവാനും നിശ്ചയിച്ച് സൎവ്വാധികാരിയും സൈന്യപാലകനും അപ്പോൾ അവിടെനിന്നു പിരിഞ്ഞു.

## X

ഭരണനിൎവ്വഹണത്തിന്നു പ്രത്യൂഹങ്ങളുണ്ടാക്കിയതു നിമിത്തം വധാൎഹനെന്നു കല്പിക്കപ്പെട്ട തമ്പുരാനെ, പൊതുജനങ്ങൾക്കൊരു പാഠം കൊടുക്കേണ്ടതിന്നു, തിരുനാവായിൽവെച്ചു വധിക്കേണമെന്നുള്ള സൎവ്വാധികാരിയുടെ ആജ്ഞയനുസരിച്ച്, സൈന്യപാലകനും ഉപസൈന്യപാലകനും അവരുടെ നേതൃത്വത്തിൻകീഴിലുള്ള ഭടജനങ്ങളോടുകൂടി വധസ്ഥലത്തെയ്ക്കു അദ്ദേഹത്തെ കൊണ്ടുപോകുന്നതാണെന്നു വിളംബരം ചെയ്തു. നിശ്ചിത ദിവസത്തിൽതന്നെ യാത്ര പുറപ്പെട്ടു. ഘോഷയാത്ര കാണുവാൻ കൌതുകികളായി കാരാഗൃഹദ്വാരത്തിൽ കൂടിയിരുന്ന പൌരജനങ്ങൾക്കു ഉപസൈന്യപാലകന്റെ ആകൃതിവിശേഷം കുറെ നേരത്തെയ്ക്കു നേരമ്പോക്കുണ്ടാക്കി. ആയാൾ കോഴിക്കോട്ടു പാൎപ്പിച്ചു നിൽക്കുന്ന സേനാവിഭാഗത്തിന്റെ ഉപനായകനായിരുന്നില്ല. നമ്പിടിയുടെ സാന്നിദ്ധ്യം സ്ഥിരമായി അവിടെയ്ക്കു

ണ്ടായിരുന്നതിനാൽ അങ്ങിനെയൊരുദ്യോഗസ്ഥന്റെ നിയമനം ആവശ്യമുണ്ടായിരുന്നില്ല. ഉപസൈന്യനായകനും ആയാളുടെ നേതൃത്വത്തിൻകീഴിൽ ആ യാത്രയ്ക്കൊരുങ്ങിവന്ന ഭടന്മാരും അവിടെയുള്ള പൌരന്മാർക്ക് അപരിചിതരായിരുന്നു. അവർ മേൽപ്രസ്താവിക്കപ്പെട്ട ആവശ്യത്തിന്നു് ചാലിയത്തുനിന്നു വരുത്തിയിരിക്കുന്നവരാണെന്നു ജനങ്ങൾ അന്വേഷണംകൊണ്ടറിഞ്ഞു. ഭടന്മാരെല്ലാവരും സൈനികവസ്ത്രങ്ങൾ ധരിച്ചിരുന്നു. ഉപസൈന്യനായകനും സ്ഥാനോചിതമായുള്ള വസ്ത്രാദ്യലങ്കാരങ്ങൾ അണിഞ്ഞിട്ടുണ്ട്. നിബിഡങ്ങളായ ശ്മശ്രുക്കളാൽ ആയാളുടെ മുഖമാസകലം ആച്ഛാദനം ചെയ്യപ്പെട്ടിരുന്നു. അതു നിമിത്തം മുഖത്തിന്നു അസാമാന്യമായ വൈകൃതം സംഭവിച്ചിട്ടുണ്ടായിരുന്നു. നാസിക ഒഴികെ മുഖത്തു മറ്റൊന്നും ദൃശ്യമായിരുന്നില്ല. അടുത്തുചെന്നു നല്ലവണ്ണം സൂക്ഷിച്ചു നോക്കുന്നതുവരെ, ഒരു മനുഷ്യക്കരടി നിൽക്കുന്നതാണെന്നേ ജനങ്ങൾ വിചാരിക്കൂ.

മൂന്നു വാഹനങ്ങൾ കാരാഗൃഹത്തിന്നടുക്കൽ നിർത്തിയിട്ടുണ്ടു്. അസ്തമയത്തോടുകൂടി സേനാപതി, സ്ഥാനത്തിന്നു സദൃശമായ ഉടുപ്പുകളിട്ടു്, അണിയായി നിർത്തിയിരുന്നവയിൽ ആദ്യത്തെ വണ്ടിയിൽ കയറി ഇരുന്നു. മുമ്പിലും പിമ്പിലും ഇടംവലം വശങ്ങളിലും ഈരണ്ടു ഭടന്മാരെ ആയുധപാണികളാക്കി നിർത്തി, രണ്ടാമത്തെ വണ്ടിയിൽ കമലാവതിയെയും ഭാസ്കരനേയും ഇരുത്തി. അവസാനത്തെ വണ്ടിയിൽ മുമ്പറഞ്ഞതിൽ ഇരട്ടിച്ച ഭടജനത്തെ നി

ത്തി തമ്പുരാനെ ഇരുത്തിയതിന്നു ശേഷം ഉപസൈ
ന്യപാലകൻ കയറി ഇരുന്നു. തമ്പുരാൻ ജയലുടുപ്പു
കൾ ധരിച്ചിരുന്നതിന്നു പുറമെ താടിക്കെട്ടുള്ള ഒരു
തൊപ്പിയുമണിഞ്ഞിരുന്നു. ഉപസൈന്യപാലകനെ
പ്പോലെ ഭയങ്കരദൎശനനല്ലായിരുന്നു എങ്കിലും തമ്പു
രാന്റെയും മുഖാകൃതി മനസ്സിലാകാതിരിക്കത്തക്കവ
ണ്ണം തൊപ്പികൊണ്ടു മറയപ്പെട്ടിരുന്നു. വാഹന
ങ്ങൾ അതിവേഗത്തിൽ ഓടിച്ചുതുടങ്ങി. അന്ത്യയാ
മാരംഭത്തിന്നല്പം മുമ്പുതന്നെ തിരുനാവായ പ്രദേ
ശത്തേയ്ക്കടുത്തു. വണ്ടി അപ്പോൾ എത്തിയ ദിക്കിൽ
നിന്നു ഭാരതപ്പുഴയുടെ തീരത്തെയ്ക്കു അരനാഴിക ദൂര
മെ ഉള്ളു. തമ്പുരാൻ പെട്ടെന്നു (ഉപസൈന്യപാല
കനോടു") "വണ്ടി നിൽക്കട്ടെ. നമ്മളിപ്പോൾ എ
വിടെ എത്തി?"

ഉപ:—തിരുനാവായിൽ എത്താറായി.

തമ്പു:—വണ്ടി നിന്നില്ല. ക്ഷണം നിൽക്കട്ടെ-
ഒന്നു പറവാനുണ്ടു്.

ഉപ:—വണ്ടി നടക്കുമ്പോൾ പറയരുതേ?

തമ്പു:—അങ്ങോട്ടെത്തീട്ടു പറയേണ്ട കാൎയ്യമല്ല-
നമ്പിടിയും വരണം.

ഉപസൈന്യപാലകൻ വണ്ടി നിൎത്തുവാൻ ആ
ജ്ഞ കൊടുത്തു. നമ്പിടിയെ വരുത്തി.

നമ്പി:—വണ്ടി നിൎത്തിയതെന്തിനു്?

തമ്പു:—പെരുമാളിരിക്കുന്ന സ്ഥലം പറഞ്ഞു
തരാം.

നമ്പി:—എന്താ, കാണിച്ചുതരുന്നില്ലേ?

തമ്പു:—ഇപ്പോൾ അങ്ങിനെയല്ല തോന്നുന്നതു്.

നമ്പി:—പെരുമാളിരിക്കുന്ന സ്ഥലം ഞങ്ങൾ അവിടെനിന്നു ചോദിച്ചില്ലേ? വളരെ തടസ്ഥങ്ങളല്ലേ അപ്പോൾ പറഞ്ഞതു്? ഇപ്പോളെന്താ വിശേഷം?

തമ്പു:—ഞാൻ ഇതുവരെ എൻെറ ഈ യാത്രയെക്കുറിച്ചു തന്നെ ആലോചിക്കുകയായിരുന്നു. ആയാളെ ഈ സ്ഥിതിയിൽ കാണ്മാൻ എനിക്കല്പം സങ്കോചമുണ്ടു്.

നമ്പി:—പെരുമാളിരിക്കുന്ന സ്ഥലംവരെ പോകാതെ കഴിയില്ല.

തമ്പു:—നിങ്ങൾക്കു തന്നെ പോകരുതേ?

നമ്പി:—ഞങ്ങളെ അങ്ങോട്ടയച്ചിട്ടു് എന്താ ഭാവം?

തമ്പു:—എന്തു ഭാവിക്കാനാണു്? നിങ്ങൾ ഭടന്മാരെ ഇവിടെ നിർത്തീട്ടല്ലേ പോകുന്നതു്? മടി മറെറാന്നുമല്ല. കാര്യം തുറന്നുപറയാം. തടവിൽനിന്നു ഞാൻ രക്ഷപ്പെടുത്തിയപ്പോൾ ഒരു സ്ഥലം പറഞ്ഞുകൊടുത്തു് അവിടെ എന്നെ കാത്തിരിക്കണം എന്നുപദേശിച്ചിട്ടുണ്ടായിരുന്നു. അങ്ങോട്ടു ഞാൻ ചെല്ലുന്നതു് ഇങ്ങിനെയാവുമെന്നു് ആയാൾ വിചാരിച്ചിട്ടുണ്ടാവില്ല. ആയാളുടെ പരിഭ്രമവും ഭയവും മററും കണ്ടുനില്ലാൻ എന്നെക്കൊണ്ടാവില്ല. ഞാനും എന്നെ സംബന്ധിക്കുന്നവരും ഇവിടെത്തന്നെ താമസിക്കാം. ഭടന്മാരൊക്കെ കാവലിനുണ്ടല്ലോ. ഉപസൈന്യപാലകനും ഉണ്ടായിരിക്കും. നമ്പിടി മടങ്ങി വന്നിട്ടു പോയ കാര്യത്തിൻെറ പരിണാമം പോലെ ഞങ്ങൾക്കു രക്ഷയോ ശിക്ഷയോ തരാൻ

സാധിക്കില്ലേ? പെരുമാളെ കിട്ടിയാൽ പോരേ? എന്നെ സാക്ഷി നിൎത്തി പിടിക്കേണമെന്നില്ലല്ലോ?

നമ്പിടിക്കും ഉപസൈന്യനായകനും തമ്പുരാൻെറ ഇടക്കിടയ്ക്കുള്ള പ്രകൃതമാററങ്ങൾ കണ്ടു കഠിനമായ കോപമുണ്ടായി. തമ്പുരാനേയും ഭാൎയ്യ, ഭൎത്താവൻ ഇവരേയും അപ്പോൾതന്നെ വധിപ്പിക്കുവാനുള്ള ആഗ്രഹം ഉപസൈന്യപാലകനുണ്ടായി. ആയാളുടെ മുഖത്തു് ഉൽഭൂതങ്ങളാകുന്ന കോപഭാവങ്ങൾ ശ്മശ്രുനിരയെ ഭേദിച്ചു് ചന്ദ്രികയുടെ പ്രകാശത്തിൽ പ്രത്യക്ഷപ്പെട്ടു. തങ്ങളുടെ അധീനതയിൽ നിൽക്കുന്ന തമ്പുരാൻെറ, തങ്ങളോടുള്ള പെരുമാററം കീഴടക്കത്തോടുകൂടിയാകുന്നില്ലെന്നും അവർ കണ്ടു. തങ്ങളുടെ ശാസനകൾ അനുസരിപ്പാൻ ബാദ്ധ്യതയുള്ള തമ്പുരാൻെറ ഹിതങ്ങളെ അപ്പോൾ അനുവൎത്തിക്കേണ്ടതായിട്ടാണു് സംഗതികൾ വന്നുചേൎന്നതു്. തങ്ങൾ തമ്പുരാനുമായി ചെയ്തിട്ടുള്ള ക്രൂരമായ കരാറിനെ ഭയപ്പെട്ടു തമ്പുരാൻ അവസാനം പെരുമാളിരിക്കുന്ന സ്ഥലം പറഞ്ഞുകൊടുക്കുമെന്നു നമ്പിടി നിശ്ചയിച്ചിട്ടുണ്ടു്. തമ്പുരാൻ പുറപ്പെടുന്നതിനുമുമ്പു പറഞ്ഞ ന്യായങ്ങൾക്കും അപ്പോൾ പറയുന്നവയ്ക്കും തമ്മിൽ യുക്തിഭംഗമൊന്നും നമ്പിടി കണ്ടില്ല. പെരുമാളുടെ ഇരിപ്പു് തങ്ങളുടെ അധികാരസ്ഥലത്തിന്നുള്ളിലാകയാൽ, തന്നെ തടുപ്പാൻ പോരുന്ന ഒരു ജനസമൂഹം അവിടെ ഉണ്ടായിരിപ്പാനിടയില്ലെന്നും, രണ്ടു ഭടന്മാരോടുകൂടി താൻ അങ്ങോട്ടു പോകുന്നതായാൽ തമ്പുരാനേയും മററും കാത്തുനിൽക്കുന്ന ഭടന്മാരുടെ ബലം കുറഞ്ഞുപോകുന്നതല്ലെന്നും നിശ്ചയിച്ചു നമ്പിടി ചോദിച്ചു:—

നമ്പി:—എവിടെയാണം സ്ഥലം?

തമ്പു:— പുളിയമ്മാടിന്റെ വടക്കുവശം ചെരുവിൽ ഒരു ഗുഹയുണ്ട്. അതിന്നുള്ളിലാണ് ഒരു ഭൃത്യനോടുകൂടി പെരുമാറം പാക്കുന്നത്.

ഉപസൈന്യപാലകനോട് ചിലതെല്ലാം ഗൂഢമായി പറഞ്ഞു നമ്പിടി ക്ഷണത്തിൽ രണ്ടു ഭടന്മാരോടുകൂടി അവിടേക്കു പോയി. നമ്പിടി പോയി കാൽനാഴിക കഴിഞ്ഞപ്പോഴേയ്ക്കും, അതുവരെ വണ്ടികളുടെ പിന്നിൽ ഓടിയതിനാലും രാവു മുക്കാലും ഉറക്കമിളച്ചതിനാലും ക്ഷീണിച്ചിരുന്ന ഭടന്മാർ വിശ്രമത്തിന്നിടകിട്ടിയപ്പോറം വണ്ടികളുടെ സമീപത്തായി നിരത്തിന്നരികിൽത്തന്നെ ഇരുന്നും കിടന്നും നിദ്രയെ സേവിപ്പാൻ തുടങ്ങി. അല്പനേരം കഴിഞ്ഞപ്പോറം ഉപസൈന്യനായകന്റെ ഉച്ചത്തിലുള്ള ആജ്ഞാനുസാരത്താൽ ഭടന്മാർ പെട്ടെന്നു് നിദ്രയിൽ നിന്നുണന്നു് പരിഭ്രമിച്ചു് എഴുന്നേററു നിന്നു.

ഉപ:—ആ വിഡ്ഢനിപ്പോറം നല്ല ഉറക്കമാണ്. ഉണന്നാൽ എന്തു ചെയ്യുമെന്നു നിശ്ചയിച്ചുകൂട. നമ്പിടിയും പോയി. ഉണരുന്നതിന്നു് മുമ്പു് വണ്ടിയോടുകൂടി വരിഞ്ഞിടണം. ഓടിപ്പോകാതിരിക്കട്ടെ.

ഭടന്മാർ ഉപസൈന്യനായകന്റെ കല്പന നടത്തുവാൻ തുടങ്ങി.

ഉപ:—ഇളക്കംപോലും ഇല്ല, അല്ലെ? കുറെ ഉറക്കം ആയാറംക്കു് ബാക്കിയുണ്ടു്.

കമലാവതിയും ഭാസ്കരനും ഇതെല്ലാം കാണുകയും കേറംക്കുകയും ചെയ്തു. തന്റെ ജീവനായകന്റെ തന്ത്രങ്ങളെ വിഫലങ്ങളാക്കുവാൻ മനുഷ്യനെക്കൊ

ണ്ടു് സാധിക്കില്ലെന്നു് കമലാവതിക്കറിവുണ്ടു്. രക്ഷാമാർഗ്ഗങ്ങൾ ഇന്നിന്നവയാണെന്നു് തന്നോടു് തടവിൽനിന്നു് ഉപദേശിച്ചിട്ടുണ്ടായിരുന്നില്ല. അദ്ദേഹം അന്നു് കണ്ടിട്ടുണ്ടായിരുന്ന എല്ലാം മാർഗ്ഗങ്ങളും അടഞ്ഞുപോയിട്ടുണ്ടായിരിക്കാമെന്നു് കമലാവതിക്കിപ്പോൾ തോന്നി. ബന്ധനത്തിൽപ്പെട്ടു കഴിഞ്ഞതിനാൽ അതിൽനിന്നുള്ള മുക്തി മേലിൽ അസാദ്ധ്യമെന്നുതന്നെ അവൾ നിശ്ചയിച്ചു. ജീവിതോദ്ദേശ്യം ദീനരക്ഷണമെന്നു കല്പിച്ചിട്ടുള്ള ആ പുരുഷസിംഹത്തിനെ അപ്രകാരമുള്ള ബന്ധനസ്ഥിതിയിൽ പെടുത്തിയ അക്രമികളുടെ നിഷ്ഠുരതയേയും പ്രാണവല്ലഭൻെറ യശഃപതാകാഭംഗത്തിന്നു സംഗതിയാക്കിയ ദുരദൃഷ്ടത്തെയും വിചാരിച്ചു വിചാരിച്ചു കമലാവതി നിശ്ചൈതന്യയായിപ്പോയി. മൌനത്തോടുകൂടി അധോമുഖനായിരിക്കുന്ന ഭാസ്കരൻെറ കണ്ണുകളിൽനിന്നു് നിർഗ്ഗളമായി അശ്രുശ്രേണ ഗളിച്ചിരുന്നതു്, ആയാളുടെ പശ്ചാത്താപപരമ്പരയായിരിക്കണമെന്നല്ലാതെ എന്തു പറയട്ടെ!

ഉപ:— (കമലാവതിയേയും ഭാസ്കരനേയും ഉദ്ദേശിച്ചു) ഞാൻ ഇവരെ വധസ്ഥലത്തേക്കു് കൊണ്ടുപോകാം. ഇവിടെ നിർത്തിയാൽ ആപത്തുണ്ടു്. ഈയാളുടെ ചില ഭടന്മാർ പ്രച്ഛന്നവേഷന്മാരായി നടക്കുന്നുണ്ടു്. പെരുമാളെ നമ്പിടി കാണുമെന്നൊന്നും ഞാൻ വിശ്വസിക്കുന്നില്ല. ഇവരെ ആദ്യം കൊണ്ടുപോകട്ടെ. നമ്പിടി വന്നാൽ ഇയ്യാളെക്കൂടി അവിടേക്കു കൊണ്ടുവരണം. പെരുമാളെ കാണുന്നപക്ഷം ഇവർ മൂന്നുപേരേയും വിട്ടുകൊടുക്കാം. ഇല്ലാ

ത്തു പക്ഷം നിശ്ചയപ്രകാരമെല്ലാം പ്രവൎത്തിക്കുകയും ചെയ്യാമല്ലോ. നിങ്ങളിൽ രണ്ടുപേർ കൂടെ വരണം.

ഇങ്ങനെ പറഞ്ഞു് കമലാവതിയോടും ഭാസ്കരനോടും വണ്ടിയിൽ നിന്നിറങ്ങുവാൻ ആവശ്യപ്പെട്ടു.

ഭാസ്ക:—ആവിടത്തോടുകൂടി ഞങ്ങൾ എങ്ങോട്ടും പോരുന്നതിനൊരുക്കമാണു്. തമ്പുരാനില്ലാതെ ഞങ്ങൾ പോരുന്നതെന്തിനു്?

ഉപ:—എൻെറ പ്രവൃത്തികളുടെ ന്യായാന്യായങ്ങൾ കുററക്കാരെ പറഞ്ഞു സമ്മതിപ്പിക്കേണ്ട ആവശ്യം എനിക്കില്ല. കല്പന അനുസരിക്കുന്നില്ലെങ്കിൽ ഭടന്മാരെ സഹായത്തിനു വിളിക്കും.

നിൎദ്ദയന്മാരായ ഭടന്മാർ തന്നെ ഭൎത്തൃസന്നിധിയിൽവെച്ചു് ഭേദ്യങ്ങൾ ചെയ്യുന്നതു് പ്രതിജ്ഞാപാശത്താൽ ബദ്ധനായ ഭീമനെപ്പോലെ കണ്ടുനില്പാനുള്ള സഹനശക്തി അദ്ദേഹത്തിനുണ്ടാവില്ലെന്നാലോചിച്ചു് അപ്രകാരമുള്ള അപനയങ്ങൾ അവരെക്കൊണ്ടു് പ്രവൎത്തിപ്പിച്ചുകൂടെന്നു കമലാവതി നിശ്ചയിച്ചു. ഉപസൈന്യപാലകൻെറ ആജ്ഞയെ അവർ ക്ഷണത്തിൽ അനുസരിച്ചു.

മുന്നിലും പിന്നിലും ഓരോ ഭടന്മാരെ നിൎത്തിശേഷം ഭടന്മാരോടു് അവിടെ ജാഗ്രതയോടെ കാത്തുനില്പാനാജ്ഞാപിച്ചു. ഉപസൈന്യനായകൻ അവരെ വനമാൎഗ്ഗത്തിലൂടേ കൊണ്ടുപോയി. അല്പദൂരം നടന്നു് ഭാരതപ്പുഴയുടെ തീരത്തെത്തിയപ്പോൾ, അവിടെനിന്നു് രണ്ടു മൂന്നുപേർ വന്നു് പെട്ടെന്നു് രണ്ടു ഭടന്മാരേയും തട്ടി വീഴ്ത്തി, അവരുടെ കരചരണങ്ങൾ ബന്ധിച്ചു. ഇവരാരായിരിക്കും? കമലാവതിയും ഭാസ്കരനും ആലോചിച്ചു പരിഭ്രമിച്ചു നിൽക്കുമ്പോൾ,

ഉപസൈന്യാധിപൻ, "പിള്ള കണക്കിനെത്തി" എന്നു പറഞ്ഞ് കൃത്രിമത്താടി അഴിച്ചെടുത്തു.

തമ്പു:—ഇത് ആ പ്രമത്തൻ നമ്പൂരിക്ക് മടക്കി കൊടുപ്പാൻ ഈ ഭടന്മാരെ ഏല്പിച്ചു കൊടുക്കണം. എന്റെ തൊപ്പി ആയാളുടെ തലയിലുണ്ട്. അത് ആയാൾക്കിരിക്കട്ടെ!

ഉപസൈന്യനായകന്റെ നിലയിൽ തങ്ങളോട ആജ്ഞാക്ഷരങ്ങൾ പുറപ്പെടുവിച്ചതു തമ്പുരാനാണെന്നു പ്രത്യക്ഷപ്പെട്ടപ്പോൾ കമലാവതിക്കും ഭാസ്കരനാമുണ്ടായ ആശ്ചര്യവും സന്തോഷവും എങ്ങിനെ വർണ്ണിക്കാം!

കമലാ:—ഞങ്ങൾ വല്ലാതെ വ്യസനിച്ചു. വരിഞ്ഞുകെട്ടാൻ പറയുമ്പോൾ ദയ കണികാണ്മാൻകൂടി ഇല്ലെന്നു ഞാൻ വിചാരിച്ചു.

തമ്പു:—എനിക്കു പ്രേമം ഇല്ലെന്നു ഭാസ്കരൻ തീൎച്ചപ്പെടുത്തീട്ടുണ്ടു. ഇപ്പോൾ ദയയും ഇല്ലെന്നായി.

പിള്ള:—ഇനി എന്തൊക്കെയാണ് ഇവിടുന്നു കാണിച്ചത് എന്നറിയണം.

തമ്പു:—ചാലിയത്തുനിന്നു സൈന്യങ്ങളെ വരുത്തിയതും പ്രമത്തൻനമ്പൂതിരിക്കു വേഷം മാറാൻ തോന്നിയതും എനിക്കനുകൂലങ്ങളായ സംഗതികളായി. പെരുമാളെ പിടിപ്പാനാണ് പോകുന്നതു് എന്നുള്ള ശബ്ദം അവിടെ ഉണ്ടാക്കാൻ പാടില്ല. ആ വിവരം അവിടെയുള്ള ഭടന്മാരും അറിവാൻ പാടില്ല. അതുകൊണ്ടു് എന്നെ വധസ്ഥലത്തേയ്ക്കു് കൊണ്ടുപോകുന്നു എന്നു് അവിടെയുള്ളവരെ മനസ്സിലാക്കി. അവിടം വിട്ടതിന്നുശേഷം കൂടെപ്പോന്നു ഭട

ന്മാരോട്ട് പെരുമാളെ പിടിപ്പാൻ പോകുന്നതാണെന്നും പറഞ്ഞു മനസ്സിലാക്കി.

തമ്പി.—നമ്പൂതിരി എന്തിന്നു വേഷം മാറി?

തമ്പു:—അതു കുറെ നേരംപോക്കിന്നു വകയുള്ളതാണ്. വധസ്ഥലത്തേയ്ക്കു സർവ്വാധികാരിതന്നെ പോകേണ്ടുന്ന ആവശ്യമില്ല. സ്വന്തം വേഷത്തിൽ പുറപ്പെട്ടാൽ കീഴുദ്യോഗസ്ഥന്മാക്കും മററും വല്ല ശങ്കയും ജനിച്ചേയ്ക്കും എന്നു നമ്പൂതിരി ആലോചിച്ചു. നമ്പിടി ആൾ സമത്ഥനാണു്; പക്ഷെ നമ്പൂതിരിക്കു, ആയാൾ മാത്രമായാൽ പോരെന്നുണ്ടായിരുന്നു. എന്നോടുകൂടിയുള്ള ആയാളുടെ യാത്ര ഞാനും മനസ്സിലാക്കരുതെന്നു് ആയാൾ ചില പോരുകളാലോചിച്ചു.

പിള്ള:—എന്നിട്ടു നമ്പൂതിരി വേഷം മാറി എന്നോ?

തമ്പു:—പിള്ളയ്ക്കെന്താ ഇതിലാശ്ചര്യം? നമ്മുടെ ഭാസ്കരനുകൂടി ആ വിദ്യ വശമല്ലേ?

പണ്ടാല:—നമ്പൂതിരിയുടെ വേഷമെങ്ങിനെ?

തമ്പു:—പുറപ്പെട്ടപ്പോൾ ഞാനിവിടെ എത്തിയ വേഷത്തിലാണ്; ഇപ്പോൾ അതല്ല.

തമ്പി:—കാൎയ്യം മനസ്സിലായില്ല.

തമ്പു:—വണ്ടിയിൽ വെച്ചു ഞങ്ങൾ തമ്മിൽ ഒരു വേഷമാററമുണ്ടായി. നമ്പിടിയെ പെരുമാളെ പിടിപ്പാൻ പറഞ്ഞയച്ചു. കാവൽക്കാർ ഉറക്കം തുടങ്ങി. അതാണ് എൻെറ അവസരം എന്നു് ഞാനും കണ്ടു. ഞങ്ങളുടെ ദേഹത്തിൻെറ ദൈർഘ്യം, സ്ഥൌല്യം എന്നിവയിൽ പ്രകൃതിതന്നെ സൃഷ്ടി

യിൽ ഒരുകേശസാമ്യം സംഘടിപ്പിച്ചിട്ടുണ്ട്. ഞാൻ ചെറുപ്പകാലങ്ങളിൽ ശീലിച്ചിട്ടുള്ള മന്ത്രവിദ്യ മറന്നുപോയിട്ടുണ്ടോ എന്നൊന്നു പരീക്ഷിച്ചു. ഇടികൊണ്ട പാടേ ആയാൾ വണ്ടിക്കകത്തു വീണു. എന്റെ ജയിലുടുപ്പും തൊപ്പിയും നമ്പൂരിയെ ധരിപ്പിച്ച് ആയാൾ കെട്ടിയിരുന്ന ഉപസൈന്യനായകന്റെ വേഷം ഞാനെടുത്തു. ഉപസൈന്യനായകൻ എന്നു പറഞ്ഞു വണ്ടിയിൽ എന്നോടൊപ്പം കയറിയിരുന്നപ്പോൾതന്നെ പ്രമത്തൻനമ്പൂരി വലിയ താടി വെച്ചുകെട്ടി പുറപ്പെട്ടിരിക്കയാണെന്നെനിക്കു മനസ്സിലായി.

പിള്ള;—നമ്പൂതിരിയെ ഒടുവിലെന്തു ചെയ്തു?

തമ്പു:—എന്റെ ഇടികൊണ്ടതുതന്നെ ആയാൾ ഇളകാതെ എത്ര നേരമെങ്കിലും കിടക്കും. എന്നാൽ നമ്പിടി വരുമ്പോൾ അയാൾക്കൊരു നേരമ്പോക്കിന്നു, ഞാൻ വരിഞ്ഞുകെട്ടിയിടിച്ചിട്ടുണ്ട്.

ഇങ്ങിനെ സംസാരിച്ചുകൊണ്ട്, ഭാരതപ്പുഴ കടന്നു പിള്ള മുതലായവർ തമ്പുരാനും മററും യാത്രക്കു വേണ്ടി തെയ്യാറാക്കിയിരുന്ന വാഹനങ്ങളുടെ സമീപത്തെത്തി.

തമ്പു:— (ഭാസ്കരനോട്) താൻ രുഗ്മിണിയെ പെട്ടെന്ന് കണ്ടാൽ തലചുററി വീഴുമോ? വീഴുമെങ്കിൽ കാലേ പറയണം. രുഗ്മിണി ആ വാഹനങ്ങളിലൊന്നിലുണ്ട്.

കമ:—ഇവർ മേനാവുതന്നെയാണ് തെയ്യാറാക്കിയിരിക്കുന്നത്. നമ്പിടിയും എന്നോടു, പല്ലക്കിൽ തന്നെ അയച്ചുതരണമെന്നാണ് പറഞ്ഞിട്ടുണ്ടായിരുന്നത്.

പിള്ള മുതലായവരോട്ട് ഇങ്ങിനെയുള്ള ഒരുക്കങ്ങൾ ചെയ്യാനാണ് കമലാവതി മുഖാന്തരം തടവിൽനിന്നു തമ്പുരാൻ അറിയിച്ചിട്ടുണ്ടായിരുന്നത് എന്ന് വായനക്കാർ ഊഹിക്കുമല്ലോ.

തമ്പു:—നമ്മൾക്കിനി ക്ഷണത്തിൽ തിരുവനന്തപുരത്തെത്തിച്ചേരുക. വന്ന കാര്യമെല്ലാം വെടിപ്പായി സാധിച്ചു. ഒരു മോഹവും കൂടി ഉണ്ടായിരുന്നു. വണ്ടിയിൽ ഞാനല്ല എന്നറിയുമ്പോൾ, നമ്പിടിക്കുണ്ടാകുന്ന വികാരം ഒന്ന് കണ്ടു രസിപ്പാൻ കഴിഞ്ഞില്ല. നിങ്ങളാരുമില്ലെങ്കിൽ അതുംകൂടി ഞാൻ കഴിക്കുമായിരുന്നു.

HIGH SCHOOL ERNAKULAM.

GODHAVARMMA.

# പുതിയ പ്രസിദ്ധീകരണങ്ങൾ.

## ചന്ദ്രലേഖ അഥവാ ഇന്ദുലേഖ 2-ാം ഭാഗം

(ചന്തുമേനോന്റെ ഭാഷയും ഫലിതവും കല്പനാശക്തിയും തന്നെ തിളങ്ങിവിളങ്ങുന്ന ഒരു രസികൻ നോവൽ.) ഗ്രന്ഥകർത്താവ്: വി. കെ. രാമൻമേനോൻ, ബി. എ., ബി. എൽ.

വില ക. 4—0—0

## ഇക്ബാലിന്റെ സാഹിത്യം

(അഗാധചിന്താശീലവും തത്വജ്ഞാനവും കവിതാപാടവവും നിമിത്തം വിശ്വവിഖ്യാതനായ സർ. ഇക്ബാലിന്റെ ജീവചരിത്രവും സാഹിത്യവുമടങ്ങിയ ഒരു വിശിഷ്ടപുസ്തകം.) ഗ്രന്ഥകർത്താവ്: ജനാബ് പാറയിൽ ഷംസുദീൻ.

വില ക. 1—0—0

## അന്തരീക്ഷത്തിലെ ധീരകൃത്യങ്ങൾ.

(ആകാശവിമാനപ്രസ്ഥാനത്തിന്റെ ഒരു വിശദമായ ചരിത്രം.) ഗ്രന്ഥകർത്താവ്: പണ്ഡിതർ കെ. ജെ. ചാക്കോരു.

വില ക. 1—8—0

## ഗോദവർമ്മാ. ഒന്നാം ഭാഗം

(കേരളചരിത്രാഖ്യായിക.) ഗ്രന്ഥകർത്താവ്: കെ. രാമൻ നമ്പ്യാർ.) വില ക. 1—0—0

ടി രണ്ടാം ഭാഗം വില ക. 1—8—0

ഇവ കൂടാതെ ഞങ്ങളുടെ പഴയ പല പുസ്തകങ്ങളുടെയും പുതിയ പതിപ്പുകളും വില്പനയ്ക്കു തയ്യാറുണ്ടു്.

മേൽവിലാസം:—

ഭാരതവിലാസം പ്രസ്സ് ആൻറ് ബുക്ക് ഡിപ്പോ,

തൃശ്ശിവപേരൂർ.